

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 92 ● ലക്കം 09 ● മാർച്ച് 2020

വേദപ്രചാര മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

നോമ്പുകാലസന്ദേശം (ഫ്രാൻസിസ് പാപ്പാ)........................................ 05
സർക്കുലർ (കെ.സി.ബി.സി.)........................................10
ഇടയലേഖനം........................................15
സർക്കുലർ (20 Ch. 232-309))........................................ 21
സർക്കുലർ (20 Ch. 233-310))........................................26
സർക്കുലർ (20 Ch. 234-311))........................................29
കച്ചേരിക്കാര്യം........................................32
മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ നവതിയാഘോഷം റിപ്പോർട്ട്........................................38
133-ാമത് അതിരൂപതാദിനാചരണം........................................41
SPECIAL COLLECTIONS - CHURCHES........................................ 43
സന്ദേശനിലയം........................................62
ചെറുപുഷ്പ മിഷൻലീഗ്........................................69
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ........................................ 72
ഫാമിലി അപ്പോസ്റ്റലേറ്റ്........................................ 75
യുവദീപ്തി........................................ 79
കെ.സി.എസ്.എൽ. ........................................ 80
എ.കെ.സി.സി. ........................................ 81
ചാസ്........................................83
ജീവകാരുണ്യനിധി ട്രസ്റ്റ്........................................ 94
കേരളാ ലേബർ മൂവ്മെന്റ്........................................95
പ്രവാസി അപ്പോസ്റ്റലേറ്റ് ........................................ 97
ആത്മതാകേന്ദ്രം ........................................98
ദീപിക ഫ്രണ്ട്സ് ക്ലബ്........................................99
ദലിത് കത്തോലിക്കാ മഹാജനസഭ ........................................100
ആവേമരിയ ........................................ 101
ഫ്രാൻസിസ്കൻ അല്മായസഭ........................................102
വിൻസെൻഷ്യൻ വേദി........................................104
ചാരിറ്റി വേൾഡ് ട്രസ്റ്റ്........................................106
കരിസ്മാറ്റിക് നവീകരണം........................................108
പൗരോഹിത്യ ആദ്ധ്യാത്മികത........................................ 111
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി........................................117
Engagements ........................................ 123

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3251/K-5/KCBC/OL/DS 4.2.2020

# 2020-ലെ നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് പാപ്പാ

*''ഞങ്ങൾ മിശിഹായെപ്രതി നിങ്ങളോട് അഭ്യർത്ഥിക്കുന്നു: നിങ്ങൾ ദൈവത്തോടു രമ്യപ്പെടുവിൻ'' (2 കോറി 5:20)*

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ മൂലക്കല്ലാണ് മിശിഹായുടെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹത്തായ രഹസ്യം. ആ രഹസ്യത്തെ പുതുക്കപ്പെട്ട ഹൃദയത്തോടെ ആചരിക്കാൻ നാം തയ്യാറാകണം. അതിന് ഈ വർഷം കർത്താവ് വീണ്ടും തക്കസമയം നല്കുന്നു. നമ്മൾ ആ രഹസ്യത്തിലേക്ക് മനസ്സുകൊണ്ടും ഹൃദയംകൊണ്ടും എപ്പോഴും തിരിച്ചുപോകണം. എന്തെന്നാൽ, അതിന്റെ ആധ്യാത്മികശക്തിയോട് നാം കാണിക്കുന്നതനുസരിച്ച് അത് നമ്മിലുള്ള വളർച്ച തുടർന്നുകൊണ്ടിരിക്കും. സ്വാതന്ത്ര്യത്തോടും ഔദാര്യത്തോടും കൂടെ പ്രത്യുത്തരിക്കുകയും ചെയ്യും.

### 1. പെസഹാരഹസ്യം: മാനസാന്തരത്തിന്റെ അടിസ്ഥാനം

ഈശോയുടെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സദ്വാർത്ത കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ നിന്നാണ് ക്രൈസ്തവസന്തോഷം ഒഴുകുന്നത്. ഈ കെരിഗ്മ സ്നേഹത്തിന്റെ രഹസ്യത്തെ സമാഹരിക്കുന്നു. അത് ''യഥാർത്ഥവും സത്യസന്ധവും വസ്തുനിഷ്ഠവുമാണ്. അതുകൊണ്ട് തുറവിയുടെ ബന്ധത്തിലേക്കും ഫലപ്രദമായ സംവാദത്തിലേക്കും അതു നമ്മെ ക്ഷണിക്കുന്നു'' (ക്രിസ്തു ജീവിക്കുന്നു 117). നമ്മുടെ ജീവിതം നമ്മുടേതാണെന്നും നമ്മുടെ ഇഷ്ടംപോലെ അതിനെ ഉപയോഗിക്കാമെന്നുമുള്ള നുണ ഈ സന്ദേശത്തിൽ വിശ്വസിക്കുന്ന ആരും തള്ളിക്കളയുന്നു. നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് ജീവൻ ഉണ്ടായത്. നമുക്ക് ജീവൻ സമൃദ്ധമായി നല്കാനുള്ള ആഗ്രഹത്തിൽ നിന്നു തന്നെ (cf യോഹ 10:10).''നുണകളുടെ പിതാവിന്റെ'' (യോഹ 8:44) പ്രലോഭിപ്പിക്കുന്ന ശബ്ദം നാം ശ്രവിച്ചാൽ യുക്തിയില്ലായ്മയുടെ അഗാധതയിലേക്ക് മുങ്ങിത്താഴുകയും

ഈ ഭൂമിയിൽത്തന്നെ നരകം അനുഭവിക്കുകയും ചെയ്യുകയെന്ന സാധ്യതയുണ്ടാകും. വ്യക്തിപരവും സാമൂഹികവുമായ മാനുഷികാനുഭവത്തിലെ ദുരന്തപരമായ അനേകം സംഭവങ്ങൾ അതിന് ഖേദകരമായി സാക്ഷ്യം വഹിക്കുന്നു.

രണ്ടായിരത്തി ഇരുപതിലെ ഈ നോമ്പുകാലത്ത്, ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലികാഹ്വാനത്തിൽ യുവജനങ്ങൾക്കായി ഞാൻ എഴുതിയത് ഓരോ ക്രൈസ്തവനോടും കൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു: ''ക്രൂശിതനായ മിശിഹായുടെ വിരിക്കപ്പെട്ട കൈകളിൽ നിങ്ങളുടെ കണ്ണുകൾ ഉറപ്പിച്ചു പിടിക്കുക. നിങ്ങൾ വീണ്ടും വീണ്ടും രക്ഷിക്കപ്പെടട്ടെ. നിങ്ങൾ പാപങ്ങൾ ഏറ്റു പറയാൻ പോകുമ്പോൾ നിങ്ങളെ കുറ്റത്തിൽ നിന്നു സ്വതന്ത്രമാക്കുന്ന അവിടത്തെ കാരുണ്യത്തിൽ ഉറച്ചു വിശ്വസിക്കുക. വലിയ സ്നേഹത്തോടെ ചൊരിയപ്പെട്ട അവിടത്തെ രക്തത്തെപ്പറ്റി ധ്യാനിക്കുക. നിങ്ങൾ അതുവഴി ശുദ്ധീകരിക്കപ്പെടാൻ അനുവദിക്കുക. ഇങ്ങനെ നിങ്ങൾക്കു എന്നേക്കും പുതുതായി ജനിക്കാൻ കഴിയും'' (നമ്പർ 123). ഈശോയുടെ പെസഹാ ഒരു കഴിഞ്ഞകാല സംഭവമല്ല. പിന്നെയോ, സഹിക്കുന്നവരിൽ മിശിഹായുടെ ശരീരത്തെ വിശ്വാസത്തോടെ കാണാനും തൊടാനും നമ്മെ സഹായിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തി വഴി അത് എന്നും സന്നിഹിതമാണ്.

## 2. മാനസാന്തരത്തിന്റെ അടിയന്തിരാവശ്യം

പെസഹാ രഹസ്യത്തെ കൂടുതൽ ആഴത്തിൽ ധ്യാനിക്കുക നല്ലതാണ്. ആ രഹസ്യത്തിലൂടെയാണ് ദൈവത്തിന്റെ കരുണ നമ്മുടെമേൽ ചൊരിയപ്പെട്ടത്. യഥാർത്ഥത്തിൽ ''എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി സ്വയം നല്കുകയും ചെയ്ത'' (ഗലാ 2:20) ക്രൂശിതനും ഉത്ഥിതനുമായ കർത്താവുമായി ''മുഖത്തോടു മുഖം'' പുലർത്തുന്ന ബന്ധത്തിൽ - സുഹൃത്തുക്കൾ തമ്മിലുള്ള ഹൃദയപൂർവകമായ സംവാദത്തിൽ - മാത്രമേ കാരുണ്യത്തിന്റെ അനുഭവം സാധ്യമാകുകയുള്ളൂ. അതുകൊണ്ടാണ് നോമ്പുകാലത്ത് പ്രാർത്ഥന ഏറെ പ്രാധാന്യമുള്ളതായിരിക്കുന്നത്. പ്രാർത്ഥന ഒരു കടമയെന്നതിനെക്കാൾ കൂടുതലായി ദൈവത്തിന്റെ സ്നേഹത്തോട് പ്രത്യുത്തരിക്കാനുള്ള നമ്മുടെ ആവശ്യത്തിന്റെ പ്രകാശനമാണ്. ആ സ്നേഹം എപ്പോഴും നമുക്കു മുമ്പേ പോകുന്നതും നമ്മെ നിലനിറുത്തുന്നതുമാണ്. നമ്മൾ അയോഗ്യരാണെങ്കിലും നമ്മൾ സ്നേഹിക്കപ്പെടുന്നു എന്ന് അറിഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയ്ക്ക് വിവിധങ്ങളായ എത്ര

മാത്രം രൂപങ്ങളുമുണ്ടാകാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രാധാന്യമർഹിക്കുന്നത് ഇതാണ്: അത് നമ്മുടെ ഹൃദയത്തിന്റെ ആഴത്തിലേക്ക് തുളച്ചുകയറുന്നു. എന്നേക്കും കൂടുതൽ പൂർണ തയോടെ ദൈവത്തിലേക്കും അവിടത്തെ ഇഷ്ടത്തിലേക്കും തിരി യാൻവേണ്ടി നമ്മുടെ ഹൃദയകാഠിന്യത്തെ ചീകിക്കളയുന്നു.

അതുകൊണ്ട് മരുഭൂമിയിലേക്കു ഇസ്രായേൽ നയിക്കപ്പെട്ടതു പോലെ (cf ഹോസി 2:14) നയിക്കപ്പെടാൻ അനുകൂലമായ ഈ കാലഘട്ടത്തിൽ നമുക്കു നമ്മെത്തന്നെ അനുവദിക്കാം. നമ്മുടെ ദിവ്യമണവാളന്റെ ശബ്ദം കേൾക്കുകയെങ്കിലും ചെയ്യാനും നമ്മിൽ കൂടുതൽ ആഴത്തിൽ അത് പ്രതിധ്വനിക്കാനും അനുവദിക്കാം. നാം എത്ര പൂർണമായി ഈ വചനത്തിൽ നിലനില്ക്കുമോ അത്ര കൂടു തലായി അവിടന്നു നമുക്കു ദാനമായി നല്കുന്ന കാരുണ്യം നാം അനുഭവിക്കും. അവിടത്തെ അടുക്കലേക്കുള്ള നമ്മുടെ തിരിച്ചുപോ ക്കിന്റെ കാലങ്ങളും മാർഗങ്ങളും നമുക്കു നിയന്ത്രിക്കാൻ കഴിയു മെന്ന വിഡ്ഢിത്തപരമായ മിഥ്യാബോധം വഴി കൃപാവരത്തിന്റെ ഈ സമയം വെറുതേ കടന്നുപോകാൻ അനുവദിക്കാതിരിക്കാം.

### 3. തന്റെ മക്കളോടു സംവദിക്കാനുള്ള ദൈവത്തിന്റെ തീവ്രമായ ആഗ്രഹം

ദൈവം നമുക്കു മാനസാന്തരത്തിനുള്ള സമുചിതമായ ഒരു സമയം വീണ്ടും തരുന്നു. അതു തനിയേ സംഭവിച്ചുകൊള്ളുമെന്നു കരുതരുത്. ഈ പുതിയ അവസരം കൃതജ്ഞതയുടെ ബോധം നമ്മിൽ ഉണർത്തണം; നമ്മുടെ അലസതയിൽ നിന്നു നമ്മെ ഇള ക്കിവിടണം. നമ്മുടെയും സഭയുടെയും ലോകത്തിന്റെയും ജീവിത ത്തിൽ ചിലപ്പോൾ തിന്മയുടെ ദുരന്തപരമായ സാന്നിധ്യം ഉണ്ടാകും. എന്നാലും നമ്മുടെ ജീവിതഗതി മാറ്റാനുള്ളതാണ് ഈ സന്ദർഭം. അത് നമ്മളുമായുള്ള അവിടത്തെ രക്ഷയുടെ സംവാദം തടയാതി രിക്കാനുള്ള അചഞ്ചലമായ ദൈവേഷ്ടത്തെ അത് പ്രകാശിപ്പിക്കു ന്നു. പാപം അറിയാത്തവനും എന്നാൽ നമുക്കുവേണ്ടി പാപമാക്ക പ്പെട്ടവനുമായ (cf. 2 കോറി 5:21) ക്രൂശിതനുമായ ഈശോയിൽ തന്റെ പുത്രനിൽ നമ്മുടെ പാപങ്ങളുടെ ഭാരം ചുമത്താൻ രക്ഷാക രമായ ഈ ഇഷ്ടം പിതാവിനെ പ്രേരിപ്പിച്ചു. അങ്ങനെ, ബനഡിക്ട് 16-ാമന്റെ വാക്കുകളിൽ പറഞ്ഞാൽ, ''ദൈവം തനിക്കെതിരായി തന്നെത്തന്നെ തിരിച്ചു'' (ദൈവം സ്നേഹമാകുന്നു 12). കാരണം ദൈവം തന്റെ ശത്രുക്കളെ സ്നേഹിക്കുന്നു (cf.മത്താ 5:43-48).

ദൈവം തന്റെ പുത്രന്റെ പെസഹാരഹസ്യം വഴി നമ്മിൽ ഓരോ

രുത്തരുമായി നടത്താൻ ഉദ്ദേശിക്കുന്ന സംവാദത്തിന് പൊള്ളയായ സംസാരവുമായി യാതൊരു ബന്ധവുമില്ല. അത്തരം സംസാരം ആഥൻസിലെ ജനതയ്ക്ക് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവർ ''പുതുതായി എന്തെങ്കിലും പറയാനും കേൾക്കാനുമായിട്ടല്ലാതെ മറ്റൊന്നിനും വേണ്ടി സമയം ചെലവഴിച്ചില്ല'' (അപ്പ.17:21). ശൂന്യവും ഉപരിപ്ളവവുമായ ജിജ്ഞാസയാൽ നിശ്ചയിക്കപ്പെടുന്ന അത്തരം സംഭാഷണം ഒരോ യുഗത്തിന്റെയും ലൗകായതികത്വത്തിന്റെ സ്വഭാവമാണ്. നമ്മുടെ കാലത്തും മാധ്യമങ്ങളുടെ ദുരുപയോഗത്തിന് അതു കാരണമാകും.

## 4. സമ്പന്നത പങ്കുവയ്ക്കാനുള്ളതാണ്, സ്വന്തമായി സൂക്ഷിക്കാനുള്ളതല്ല

പെസഹാരഹസ്യത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കുകയെന്നതിന്റെ അർത്ഥം ഇതാണ്: യുദ്ധങ്ങളുടെ നിരപരാധികളായ അനേകം ഇരകളിലും ജീവന്റെ മേലുള്ള ആക്രമണങ്ങളിലും സന്നിഹിതമായിരിക്കുന്ന ക്രൂശിതനായ മിശിഹായുടെ മുറിവുകളെക്കുറിച്ച് സഹതാപം തോന്നുക. ജനിക്കാനിരിക്കുന്നവർ മുതൽ വാർദ്ധക്യത്തിലെത്തിയ വ്യക്തികൾക്കെതിരേ വരെ അത്തരം ആക്രമണങ്ങളുണ്ട്. അക്രമത്തിന്റെ വിവിധരൂപങ്ങളുമുണ്ട്. പരിസ്ഥിതിപരമായ അപകടങ്ങളിലും ഭൂമിയുടെ വസ്തുക്കളുടെ തുല്യമല്ലാത്തരീതിയിലുള്ള വിതരണത്തിലും എല്ലാ രൂപങ്ങളിലുമുള്ള മനുഷ്യക്കടത്തുകളിലും വിഗ്രഹാരാധനയുടെ ഒരു രൂപമായിരിക്കുന്ന ലാഭത്തിനുവേണ്ടിയുള്ള അനിയന്ത്രിതമായ ദാഹത്തിലും അവയുണ്ട്.

സന്മനസ്സുള്ള സ്ത്രീപുരുഷന്മാരോട്, ഏറ്റവും ആവശ്യത്തിൽപ്പെട്ടവർക്ക് തങ്ങളുടെ വസ്തുക്കൾ ദാനധർമ്മം വഴി പങ്കുവയ്ക്കാൻ അഭ്യർത്ഥിക്കുകയെന്നത് ഇന്നും ഒരാവശ്യമാണ്. കൂടുതൽ നല്ല ലോകത്തെ പടുത്തുയർത്തുന്നതിന് വ്യക്തിപരമായി പങ്കുചേരാനുള്ള മാർഗ്ഗമാണത്. പരസ്നേഹപരമായ ദാനം നമ്മെ കൂടുതൽ മനുഷ്യത്വമുള്ളവരാക്കുന്നു. അതേ സമയം അപകടസാധ്യതകളെ വർദ്ധിപ്പിക്കുന്നത് നമ്മെ മനുഷ്യത്വമുള്ളവരാക്കുന്നു. നമ്മുടെ സ്വാർത്ഥതയിൽ നാം തടങ്കലിലാക്കപ്പെടുന്നു. നമുക്ക് മുമ്പോട്ടു പോകാൻ കഴിയും, മുമ്പോട്ടു പോകുകയും വേണം. നമ്മുടെ സാമ്പത്തിക ജീവിതത്തിന്റെ ഘടനപരമായ വശങ്ങൾ പരിഗണിക്കുകയും വേണം. ഇക്കാരണത്താൽ നോമ്പുകാലത്തിന്റെ മധ്യത്തിൽ മാർച്ച് 26 മുതൽ 28 വരെ അസീസിയിൽ ഒരു സമ്മേളനം

നടത്താൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. യുവധന തത്ത്വശാസ്ത്രജ്ഞർ, സംരംഭകർ, മാറ്റം കൊണ്ടുവരുന്നവർ എന്നിവരുടെ സമ്മേളനമാണത്. കൂടുതൽ നീതിപൂർവ്വകവും എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതുമായ സാമ്പത്തിക വ്യവസ്ഥ രൂപപ്പെടുത്തുകയെന്നതാണ് അതിന്റെ ലക്ഷ്യം. സഭയുടെ പ്രബോധനാധികാരം പലപ്പോഴും ആവർത്തിച്ചിട്ടുള്ളതുപോലെ രാഷ്ട്രീയജീവിതം പരസ്നേഹത്തിന്റെ ശ്രേഷ്ഠമായ രൂപമാണ് (cf. Pius XI, Adress to Italian Federation of Cathoic University Students ,18 December 1927). സാമ്പത്തിക ജീവിതത്തെ സംബന്ധിച്ചും ഇതു ശരിയാണ് . സുവിശേഷാത്മക ചൈതന്യത്തിൽ, സൗഭാഗ്യങ്ങളുടെ ചൈതന്യത്തിൽ അതിനെ സമീപിക്കാൻ കഴിയും.

നമ്മുടെ നോമ്പാചരണം ദൈവത്തോടു രമ്യപ്പെടാനുള്ള വിളി കേൾക്കാനും നമ്മുടെ നോട്ടം പെസഹാരഹസ്യത്തിൽ ഉറപ്പിക്കാനും അവിടുത്തോട് തുറവിയുള്ളതും ആത്മാർത്ഥതയുള്ളതുമായ സംവാദം നടത്താനും വേണ്ടി പ്രാർത്ഥിക്കാൻ പരിശുദ്ധ കന്യകമറിയത്തോട് ഞൻ അപേക്ഷിക്കുന്നു. ഇങ്ങനെ തന്റെ ശിഷ്യർ എപ്രകാരമുള്ളവരായിരിക്കണമെന്ന് മിശിഹാ ആവശ്യപ്പെടുന്നുവോ അപ്രകാരമായിരിക്കും നമ്മൾ - അതായത് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കും (cf.മത്താ 5:13-14).

**ഫ്രാൻസിസ് പാപ്പാ**

റോമ, സെന്റ് ജോൺ ലാറ്ററനിൽ 7 ഒക്ടോബർ 2019
ജപമാല മാതാവിന്റെ തിരുനാൾ ദിവസം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3254/K-5/KCBC/OL/DS 11.2.2020

# മദ്യവിരുദ്ധ ഞായർ, 2020 മാർച്ച് 8

**മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയരേ,

'കേരള കത്തോലിക്കാസഭ' മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. എല്ലാവിധ ദുശ്ശീലങ്ങളിൽ നിന്നും തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും പിൻതിരിഞ്ഞ് നടക്കുവാനുള്ള ആഹ്വാനമാണ് വലിയ നോമ്പിലെ ഈ ദിനാചരണം നമുക്കു നൽകുന്നത്. വളരെ ഗുരുതര സ്വഭാവമുള്ള ഈ വിഷയം നോമ്പുകാലത്ത് നമ്മുടെ ചർച്ചക്കും പരിചിന്തനത്തിനും വിഷയീഭവിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ലഹരി ഉപയോഗത്തിലും വിപണനത്തിലും കേരളം രണ്ടാംസ്ഥാനത്ത് എത്തിനില്ക്കുന്നു. ഈ അടുത്ത കാലത്ത് ബഹു. കേരളാ ഹൈക്കോടതി നടത്തിയ നിരീക്ഷണം നമ്മുടെ സത്വര ശ്രദ്ധയാകർഷിക്കുന്നു: 'തലമുറയെയും ജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയായി മദ്യലഹരി മാറിയിരിക്കുന്നു. സാമ്പത്തിക സുസ്ഥിരതയെയും സംവിധാനങ്ങളെയും അതു നശിപ്പിക്കുന്നു.' കോടതി നടത്തിയ ഈ പരാമർശം അതീവ ഗൗരവത്തോടെ നാം വിലയിരുത്തേണ്ട ഒരു സമയമാണിത്.

സാമൂഹ്യ പ്രശ്നങ്ങൾ രണ്ടു തരമുണ്ട്. ആദ്യത്തേത് പ്രകൃത്യാ അഥവാ സ്വഭാവികമായി സംഭവിക്കുന്നതാണ്. പ്രകൃതിയിൽ നിന്നുതന്നെ അത് ഉത്ഭവിക്കുന്നതിനാൽ അവയെ സ്വാഭാവികമായി നിയന്ത്രിക്കുക സാധ്യമല്ല. കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക മാത്രമാണ് മനുഷ്യനു ചെയ്യാൻ സാധിക്കുക. എന്നാൽ, രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവ മനുഷ്യനിർമ്മിത സാമൂഹ്യ പ്രശ്നങ്ങളാണ്. മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ പ്രശ്നമാണ്. അതിനാൽ, മനുഷ്യൻ മനസ്സുവച്ചാൽ ഇല്ലാതാക്കുവാൻ കഴിയുന്നതാണിത്. ജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ളവർ ഈ

സാമൂഹിക പ്രശ്നത്തിനെതിരേ ജാഗരൂകതയോടെ പ്രവർത്തിക്കേണ്ടത് തീർത്തും അനിവാര്യംതന്നെ.

മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം മനുഷ്യനെ ശാരീരികമായും മാനസികവുമായും രോഗഗ്രസ്തനാക്കുന്നു. കുടുംബത്തിൽ ഒരാൾ ലഹരിക്കടിമപ്പെട്ട് രോഗിയായിത്തീർന്നാൽ അതിന്റെ ദൂഷ്യഫലങ്ങൾ കുടുംബം മുഴുവനും അനുഭവിക്കേണ്ടിവരുന്നു. ഇന്ന് മദ്യപാനംമൂലം അനേകം കുടുംബങ്ങൾ തകർച്ചയിലും ദുരിതത്തിലും കഴിയുന്നു. തലമുറയുടെ വാഗ്ദാനങ്ങളായ കുട്ടികളും യുവാക്കളും ഇന്ന് ലഹരിയുടെ പിടിയിൽ അമർന്നുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളടങ്ങുന്ന യുവാക്കളിൽ വളരെയധികം പേർ ലഹരി വസ്തുക്കൾക്ക് അടിമകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും നടക്കുന്നുവെന്നത് നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നു. ഒരു വശത്ത് മദ്യം യഥേഷ്ടം ലഭ്യമാക്കുകയും ഉപയോഗിക്കാനുള്ള ഒത്താശ ചെയ്തുകൊടുക്കുകയും മറുവശത്ത് മദ്യത്തിനെതിരേ ബോധവത്കരണം നടത്തുകയും ചെയ്യുന്നത് തീർത്തും വൈരുദ്ധ്യം തന്നെ. താഴെ പറയുന്ന ഏതാനും ഉദാഹരണങ്ങളിൽ നിന്നും ഇത് വ്യക്തമാകും:

ബവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ 10 ശതമാനം വീതം വർഷംതോറും പൂട്ടിക്കൊണ്ടിരുന്നത് ഈ സർക്കാർ നിർത്തലാക്കി. തങ്ങളുടെ പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ അധികാരം നല്കുന്ന പഞ്ചായത്ത് രാജ്-നഗരപാലിക ബില്ലിലെ 232, 443 വകുപ്പുകൾ റദ്ദു ചെയ്തു. സുപ്രീം കോടതി വിധിയെ തുടർന്ന് ദേശീയ പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ഈ ജനാധികാരവും അവകാശവും സർക്കാർ എടുത്തുകളഞ്ഞത്. തുടർന്ന് വിദേശമദ്യ ചട്ടമനുസരിച്ച് ബിയർ, വൈൻ തുടങ്ങിയ പാർലറുകൾ കൂടുതൽ തുറക്കാൻ തീരുമാനിച്ചു. അടച്ചു പൂട്ടിയ ബാറുകളെല്ലാം ഈ സർക്കാർ തുറന്നു കൊടുത്തു. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചുകൾക്ക് ഒപ്പം ആഭ്യന്തര ലോഞ്ചുകളിലും വിദേശമദ്യം ലഭ്യമാക്കി. ദൂരപരിധി നിയമം 200 എന്നത് 50 മീറ്ററാക്കി കുറച്ചു. വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം ബാറു തുറക്കാമെന്ന സ്ഥിതിവിശേഷവും ഒരു ദുരന്തംപോലെ കടന്നു വന്നു. ഇവയൊക്കെ സർക്കാരിന്റെ മദ്യനയത്തിന്റെ ഇരട്ടത്താപ്പു നയമല്ലേ

തുറന്നു കാട്ടുന്നത്? പൗരന്റെയോ പൗരസമൂഹത്തിന്റെയോ ആരോഗ്യത്തിൽ തരിമ്പും ശ്രദ്ധയില്ലാത്ത ഒരു ഭരണകൂടത്തിനു മാത്രമേ ഇത്രയ്ക്ക് നിരുത്തരവാദ പരമായ നയം സ്വീകരിക്കാനാകൂ.

ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്നതുപോലെ, ''മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യവിപത്തായി മാറിയിട്ടുണ്ട്''. രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിൽ ഉള്ളൂവെങ്കിലും മദ്യവില്പനയുടെ 16 ശതമാനം ഇവിടെയാണ് നടക്കുന്നത്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. മുൻപ് 300 പേരിൽ ഒരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ വീതം മദ്യപിക്കുന്നു. ജനസംഖ്യയിൽ 5 ശതമാനം പൂർണ്ണമായും മദ്യത്തിന് അടിമകളായി മാറി. 1980-ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നെങ്കിൽ ഇപ്പോൾ 11-12 വയസ്സിലെത്തി നിൽക്കുന്നുവെന്നുള്ളതാണ് ഭയപ്പെടുത്തുന്ന സത്യം. കേരള ജനസംഖ്യയിൽ 17% മുതൽ 20% വരെ പേർ മദ്യപരാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസിന്റെ കണക്കുകൾ പ്രകാരം 20 ശതമാനം കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. മദ്യപാനംമൂലം കേരളത്തിൽ 8 ലക്ഷം പേർ കരൾ രോഗികളായി മാറിക്കഴിഞ്ഞു. ഹൃദ്രോഗികളുടെ എണ്ണം 50 ശതമാനം വർദ്ധിച്ചു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലികതത്ത്വം പാവങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും നന്നാക്കുകയും ചെയ്യുക എന്നതാണ്. അതിനു തക്കതായ നയങ്ങളാണ് സർക്കാർ ആവിഷ്കരിക്കേണ്ടത്. മദ്യത്തിന്റെ ഉപയോഗത്തിൽ മുൻനിരയിൽ നിൽക്കുന്ന കേരളത്തിൽ മദ്യവില്പന നിയന്ത്രണ - നിരോധന നടപടികളാണാവശ്യം. മനുഷ്യനന്മയാണ് സർക്കാർ ലക്ഷ്യം വയ്ക്കേണ്ടത്. കേരളത്തിന്റെ മദ്യപാനഗ്രാഫ് ഉയരുമ്പോളുണ്ടാകുന്ന കുടുംബ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠിക്കണം. മദ്യ വിപത്തിനെ നേരിടാൻ പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കണം. ജനങ്ങൾ മദ്യം വർജിച്ചാൽ മതി; ഫലപ്രദമായ മദ്യനിയന്ത്രണവും നിരോധനവും അപ്രായോഗികമാണ് എന്നു വാദിക്കുന്നത് വഞ്ചനാപരമായ നിലപാടാണ്. ജനങ്ങൾ ആഗ്രഹിക്കുന്നിടത്തോളം മദ്യം ലഭ്യമാക്കുകയെന്നത് മദ്യരാജാക്കന്മാരുടെ മനുഷ്യത്വരഹിതവും സ്വാർത്ഥപരവുമായ താല്പര്യമാണ്. ഉത്തര

വാദിത്വമുള്ള ഒരു സർക്കാർ ഒരിക്കലും ഇത് മാനദണ്ഡമാക്കാൻ പാടില്ല. മദ്യവില്പനകൊണ്ടു കേരളത്തിന് എന്ത് നേട്ടമുണ്ടായി എന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനം നടത്തുമ്പോൾ ആയിരങ്ങൾ മദ്യം കുടിച്ച് നശിക്കുന്നു ണ്ട്. സർക്കാരിന് മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനം അതിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തികയുകയില്ല. കേരള സമൂഹത്തെ മദ്യക്കെടുതിയിൽ നിന്നും മോചിപ്പിക്കുന്നതിനു പകരം മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നീക്കങ്ങൾക്ക് ചരിത്രം മാപ്പു നല്കില്ല.

ഈ സർക്കാർ, പൂട്ടിയ ബാറുകൾ തുറക്കുവാനും വീര്യം കുറഞ്ഞ മദ്യം പഴവർഗ്ഗങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുവാനും പബ്ബുകൾ ആരംഭിക്കുവാനും എല്ലാമാസത്തിന്റെയും ആദ്യദിനം മദ്യവില്പനയില്ലാതെയുള്ള ഡ്രൈഡേ മാറ്റുവാനും രാത്രിയിൽ ഏറെ വൈകിയും ജോലി ചെയ്യുന്നവർക്ക് ഉല്ലസിക്കാൻ ക്ലബ്ബുകൾ തുടങ്ങുവാനും പദ്ധതികളിടുന്നു. സർക്കാരിന്റെ ഇപ്പോഴുള്ള മദ്യനയം നിശ്ചയമായും തിരുത്തണം. അതിനുള്ള ശക്തമായ നീക്കങ്ങൾ പൗരസമൂഹങ്ങൾ നടത്തുകയും വേണം. ലഹരിയെന്ന സാമൂഹ്യ തിന്മയ്ക്കെതിരേ പ്രവർത്തിക്കാനുള്ള കടമ എല്ലാ സഭാംഗങ്ങൾക്കുമുണ്ട്. ദൈവരാജ്യ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗംകൂടിയാണ് മദ്യ-ലഹരി വിരുദ്ധപ്രവർത്തനങ്ങൾ. ആയതിനാൽ, ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിരിക്കുന്ന മദ്യ ലഭ്യത കുറയ്ക്കുക, ബോധവൽക്കരണം നടത്തുക, ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുക എന്നീ കാര്യങ്ങൾ ഒരേസമയം നടപ്പിലാക്കിയാൽ മാത്രമേ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുകയുള്ളൂ. ''മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല'' (ഗലാ 5:21) എന്ന വേദവാക്യം പ്രത്യേകം ഓർമ്മിക്കുന്നത് നല്ലതാണ്.

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായി ചുമതലയേറ്റിരിക്കുന്ന റവ.ഫാ. ജോൺ അരീക്കലിന് എല്ലാവിധ മംഗളങ്ങളും നേരുന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ഇടവകകൾതോറും യൂണിറ്റുകൾ രൂപീകരിക്കണം കുടുംബങ്ങളിൽ മാമോദീസ, വിവാഹം തുടങ്ങിയ ആഘോഷങ്ങളിലും മദ്യത്തിന്റെ ഉപയോഗം ഇല്ലായെന്ന് ഉറപ്പുവരുത്താൻ നമുക്കു സാധിക്കണം. സ്കൂളുകളും ഇതര കലാലയങ്ങളും ലഹരി വിമുക്ത കാമ്പസുകളാകണം. അയൽക്കൂട്ടങ്ങൾപോലെ മദ്യവിരുദ്ധ ബോധവത്ക്കരണ സമിതികൾ നമ്മുടെ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും രൂപപ്പെടണം. മദ്യവിരുദ്ധ സഭയും സമൂഹവുമെന്ന ലക്ഷ്യം

നേടുവാനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. മാർച്ച് 8-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്കു നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ് ആർ.**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

കേരളകത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682025

N.B. 2020 മാർച്ച് മാസം 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

# ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ
ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ
**ജോസഫ് പെരുന്തോട്ടം**
തന്റെ അതിരൂപതയിലെ വൈദികർക്കും
സമർപ്പിത സമൂഹങ്ങൾക്കും
ദൈവജനം മുഴുവനുമായി എഴുതുന്നത്

## നോമ്പാചരണം : മാനസാന്തരത്തിനും അനരഞ്ജനത്തിനും ജീവിതനവീകരണത്തിനും

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

**1.** നമ്മുടെ ജീവിതയാത്രയിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് നോമ്പുകാലം. വിവിധ നോമ്പാചരണങ്ങളിൽ വലിയ നോമ്പിന് പ്രത്യേക പ്രാധാന്യം സഭ നൽകുന്നു. പെസഹാചരണത്തിന് ഒരുക്കമായിട്ടുള്ളതാണ് വലിയ നോമ്പ് എന്നതാണ് അതിനു കാരണം. മിശിഹായുടെ പീഡാസഹനം, മരണം, സംസ്ക്കാരം, ഉത്ഥാനം ഇവ ഉൾക്കൊള്ളുന്ന പെസഹാസംഭവമാണ് ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ തന്നെ കേന്ദ്രം. പെസഹാസംഭവത്തിലൂടെയാണ് ദൈവം മനുഷ്യരക്ഷ സാധിച്ചത്. സാത്താന്റെ പ്രലോഭനങ്ങൾക്ക് വഴിപ്പെട്ട്, ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ട മനുഷ്യൻ പാപ

ത്തിനും പാപത്തിന്റെ ഫലമായ മരണത്തിനും വിധേയനായി. ഈ അവസ്ഥയിൽനിന്ന് മനുഷ്യനെ രക്ഷിച്ച് വീണ്ടും ദൈവത്തോട് രമ്യതപ്പെടുത്താൻ പിതാവായ ദൈവം തന്റെ ഏകപുത്രനെ ലോകത്തിലേക്കയച്ചു. പുത്രനായ മിശിഹാ തന്റെ സഹനബലിയിലൂടെ മനുഷ്യന്റെ പാപത്തിന് പരിഹാരം ചെയ്യുകയും ഉയിർപ്പിലൂടെ, മനുഷ്യന് നഷ്ടപ്പെട്ട നിത്യജീവൻ പ്രദാനം ചെയ്യുകയും ചെയ്തു. അങ്ങനെ മനുഷ്യനെ സാത്താന്റെ അടിമത്വത്തിൽനിന്ന് മോചിച്ച് വീണ്ടും ദൈവവുമായി അനുരഞ്ജനപ്പെടുത്തി രക്ഷിച്ചു. ഇതാണ് പെസഹാരഹസ്യം എന്നു വിളിക്കുന്ന രക്ഷാകരസംഭവം. മിശിഹായുടെ ഹിതമനുസരിച്ച് രക്ഷയുടെ ഈ സംഭവം ആരാധനാജീവിതത്തിന്റെ കേന്ദ്രമായ വിശുദ്ധകുർബാനയും കൂദാശകളുംവഴി സഭയിൽ തുടരുന്നു.

**2.** ഈ പെസഹാരഹസ്യം ഓരോ ആരാധനാവത്സരത്തിലും ഏറ്റവും ആഘോഷപൂർവ്വവും പൂർണ്ണമായും അനുസ്മരിച്ചാചരിക്കുന്ന പെസഹായുടെ ത്രിദിനങ്ങളാണ് പീഡാനുഭവവെള്ളിയും വലിയശനിയും ഉയിർപ്പു ഞായറും. ആരാധനാവത്സരത്തിന്റെതന്നെ കേന്ദ്രമാണ് പെസഹാചരണം. പെസഹാചരണം ഏറ്റവും ഫലവത്തായി നിർവ്വഹിക്കുന്നതിനുള്ള ഒരുക്കത്തിന്റെ ദിനങ്ങളാണ് വലിയനോമ്പുകാലം. രക്ഷാദൗത്യനിർവ്വഹണത്തിനായി ഈശോതന്നെ 40 ദിവസം മരുഭൂമിയിൽ ഉപവസിച്ചു പ്രാർത്ഥിച്ചൊരുങ്ങി. ആത്മാവിൽ നിറഞ്ഞ് ശക്തിപ്പെട്ട ഈശോ തന്റെ സഹന-മരണ-ഉത്ഥാനങ്ങളിലൂടെ പിശാചിനെ പരാജയപ്പെടുത്തി മനുഷ്യനെ മോചിപ്പിച്ചു. പ്രാർത്ഥനയും ഉപവാസവും വഴിയല്ലാതെ ഈ വർഗ്ഗത്തെ (പൈശാചികശക്തിയെ) ദൂരെയകറ്റാൻ സാധ്യമല്ലെന്ന് ഉദ്ബോധിപ്പിച്ച ഈശോ നമ്മുടെ ജീവിതത്തിൽ ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും പ്രാധാന്യം വ്യക്തമാക്കുകയായിരുന്നു. സഭയിലെ നോമ്പാചരണങ്ങളുടെ അർത്ഥവും ആവശ്യകതയും അതാണ്.

**3.** ഈശോയുടെ 40 ദിവസത്തെ ഉപവാസമാണ് നമ്മുടെ വലിയനോമ്പാചരണത്തിന്റെ അടിത്തറയും മാതൃകയും. ഞായറാഴ്ചകൾ ഒഴിവാക്കിയാൽ പെസഹാവ്യാഴാഴ്ചവരെ 40 ദിവസങ്ങളാണുള്ളത്. മുകളിൽ സൂചിപ്പിച്ചതുപോലെ പീഡാനുഭവവെള്ളിയും വലിയശനിയും ഉയിർപ്പുഞായറും പെസഹാചരണത്തിന്റെ പ്രത്യേകദി

നങ്ങളാണ്. ഞായറാഴ്ച ഉൾപ്പെടെ ഉയിർപ്പു ഞായർ വരെയുള്ള ദിനങ്ങൾ കണക്കാക്കി 50 നോമ്പായിട്ടാണ് നമ്മുടെ സഭയിൽ ഇപ്പോൾ ആചരിച്ചുപോരുന്നത്.

**4.** നോമ്പാചരണം ഫലപ്രദമാകുന്നതിന് അതിന്റെ ശരിയായ ചൈതന്യം ഉൾക്കൊള്ളേണ്ടതുണ്ട്. ഏതാനും ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

സാത്താന്റെ വാക്കുകൾ വിശ്വസിച്ച് ദൈവത്തിന്റെ കല്പന കൾ ലംഘിക്കുകയും ദൈവത്തിൽനിന്നകലുകയും ചെയ്തതാ ണല്ലോ പാപം. ദൈവത്തിലുള്ള വിശ്വാസവും ദൈവത്തോടുള്ള സ്നേഹവും ഇല്ലാതായതുകൊണ്ടാണ് ദൈവകല്പനകൾ ലംഘി ക്കുകയും ദൈവത്തിൽനിന്ന് അകലുകയും ചെയ്തത്. അതിന് കെണിയൊരുക്കിയത് പിശാചാണ്. അപകടകരമായ ഈ സാഹ ചര്യം ഇന്നും നിലനില്ക്കുന്നു. പത്രോസ് ശ്ലീഹാ ഉപദേശിക്കുന്നു: 'നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ' (1 പത്രോ. 5:8-9).

**5.** ദൈവത്തിന്റെ അടുത്തായിരിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഉപവസിക്കുക എന്നതിന്റെ അന്തസ്സത്ത അതാണ്. ദൈവത്തിൽ ഉറച്ചുവിശ്വസിക്കുന്നവർക്കും ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർക്കും മാത്രമേ ദൈവത്തി ന്റെ അടുത്തായിരിക്കാൻ സാധിക്കയുള്ളൂ. അങ്ങനെയുള്ളവർ ദൈവത്തിന്റെ കല്പനകൾ പാലിക്കും. അതിനാൽ ദൈവകല്പ നകൾ പാലിക്കുന്നുണ്ടോ എന്ന് ആത്മാർത്ഥമായി പരിശോധിച്ച് കണ്ടെത്തണം. ലംഘിച്ചിട്ടുണ്ടെങ്കിൽ ധൂർത്തപുത്രനെപ്പോലെ അനുതപിച്ച്, ദൈവത്തിലേക്ക് മനസ്സും ഹൃദയവും തിരിച്ച്, തെറ്റ് ഏറ്റുപറഞ്ഞ് മാപ്പപേക്ഷിക്കണം. ചെയ്ത തെറ്റുകൾക്ക് പരിഹാരം ചെയ്യാൻ തയ്യാറാകുകയും വേണം. അപ്പോൾ നഷ്ടപ്പെടുത്തിയ ദൈവസ്നേഹവും ദൈവസാമീപ്യവും തിരിച്ചുകിട്ടും.

**6.** സഹോദരസ്നേഹത്തിലൂടെ ദൈവസ്നേഹം തെളിയിക്ക പ്പെടണം. ദൈവസ്നേഹത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് സഹോദരങ്ങളെ സ്നേഹിക്കണം. 'നല്ല അയൽക്കാരനെ'പ്പോലെ എല്ലാവരെയും സഹോദരങ്ങളായി കണ്ട്, സ്നേഹിക്കാനും സഹാ

യിക്കാനും സാധിക്കണം. ശത്രുക്കളെപ്പോലും സ്നേഹിക്കാനും ശപിക്കുന്നവരെ അനുഗ്രഹിക്കാനും, പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാനും, പ്രതിഫലേച്ഛകൂടാതെ നന്മ ചെയ്യാനും, വിശക്കുന്നവർക്കു ഭക്ഷണവും വസ്ത്രമില്ലാത്തവർക്കു വസ്ത്രവും പാർപ്പിടമില്ലാത്തവർക്കു പാർപ്പിടവും നൽകാനും, തെറ്റു ചെയ്യുന്നവരോട് ക്ഷമിക്കാനും സാധിക്കുന്നെങ്കിൽ അവിടെ ദൈവസ്നേഹമുണ്ടെന്നു പറയാം. അങ്ങനെ നമ്മൾ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും. അപ്പോഴാണ് നമുക്കു ദൈവസാമീപ്യം അനുഭവിക്കാൻ സാധിക്കുക. അതാണ് ഉപവാസത്തിന്റെ അരൂപി.

**7.** ലോകത്തിന്റെ വശീകരണങ്ങൾക്കും ശരീരത്തിന്റെ ദുരാശകൾക്കും മനസ്സിന്റെ ചാപല്യങ്ങൾക്കും ദുഷ്ചിന്തകൾക്കും അടിമപ്പെടാതിരിക്കാനും ശ്രദ്ധിക്കണം. മനസ്സിനെയും ശരീരത്തെയും നിയന്ത്രണവിധേയമാക്കണം. 'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്' എന്ന ഈശോയുടെ വാക്കുകളുടെ അർത്ഥം നമ്മൾ ഗ്രഹിക്കണം. സുഖലോലുപത, ദ്രവ്യാഗ്രഹം, ഭോജനപ്രിയം, മദ്യാസക്തി, ജഡികമോഹം, അഹങ്കാരം, അസൂയ, വിദ്വേഷം, പ്രതികാരചിന്ത തുടങ്ങിയവയും നമ്മെ ദൈവത്തിൽനിന്നകറ്റും. നോമ്പാചരണം ഫലവത്താകണമെങ്കിൽ ഇവയൊക്കെ ഉപേക്ഷിക്കാൻ തയ്യാറാകണം.

നാവുകൊണ്ട് ആരെയും വേദനിപ്പിക്കരുത്, മ്ലേച്ഛസംസാരം പാടില്ല, അശുദ്ധഭാഷണം കേൾക്കാൻ ചെവി തുറക്കരുത്, അരുതാത്ത കാഴ്ചകൾ കാണരുത്; ഇവിടെയെല്ലാം ആത്മസംയമനം പാലിക്കണം.

**8.** പ്രാർത്ഥനയും ഉപവാസവും ദാനധർമ്മവും ക്രിസ്തീയജീവിതത്തിന്റെ മുഖമുദ്രകളാണ്. എന്നാൽ ഇവയൊന്നും മറ്റുള്ളവരെ കാണിക്കാനും ആത്മപ്രശംസയ്ക്കും വേണ്ടിയാകരുത്. ഇക്കാര്യങ്ങളിലൊന്നും പ്രകടനാത്മകത പാടില്ല. ചുങ്കക്കാരന്റെ പ്രാർത്ഥനയും വിധവയുടെ കൊച്ചുകാശും സക്കേവൂസിന്റെ ഏറ്റുപറച്ചിലും നല്ല കള്ളന്റെ യാചനയും മറിയത്തിന്റെ (ലാസറിന്റെ സഹോദരി) വചനശ്രവണവും പാപിനിയായ സ്ത്രീയുടെ അനുതാപക്കണ്ണീരും, കാനാൻകാരി സ്ത്രീയുടെ വിശ്വാസവുമാണ് ദൈവത്തിനു സ്വീകാര്യമായത് എന്നത് നമുക്ക് പാഠമാകണം.

**9.** എല്ലാ കുടുംബങ്ങളിലും കൃത്യനിഷ്ഠയോടും ഭക്തിയോടും കൂടി കുടുംബാംഗങ്ങൾ ഒരുമിച്ച് കുടുംബപ്രാർത്ഥന നിർബ്ബന്ധമായും നടത്തണം. അയൽക്കാരുമായി നല്ല ബന്ധം പുലർത്തുകയും പരസ്പരം സഹായിക്കുകയും വേണം. മാധ്യമങ്ങളുടെ ദുരുപയോഗം പാടില്ല. ആഘോഷങ്ങളിൽ മിതത്വം പാലിക്കണം; അവിടെ മദ്യം വിളമ്പരുത്. മാതാപിതാക്കൾ മക്കൾക്കും, അധ്യാപകർ വിദ്യാർത്ഥികൾക്കും, വൈദികർ ദൈവജനത്തിനും ഉത്തമ മാതൃകകളാകണം.

**10.** തൊഴിലുടമകളും തൊഴിലാളികളും തമ്മിൽ ഹൃദ്യമായ ബന്ധം പുലർത്തണം. കച്ചവടക്കാർ സത്യസന്ധമായും നീതിപൂർവ്വവും പ്രവർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യരുത്; ബലഹീനരെ കരുണയോടെ കരുതണം; അധികാരവും സ്വാധീനവും ഉള്ളവർ വിനയപൂർവ്വം കൂടുതൽ നന്മ ചെയ്യുന്നവരും സേവനസന്നദ്ധരുമാകണം. സമ്പത്തിനാനുപാതികമായി ധർമ്മദാനം ചെയ്യാൻ എല്ലാവരും തയ്യാറാകണം. 'ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിൽകൂടി കടക്കുന്നതാണ് എളുപ്പം' എന്നുള്ള കർത്താവിന്റെ വാക്കുകൾ ഒരു മുന്നറിയിപ്പാകട്ടെ.

**11.** എല്ലാ ദിവസവും അല്പസമയം വിശുദ്ധഗ്രന്ഥം വായിച്ച് ധ്യാനിക്കുന്ന ശീലം എല്ലാവരും വളർത്തണം. വിശുദ്ധഗ്രന്ഥത്തിലൂടെ ഈശോയുടെ സാന്നിദ്ധ്യം അനുഭവിക്കാൻ ഇടയാകത്തക്കവിധം ദൈവവചനത്തോട് സ്നേഹവും ആദരവും പുലർത്തണം. സഭയുടെ ഔദ്യോഗിക പ്രാർത്ഥനയായ യാമപ്രാർത്ഥനകൾ ചൊല്ലുന്നത് പരമാവധി പ്രോത്സാഹിപ്പിക്കണം. കൂദാശകൾ വേണ്ടത്ര ഒരുക്കത്തോടെ യഥാസമയങ്ങളിൽ സ്വീകരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ആരാധനാജീവിതത്തിന്റെ കേന്ദ്രബിന്ദുവും വിശ്വാസജീവിതത്തിന്റെ ശക്തിസ്രോതസുമായ വിശുദ്ധ കുർബാനയർപ്പണം ഏറ്റവും ഒരുക്കത്തോടെയും ഭക്ത്യാദരവോടെയും ആയിരിക്കണം. ഞായറാഴ്ചയാചരണം വീഴ്ചവരുത്താതെയും ഉത്സാഹത്തോടെയും നടത്താൻ ശ്രദ്ധിക്കണം.

പ്രവേശകകൂദാശകൾ സ്വീകരിക്കാൻ ഏറ്റവും ഉചിതമായ ദിവസം വലിയശനിയാഴ്ചയാണ് അതായിരുന്നു ആദിമസഭയുടെ പാരമ്പര്യം. ഇടവകകളിൽ ഈ കൂദാശകൾ സ്വീകരിക്കാനുള്ളവർ

സമൂഹമായി അപ്രകാരം ചെയ്യുന്നതാണ് പ്രോത്സാഹിപ്പിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി അറിയിച്ച് ആളുകളെ ഒരുക്കണമെന്നഭ്യർത്ഥിക്കുന്നു.

വലിയ നോമ്പാചരണം ഏറ്റവും ഫലവത്തായി നടത്തി ജീവിതത്തിന്റെ എല്ലാ തലങ്ങളിലും നവീകരണം വരുത്തുവാനും ദൈവമക്കളുടെ യഥാർത്ഥസന്തോഷവും സമാധാനവും അനുഭവിക്കുവാനും നല്ലവനായ ഈശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളെല്ലാവരുടെയുംമേൽ ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB : ഈ ഇടയലേഖനം മാർച്ച് 15 - ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ

20 Ch. 232-309

# ഗർഭച്ഛിദ്രനിയമവും ധാർമ്മികതയും

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

**1.** ഇന്ത്യയിൽ 1972 ഏപ്രിൽ ഒന്നു മുതൽ നിലവിലിരിക്കുന്ന ഒരു ഗർഭച്ഛിദ്ര നിയമമുണ്ട്. അതനുസരിച്ച് 20 ആഴ്ചവരെയായ ഗർഭസ്ഥ ശിശുവിനെ ചില വ്യവസ്ഥകൾക്കു വിധേയമായി വധിക്കാവുന്നതാണ്. ഈ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട്, 24 ആഴ്ചവരെ പ്രായമായ ഗർഭസ്ഥശിശുവിനെയും വധിക്കുന്നതിന് അനുവദിക്കുന്ന ബില്ലിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയിരിക്കുന്നു. തുടർന്ന് പാർലമെന്റ് സമ്മേളനത്തിൽ ബില്ലവതരിപ്പിച്ച് അംഗീകാരം നേടി നിയമമാക്കാനുള്ള നീക്കത്തിലാണ് കേന്ദ്രസർക്കാർ.

**2.** ഗർഭസ്ഥശിശുവിന്റെ പ്രായം 20 ആഴ്ചയോ 24 ആഴ്ചയോ എന്നതല്ല, ഏതെങ്കിലും അവസ്ഥയിൽ ഗർഭച്ഛിദ്രം ധാർമ്മികമായി അനുവദനീയമോ അല്ലയോ എന്നതാണ് പരിശോധിക്കേണ്ടത്. കൂടാതെ ധാർമ്മികതയ്ക്കു വിരുദ്ധമായ ഒരു നിയമം അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരാണോ എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്.

അവിഹിതമായോ അപ്രതീക്ഷിതമായോ ബലാത്സംഗം മൂലമോ വഞ്ചിക്കപ്പെട്ടോ ഗർഭനിരോധന നടപടികൾ പരാജയപ്പെട്ടോ ജന്മം കൊള്ളുന്ന ഗർഭസ്ഥശിശുക്കളെയും ഭിന്നശേഷിയോ ഇതര വൈകല്യങ്ങളോ ഉള്ള ഗർഭസ്ഥ ശിശുക്കളെയും വധിക്കുന്നതിന് ഗർഭച്ഛിദ്രനിയമം അനുവദിക്കുന്നു. ഗർഭം ധരിച്ചിരിക്കുന്ന സ്ത്രീയുടെ ആരോഗ്യത്തിന് ഹാനികരമാകുമെന്ന് ആശങ്കയുള്ളപ്പോഴും അവൾ പ്രായപൂർത്തിയാകാത്തവളെങ്കിൽ അക്കാരണത്താലും ഗർഭച്ഛിദ്ര

മാകാം എന്നാണ് ബില്ലിൽ പറയുന്നത്. ഗർഭിണിയായ സ്ത്രീയുടെ ആരോഗ്യവും സുരക്ഷയും ഇതരസാഹചര്യങ്ങളുമൊക്കെയാണ് ഇവിടെ പ്രധാനമായും പരിഗണിച്ചിരിക്കുന്നത്.

മേല്പറഞ്ഞതുപോലുള്ള കാരണങ്ങളാൽ കൊലയ്ക്കു വിധിക്കപ്പെട്ട എത്രയോ ഗർഭസ്ഥശിശുക്കൾ വിധിയെ അതിജീവിച്ച് ജനിച്ച് ജീവിക്കുന്നുണ്ട്! ഗർഭച്ഛിദ്രം നടത്തിയില്ലെങ്കിൽ അമ്മയുടെ ജീവൻ അപകടത്തിലാകുമെന്ന് പറയപ്പെട്ട എത്രയോ സ്ത്രീകൾ കുഞ്ഞുങ്ങൾക്കു ജന്മം നൽകി ആരോഗ്യത്തോടെ ജീവിക്കുന്നു!

**3.** ഗർഭധാരണത്തിന്റെ ആദ്യനിമിഷം മുതൽ ഭ്രൂണം ഒരു മനുഷ്യവ്യക്തിയാണ്. ഭൂമിയിൽ ജനിച്ച ഏതൊരു മനുഷ്യവ്യക്തിക്കുമെന്നപോലെ ജീവിക്കാനുള്ള എല്ലാ അവകാശങ്ങളും ഗർഭസ്ഥശിശുവിനുമുണ്ട്. അതിന്റെ ജീവന് പരമാവധി സംരക്ഷണം നൽകേണ്ടതുണ്ട്. തീർത്തും നിസ്സഹായാവസ്ഥയിലും പരാശ്രയത്വത്തിലും കഴിയുന്ന നിഷ്കളങ്ക മനുഷ്യവ്യക്തിയാണ് ഗർഭസ്ഥശിശു. അതിന്റെ ജീവൻ സംരക്ഷിക്കാനുള്ള ഏറ്റവും വലിയ ഉത്തരവാദിത്വം അതിനു ജന്മം നൽകിയ മാതാപിതാക്കൾക്കുതന്നെയാണ്. സ്വയം പ്രതിരോധിക്കാൻ കഴിവില്ലാത്ത ഒരു നിഷ്കളങ്കജീവനെ നശിപ്പിക്കുന്നത് കൊടുംക്രൂരതയാണ്; ക്രൂരമായ കൊലപാതകമാണ്.

ജീവൻ അമൂല്യമായ ദൈവദാനമാണ്. അതിന്റെ ഉടമസ്ഥൻ ദൈവമാണ്. ആ ജീവൻ മൊട്ടിട്ടുവളരാൻ ദൈവംതന്നെ ഒരുക്കിയിരിക്കുന്ന പവിത്രസങ്കേതമാണ് ഒരു സ്ത്രീയുടെ ഉദരം. ആ ഉദരത്തെ കൊലക്കളമാക്കുന്ന അവസ്ഥ ദൈവനിന്ദയും ദൈവത്തിന്റെ അധികാരത്തെ ധിക്കരിക്കുന്നതുമാണ്.

ഒരാളുടെ ഒന്നാമത്തെ മൗലീകാവകാശം ജീവിക്കാനുള്ള അവകാശമാണ്. ഗർഭസ്ഥശിശുക്കൾക്കും ഭൂമിയിൽ ജനിച്ചവർക്കും ഈ അവകാശം തുല്യമാണ്. അതു സംരക്ഷിക്കാൻ മാതാപിതാക്കൾക്കും സമൂഹത്തിനും രാഷ്ട്രത്തിനും ചുമതലയുണ്ട്. സ്വന്തം ജീവനെ അപകടപ്പെടുത്തുന്നതുതന്നെ (ഉദാ: ആത്മഹത്യ) നിഷിദ്ധമാണെങ്കിൽ മറ്റൊരു ജീവനെ നശിപ്പിക്കുന്നത് എത്രയധികം കുറ്റകരമാണ്! മനുഷ്യജീവന് സംരക്ഷണം നൽകേണ്ടവർതന്നെ അതിനെ നശിപ്പിക്കുകയോ നശിപ്പിക്കാൻ കൂട്ടുനില്ക്കുകയോ ചെയ്യുന്നത് ഒരിക്കലും നീതികരിക്കാനാവില്ല.

**4.** ഭിന്നശേഷിയുടെ പേരിൽ ഒരു ഗർഭസ്ഥശിശു നശിപ്പിക്കപ്പെടുന്നത് അതിന്റെ ശാരീരിക, മാനസിക വൈകല്യങ്ങളുടെ പേരിൽ

ഉപയോഗശൂന്യമാകുമെന്നു ചിന്തിക്കുന്നതുകൊണ്ടോ, മറ്റുള്ളവർക്ക് ഭാരമാകുമെന്നതുകൊണ്ടോ സമാനകാരണങ്ങളാലോ ആകാം. എന്നാൽ, പൂർണ്ണആരോഗ്യമുള്ളവരേക്കാൾ മെച്ചപ്പെട്ട, വിലപ്പെട്ട സേവനം സമൂഹത്തിനു ചെയ്തിട്ടുള്ള വൈകല്യമുള്ള എത്രയോ പേരെ ചൂണ്ടിക്കാണിക്കാനാവും. ഭിന്നശേഷിയുള്ള തങ്ങളുടെ മക്കൾ വലിയ അനുഗ്രഹമാണെന്ന് പറഞ്ഞ് അവരെക്കുറിച്ച് സന്തോഷിക്കുന്ന പല മാതാപിതാക്കളെയും കാണാനിടയായിട്ടുണ്ട്. മാത്രമല്ല, ഒരു മനുഷ്യവ്യക്തിക്ക് ശാരീരിക, മാനസിക കഴിവുകൾക്കപ്പുറം മൂല്യവും സിദ്ധിയുമുണ്ട്. ഉത്ഭവനിമിഷത്തിൽത്തന്നെ ദൈവം നിക്ഷേപിച്ച അനശ്വരമായ ആത്മാവാണ് മനുഷ്യവ്യക്തിയുടെ മഹത്വത്തിനടിസ്ഥാനം. അതാണ് മനുഷ്യജീവന്റെ വില. എത്ര രൂക്ഷമായ വൈകല്യങ്ങളുള്ള വ്യക്തിയും അനശ്വരമൂല്യമുള്ള ആത്മാവിന്റെ ഉടമയാണ്. ഇവയെല്ലാം വ്യക്തമാക്കുന്നത് ഗർഭച്ഛിദ്രം അധാർമ്മികവും ദൈവികപദ്ധതിക്ക് വിരുദ്ധവുമാണെന്നാണ്. രോഗത്തിന്റെയോ വൈകല്യങ്ങളുടെയോ പേരിൽ ദയാവധം അനുവദിക്കുന്നതും ഇപ്രകാരംതന്നെ അധാർമ്മികമാണ്.

**5.** ഗർഭം ധരിക്കുന്ന സ്ത്രീയുടെയും ഗർഭസ്ഥശിശുവിന്റെയും ജീവൻ ഒരുപോലെ വിലപ്പെട്ടതാണ്. ഗർഭാവസ്ഥയിലുള്ള ഭ്രൂണത്തിന്റേത് മനുഷ്യജീവനാണെന്നുള്ളത് പരിഗണിക്കാതെയും, പ്രതിരോധിക്കാൻ കഴിവില്ലാത്തതുകൊണ്ട് അവഗണിച്ചും നടത്തുന്ന ഭ്രൂണഹത്യ മനുഷ്യത്വരഹിതവും മനുഷ്യജീവനോടുള്ള മനുഷ്യന്റെ വെല്ലുവിളിയുമാണ്; മനുഷ്യന്റെ സ്വാർത്ഥതയും ധാർമ്മികാധഃപതനവുമാണ് അത് സൂചിപ്പിക്കുന്നത്. സഹിഷ്ണുതയ്ക്ക് പേരുകേട്ട രാജ്യമാണ് ഇന്ത്യ. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഭരണഘടനയാൽ നയിക്കപ്പെടുന്ന രാജ്യം. രാജ്യത്തിന്റെ മഹത്തായ ഈ സംസ്കാരത്തിൽ കളങ്കം ചാർത്തുന്നതാണ് ഇന്ത്യയുടെ ഗർഭച്ഛിദ്രനിയമം. വിവിധരാജ്യങ്ങൾ ഗർഭച്ഛിദ്രം നിയമാനുസൃതമാക്കിയിരിക്കുന്നതിന്റെ ചുവടുപിടിച്ചോ അതിന്റെ സ്വാധീനത്തിലോ ആണ് ഇന്ത്യയും ഗർഭച്ഛിദ്രം നിയമാനുസൃതമാക്കുന്നതെങ്കിൽ അത് ഇന്ത്യയുടെ ധാർമ്മിക പാപ്പരത്വവും അടിമത്വമനോഭാവവുമാണ് വെളിപ്പെടുത്തുന്നത്.

**6.** കോടിക്കണക്കിന് നിഷ്കളങ്ക, നിസ്സഹായ മനുഷ്യജീവനുകളാണ് ഗർഭച്ഛിദ്രംമൂലം ഓരോ വർഷവും വധിക്കപ്പെടുന്നത്. ഇത് ഏറ്റവും ഭീകരമായ മനുഷ്യകൂട്ടക്കുരുതിയാണ്. പിള്ളത്തൊട്ടിലിലാ

യിരിക്കുന്ന മനുഷ്യജീവനെ ഉന്മൂലനം ചെയ്യാൻ അനുവദിക്കുന്ന ഒരു ലോകത്തെ പരിഷ്കൃതലോകം എന്ന് എങ്ങനെ വിളിക്കാനാകും. വിശേഷബുദ്ധിയുള്ള മനുഷ്യന്റെ തികച്ചും ബുദ്ധിശൂന്യവും നീതിരഹിതവും സ്നേഹവിരുദ്ധവുമായ പ്രവൃത്തിയെന്നേ ഭ്രൂണഹത്യയെ വിശേഷിപ്പിക്കാനാവൂ. മനുഷ്യൻ മനുഷ്യനെ ഇല്ലാതാക്കാൻ അനുവദിക്കുന്ന മനുഷ്യനിയമം മനുഷ്യജീവന്റെ ഉടമയായ ദൈവത്തിന്റെ നിയമത്തിന് എതിരാണ്.

**7.** ഈശോയുടെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുതെന്നു കൽപിച്ച അധികാരികളോട് പത്രോസും ശ്ലീഹന്മാരും മറുപടി പറഞ്ഞത്, ''മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്'' (ശ്ലീഹ. നട. 5:29) എന്നാണ്. 'നീ കൊല്ലരുത്' എന്ന ദൈവകല്പനയുടെ ലംഘനമാണ് ഭ്രൂണഹത്യ. ദൈവകല്പനകളുടെയെല്ലാം സാരം സ്നേഹമാണ്. ദൈവത്തിൽ വിശ്വസിക്കുന്നവർക്കും വിശ്വസിക്കാത്തവർക്കും സ്നേഹവിരുദ്ധമായ ഒരു പ്രവൃത്തിയെ ന്യായീകരിക്കാനാവില്ല. ബോധപൂർവ്വം ജീവനു ഹാനിവരുത്തുന്നതാണ് ഏറ്റവും സ്നേഹശൂന്യമായ പ്രവൃത്തി.

ഗർഭിണിയായ സ്ത്രീയുടെ ആരോഗ്യസംരക്ഷണത്തിന് അനിവാര്യമായ ചികിത്സ നടത്തേണ്ടിവരുമ്പോൾ, അതിന്റെ പാർശ്വഫലമായി ഗർഭസ്ഥശിശുവിന് അപകടം സംഭവിക്കുന്നെങ്കിൽ അതിനെ കുറ്റകരമായി സഭ കാണുന്നില്ല. എന്നാൽ ശിശുവിന്റെ ജീവൻ നശിപ്പിക്കുക എന്ന ഉദ്ദേശ്യം ചികിത്സാനടപടികളിൽ ഒരു തരത്തിലും ഉണ്ടാകാൻ പാടില്ല.

**8.** ''മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു'' (ജെറ. 1:5) എന്നുള്ള ദൈവവചനം, മനുഷ്യജീവനെ അതിന്റെ ആദ്യനിമിഷം മുതൽ ദൈവം എത്രമാത്രം വിലമതിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. ''നീ ഗർഭച്ഛിദ്രത്താൽ ഭ്രൂണത്തെ കൊല്ലുകയോ നവജാതശിശു നശിക്കുവാൻ ഇടവരുത്തുകയോ ചെയ്യരുത്'' (ഡിഡാക്കെ) എന്നും ''ജീവൻ സംരക്ഷിക്കുകയെന്ന മഹനീയദൗത്യം ജീവന്റെ നാഥനായ ദൈവം മനുഷ്യർക്കു നൽകിയിരിക്കുന്നു... ഗർഭധാരണത്തിന്റെ നിമിഷം മുതൽ അതീവശ്രദ്ധയോടെ ജീവൻ സംരക്ഷിക്കപ്പെടണം; ഗർഭച്ഛിദ്രവും ശിശുഹത്യയും വെറുക്കപ്പെടേണ്ട പാതകങ്ങളാണ്'' (Gs. 51) എന്നും സഭ പഠിപ്പിക്കുന്നു. ''ശിശുഹത്യ, ഭ്രാതൃഹത്യ, മാതൃ-പി

തൃഹത്യ, ഭാര്യാ-ഭർത്ത്യഹത്യ എന്നിവ, സ്വാഭാവിക ബന്ധങ്ങളെ ഭഞ്ജിക്കുന്നതുകൊണ്ട്, പ്രത്യേകവിധത്തിൽ ഗൗരവപൂർണമായ കുറ്റങ്ങളാണ്.... അധികാരി കല്പിച്ചാൽ പോലും, യാതൊരുവിധ കൊലപാതകത്തെയും നീതീകരിക്കാനാവില്ല'' (CCC 2268) എന്നും, ''ഗർഭധാരണം മുതൽ ഒരു വ്യക്തിയായി പരിഗണിക്കപ്പെടേണ്ട തിനാൽ, ഭ്രൂണം മറ്റേതൊരു മനുഷ്യനെപ്പോലെയും അതിന്റെ സമഗ്രതയിൽ സംരക്ഷിക്കപ്പെടുകയും പരിചരിക്കപ്പെടുകയും സാധിക്കുന്നിടത്തോളം രോഗവിമുക്തമാക്കപ്പെടുകയും വേണം'' (CCC 2274) എന്നും കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു. വിശുദ്ധ ലിഖിതങ്ങളുടെയും വിശുദ്ധ പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ സഭ നൽകുന്ന ഈ പ്രബോധനങ്ങൾ എല്ലാവരും സർവ്വാത്മനാ പാലിക്കേണ്ടതാണ്. അതിന് നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB : ഈ സർക്കുലർ മാർച്ച് 29-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

20 Ch. 233-310

# കുടമാളൂർ സെന്റ് മേരീസ് പള്ളിക്ക് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവി

ഈശോയിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ,
സഹോദരീസഹോദരന്മാരേ,

ചങ്ങനാശ്ശേരി അതിരൂപതയിലെ കുടമാളൂർ (സെന്റ് മേരീസ്) മർത്ത്മറിയം പള്ളിക്ക് മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവി നൽകുന്നതിന് ഇക്കഴിഞ്ഞ ജനുവരിയിൽ സമ്മേളിച്ച സീറോമലബാർ സഭാസിനഡ് നിശ്ചയിക്കുകയുണ്ടായി. മാർച്ച് 15-ാം തീയതി ഞായറാഴ്ച കുടമാളൂർ പള്ളിയിൽ മേജർ ആർച്ച്ബിഷപ് അഭിവന്ദ്യ ജോർജ് കാർഡിനൽ ആലഞ്ചേരി പിതാവിന്റെ കാർമികത്വത്തിൽ നടക്കുന്ന വിശുദ്ധ കുർബാനയോടനുബന്ധിച്ച് പ്രസ്തുത വിവരം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതാണ്.

കുടമാളൂർ പള്ളിയുടെ ചരിത്രം ആരംഭിക്കുന്നത് 1125 ലാണ്. കേരള സഭാ ചരിത്രത്തിൽ ഉന്നതമായ ഒരു സ്ഥാനം കുടമാളൂരിനുണ്ട്. ആഴമായ വിശ്വാസത്തിലും ആത്മീയതയിലും അധിഷ്ഠിതമായ ഒരു സഭാപാരമ്പര്യമാണ് കുടമാളൂരിന്റേത്. ഒരു തീർത്ഥാടന കേന്ദ്രമായി കുടമാളൂർ പള്ളി വളർന്നു. സീറോമലബാർ സഭയിലെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെ ജന്മസ്ഥലമാണ് കുടമാളൂർ. ക.നി.മൂ.സ. (കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ) മാണിക്കത്തനാർ, പ്ലാസിഡച്ചൻ, മാലിപ്പറമ്പിലച്ചൻ തുടങ്ങിയ മഹത് വ്യക്തികൾ കുടമാളൂരിന്റെ വീരസന്താനങ്ങളാണ്. സഭാചരിത്രത്തിൽ കുടമാളൂരിനുള്ള ഉന്നതസ്ഥാനവും വിശ്വാസ പാരമ്പര്യത്തിന്റെ മികവും തീർത്ഥാടനകേന്ദ്രമെന്നുള്ള സവിശേഷതയും കണക്കിലെടുത്താണ്

അതിന് മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവി നൽകപ്പെട്ടിരിക്കുന്നത്.

സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പിന് സഭയിലെ എല്ലാ രൂപതകളുമായുള്ള ആത്മീയവും അജപാലനപരവുമായ ബന്ധത്തിന്റെ പ്രതീകമായിട്ടാണ് വിവിധരൂപതകളിലെ തെരഞ്ഞെടുക്കപ്പെട്ട പള്ളികൾക്ക് ഇപ്രകാരമുള്ള ഒരു പദവി നൽകപ്പെടുന്നത്. മേജർ ആർച്ച്ബിഷപ്പിനോട് സഭയുടെ പിതാവും തലവനുമെന്നുള്ള ബന്ധം സ്നേഹാദരവുകളോടെ സംരക്ഷിക്കാൻ എല്ലാ വിശ്വാസികൾക്കുമുള്ള കടമയെ ഇതനുസ്മരിപ്പിക്കുകയും ചെയ്യുന്നു. സഭയിൽ പരസ്പരധാരണയും കൂട്ടായ്മയും വളർത്താനും ഇത് സഹായകരമാകും.

അതിരൂപതയിൽ സവിശേഷ പ്രാധാന്യമുള്ള പള്ളികൾ താഴെപ്പറയുന്നവയാണ്.ഏതൊരുരൂപതയിലുംപ്രഥമപ്രാധാന്യമുള്ളപള്ളികത്തീഡ്രൽ പള്ളിയാണ്. ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവക മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഏഴു പള്ളികളിലൊന്നായ നിരണം പള്ളിയിൽ നിന്ന് പിരിഞ്ഞ് 1117-ൽ ആരംഭം കുറിച്ചതാണ്.

പൗരാണികത്വംകൊണ്ടും വിശ്വാസ പാരമ്പര്യംകൊണ്ടും കല്ലൂർക്കാട്-ചമ്പക്കുളം ബസ്ലിക്ക പള്ളിക്കാണ് പ്രഥമസ്ഥാനം. 427-ൽ നിരണം പള്ളിയിൽ നിന്നും പിരിഞ്ഞുണ്ടായതാണ് ഈ അതിപുരാതന ദൈവാലയം. പൊന്തിഫിക്കൽ പദവിയിൽ ബസ്ലിക്ക എന്ന സ്ഥാനപ്പേര് ഈ പള്ളിക്ക് മാർപ്പാപ്പ കൽപ്പിച്ചു നൽകിയിരിക്കുന്നു.

കല്ലൂർക്കാടുകഴിഞ്ഞാൽ പൗരാണികത്വത്തിലും വിശ്വാസ പാരമ്പര്യത്തിലും മുന്നിലുള്ളത് 835-ൽ സ്ഥാപിതമായ അതിരമ്പുഴപ്പള്ളിയാണ്.

അതിരൂപതയുടെ പൊതുതീർത്ഥാടനകേന്ദ്രമാണ് 1906-ൽ സ്ഥാപിതമായ അമലോത്ഭവമാതാവിന്റെ നാമത്തിലുള്ള പാറേൽപള്ളി. മദ്ധ്യതിരുവിതാംകൂറിലെ സുപ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമാണിത്.

1810-ൽ സ്ഥാപിതമായ മാർ ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള സുപ്രസിദ്ധ തീർത്ഥാടനകേന്ദ്രമാണ് എടത്വാപള്ളി.

1400-ൽസ്ഥാപിതമായആലപ്പുഴ(പഴവങ്ങാടി)മാർസ്ലീവാപ്പള്ളിയാണ്

അതിരൂപതയിലെ മറ്റൊരു പ്രമുഖ പള്ളി. അതോടൊപ്പം പ്രാധാന്യ മർഹിക്കുന്നതാണ് 1404-ൽ സ്ഥാപിതമായ തത്തംപള്ളി.

കുടമാളൂർ പള്ളിക്ക് ലഭിച്ചിരിക്കുന്ന പുതിയ പദവി ഇവിടുത്തെ ദൈവജനത്തിന് വിശ്വാസപാരമ്പര്യത്തിലും സീറോമലബാർസഭ യോടും സഭാതലവനോടുമുള്ള ദൃഢബന്ധത്തിലും മുന്നേറാൻ പ്രചോദനമാകട്ടെ. ഇടവകയ്ക്കും ഇടവകവികാരിക്കും അനുമോ ദനങ്ങളും പ്രാർത്ഥനയും നേരുന്നു.

സ്നേഹപൂർവ്വം,

**ആർച്ച്ബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB : ഈ സർക്കുലർ മാർച്ച് 8-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

## സർക്കുലർ

**20 Ch. 234-311**

# ദീപിക എല്ലാ ഭവനങ്ങളിലേയ്ക്കും

ഈശോയിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ,
സഹോദരീസഹോദരന്മാരേ,

സഭയുടെ ഉറപ്പ് വിശ്വാസത്തിന്റെ ഭദ്രതയിലാണ്. വിശ്വാസികൾ ഒന്നിച്ചുവസിക്കുന്ന കുടുംബങ്ങളിലാണ് വിശ്വാസം ഭദ്രമായി വളരേണ്ടതും സംരക്ഷിക്കപ്പെടേണ്ടതും. പാറമേൽ പണിത ഭവനത്തോടാണ് വിവേകമതിയായ മനുഷ്യന്റെ കുടുംബത്തെ ഈശോ ഉപമിക്കുന്നത്. 'മഴ പെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാറ്റൂതി, അത് ഭവനത്തിന്മേൽ ആഞ്ഞടിച്ചു. എങ്കിലും അത് വീണില്ല എന്തുകൊണ്ടെന്നാൽ അത് പാറമേൽ സ്ഥാപിതമായിരുന്നു' (മത്തായി 7:25). ഇന്ന് വിശ്വാസികളെയും കുടുംബങ്ങളെയും സഭയേയും തെറ്റിധരിപ്പിച്ച് ദുർബലപ്പെടുത്തുവാൻ സഭാവിരോധികൾ മത്സരിക്കുകയാണ്. സഭ ഇന്നോളം രാഷ്ട്ര നിർമ്മിതിയിലും പൊതുസമൂഹത്തിന്റെ നന്മയ്ക്കും  നൽകിയതും നൽകൊണ്ടിരിക്കുന്നതുമായ നന്മകളെ അന്ധമായി നിഷേധിച്ച് ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് സഭയെ സംഘടിതമായി വേട്ടയാടാനുള്ള ആസൂത്രിത ശ്രമം മാധ്യമങ്ങളിലൂടെ നടത്തുകയാണ്. അടുത്തകാലത്തിറങ്ങിയ സിനിമകളിലും ചാനൽ ചർച്ചകളിലും വാർത്തകളിലും ക്രൈസ്തവ വിശ്വസത്തെയും സഭയുടെ വിശുദ്ധ കൂദാശകളെയും അവഹേളിക്കുവാൻ ആസൂത്രിതമായ ശ്രമം നടക്കുന്നത് നാം എല്ലാ തിരിച്ചറിയുന്ന സത്യമാണ്. ഈ ശ്രമങ്ങളെ ശക്തമായി അപലപിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് സഭയ്ക്ക് സ്വന്തമായി ഒരു മാധ്യമം നിലനിൽക്കേണ്ടതിന്റെയും വളർത്തേണ്ടതിന്റെയും ആവശ്യം മറ്റേത് കാലഘട്ടത്തേക്കാളും നമ്മുടെ നിലനിൽപ്പിന് അനിവാര്യമാണെന്ന് സഭാമക്കൾ തിരിച്ചറിയുന്നത്. വിശ്വാസ സമൂഹത്തിന് സഭയെയും

സമൂഹത്തെയും സംബന്ധിച്ച് സത്യസന്ധമായ വിവരങ്ങൾ പ്രതിദിനം വിതരണം ചെയ്യാൻ, സഭയ്ക്കെതിരെ ഉയർത്തുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ, സഭാമക്കളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഒരു ദിനപത്രം ഏറ്റവും സഹായകരമായ മാധ്യമമാണെന്ന് നമുക്കറിയാം. അതുകൊണ്ടാണ് 1887-ൽ ദീർഘവീക്ഷണത്തോടെ നിധീരിക്കൽ മാണി കത്തനാർ കോട്ടയത്ത് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സ്ഥാപിച്ച പ്രസ്സിൽ നസ്രാണി ദീപിക എന്ന പത്രം പുറത്തിറക്കി, സഭയിലും സമുദായത്തിലും മാധ്യമ സുരക്ഷിതത്വം ഉറപ്പുവരുത്തുവാനുള്ള പരിശ്രമം ആരംഭിച്ചത്.

ദീപിക ദിനപത്രത്തിലൂടെ കഴിഞ്ഞ 133 വർഷങ്ങൾ, സഭയ്ക്ക് സമൂഹത്തോടും ഭരണകൂടത്തോടും പ്രതിദിനം സംവദിക്കാനും അനീതിക്ക് എതിരേ പോരാടാനും, അവകാശസംരക്ഷണത്തിന്റെ പടവാളാകാനും കഴിഞ്ഞു എന്നത് എത്രയോ മഹത്തായ കാര്യമാണ്. ക്രൈസ്തവ സമൂഹത്തിനുവേണ്ടി മാത്രമായിരുന്നില്ല, ദീപികയെ ആയുധമാക്കി സഭ പോരാടിയത്. സർവ്വജനത്തിനും എതിരെയുള്ള അനീതിക്കും അവകാശ നിഷേധത്തിനുമെതിരേ, കർഷകരുടെയും ഇടത്തരം കച്ചവടക്കാരുടെയും സുരക്ഷിതത്വത്തിനുവേണ്ടി, കത്തോലിക്കാ, ക്രൈസ്തവ അവകാശ ധ്വംസനത്തിനെതിരേ എല്ലാം സഭയ്ക്ക് പ്രതിദിനം സർക്കാരും സമൂഹവുമായി ആശയാവതരണത്തിനും അവകാശപ്പോരാട്ടത്തിനുമായി ദീപിക മാത്രമേ നമുക്കുണ്ടായിരുന്നുള്ളൂ. ഇപ്പോഴും അതുതന്നെയാണ് അവസ്ഥ.

പ്രതിദിനം എല്ലാ സഭാംഗങ്ങളിലും എത്തുന്ന ഒരു മാധ്യമം നമുക്കുണ്ടെങ്കിൽ നമ്മെപ്പറ്റി അസത്യംപറയാൻ ആരും മുതിരില്ല. സ്വന്തമായ മാധ്യമത്തെ ശക്തിപ്പെടുത്താത്തതിന്റെ അപകടം നമ്മൾ ഇന്ന് ഏറെ തിരിച്ചറിയുന്നു. സഭാ മക്കളിലെ വലിയ ഭൂരിപക്ഷത്തിന്റെ പക്കലേയ്ക്കും സഭയ്ക്കെതിരെയുള്ള വാർത്തകളും വിശകലനങ്ങളുമേ ഏകപക്ഷീയമായി എത്തുന്നുള്ളൂ. അതിന് മാറ്റമുണ്ടാകണം. സത്യസന്ധമായി നമ്മുടെ വാർത്തകളും നിലപാടുകളും അറിയിക്കുക മാത്രമല്ല, ന്യൂനപക്ഷം എന്ന നിലയിൽ നമ്മുടെ അവകാശങ്ങൾ എന്തെന്നറിയാനും, അവ നേടിയെടുക്കാനും ആവശ്യമായ അഭിപ്രായ ഐക്യം രൂപീകരിക്കാനും നമുക്ക് എല്ലാ വീടുകളിലുമെത്തുന്ന നമ്മുടെ ദിനപത്രം അത്യാവശ്യമാണ്.

ദീപിക ഫ്രണ്ട്സ് ക്ലബ് (DFC) ലൂടെയും എല്ലാവരുടെയും കൂട്ടായ സഹകരണത്തിലൂടെയും ദീപിക ദിനപത്രത്തിന്റെ പ്രചരണത്തിലും നിലവാരത്തിലും കഴിഞ്ഞ വർഷങ്ങളിൽ വലിയ വളർച്ച കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അത് നിലനിർത്തുന്നതിനും കൂടുതൽ

വളർത്തുന്നതിനും എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാ കുടുംബങ്ങളും മനസുവച്ചാൽ എന്നും ഒരു ദീപിക പത്രം വീട്ടിൽ വരുത്താം. നമ്മുടെ അതിരൂപത യിലെ എല്ലാ വീട്ടിലും എന്നും ദീപികയെത്തണം എന്നത് എന്റെ അതിയായ ആഗ്രഹമാണ്. വാങ്ങിച്ചാൽ മാത്രം പോരാ, അതിലെ വാർത്തകളും വാർത്താ വിശകലനങ്ങളും വീട്ടിൽ ഒരുമിച്ച് ചർച്ച ചെയ്യുകയും വേണം. അങ്ങനെ നമ്മുടെ അതിരൂപതയിലെ അംഗ ങ്ങളിൽ സമുദായബോധവും സഭയുടെ നന്മകൾ അറിയുമ്പോ ഴുള്ള അഭിമാനബോധവും വളരും. അത്, സമുദായ ഐക്യത്തിനും, അതുവഴി വിശ്വാസ ഭദ്രതയ്ക്കും വഴിതെളിക്കും.

ഈ ലക്ഷ്യത്തോടുകൂടി നമ്മുടെ അതിരൂപത ദീപിക പ്രചാരണ പദ്ധതി ആവിഷ്കരിക്കുകയാണ്. അതിനോട് എല്ലാ അതിരൂപതാം ഗങ്ങളും സംഘടനാ സംവിധാനങ്ങളും ആത്മാർത്ഥമായി സഹകരിക്ക ണം. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും പാരീഷ് കൗൺസിൽ, കുടുംബക്കൂട്ടായ്മ, മതാധ്യാപകർ, ഇടവകയിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളുടെയും സഹകരണത്തോടെ ദീപികാ ഫ്രണ്ട്സ് ക്ലബിന്റെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ ഭവനങ്ങളിലും ദീപിക എത്തിക്കാൻ പരിശ്രമിക്കാം. ഈ കർമ്മ പദ്ധതിക്ക് നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും മാർച്ച് 22 ഞായറാഴ്ച തുടക്കം കുറിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കു ന്നു. നോമ്പുകാലത്ത് നമ്മുടെ ത്യാഗത്തിന്റെ ഒരു ദശാംശം ഇതി നായി മാറ്റിവെയ്ക്കാം.

നോമ്പുകാലത്ത് ഈശോയോടുള്ള സ്നേഹത്തിൽ നാം നവീക രിക്കപ്പെടുമ്പോൾ അത് നമ്മെ സഭാ സ്നേഹത്തിലേയ്ക്കും സമു ദായ അഭിമാന ബോധത്തിലേയ്ക്കും വളർത്തട്ടെ. ഈ കാലഘട്ട ത്തിന്റെ വെല്ലുവിളികളെ വിശ്വാസത്തോടെ നേരിടാൻ തക്കവണ്ണം പാറമേൽ പണിത ഭവനമായി ഓരോ കുടുംബവും രൂപാന്തരപ്പെ ടട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB : ഈ സർക്കുലർ മാർച്ച് 22-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*




# I

## TRANSFERS AND APPOINTMENTS (February 2020)

| Very Rev/Rev Frs. | Transferred from | Transferred to |
|---|---|---|
| Athikalam James | Paipadu Lourdes | Kadainikadu |
| Chamakala Sebastian | UK | Thazhathangady, Syriac Study Vadavathoor |
| Changankary Abraham | Kadainikadu | Thathampally |
| Chooravady Mathew (Jr) | Pune | Kesavadasapuram |
| Chundakattil James | Thazhathangady | Perumkavu |
| Ettuparayil George | USA | Punnathura |
| Kaithaparampil Joseph | Thathampally | Thiruvananthapuram F |
| Kalathil Mathew | Vadakkekara | Mannancherry |
| Kamicherry Scaria | Moncompu Pius X | Relieved, Resi.Thricko-dithanam |
| Karattu Mathew | Mundupalam | Anickad f Church |
| Karukaparampil Cherian | | Charamangalam (addl) |
| Kattady Jacob | Champakara | Veliyanadu Kesarea & St Joseph |
| Kattapuram Joseph | Vallanchira | Podipara |
| Kayamkulathusserry Thomas | Veliyanadu Kesarea, St Joseph | Relieved |
| Kochuparampil Sebastian | Kannammoolla | Relieved, resi. Lourdes Tvm |
| Mannumadam George | Mannancherry | Moncompu Pius X |
| Moolayil Antony | | Pulincunnoo F (addl) |
| Mulavana Joseph | Podipara | Kiliroor & CBSE School, Kuda-maloor |
| Naduvilezham Joseph | Parel | Rtd., Priest Home, Ithithanam |
| Ninaparampil Antony | | Vettimukal (Asso. Pastor) |
| Odalany Mathew | Pulincunnoo F | Paipadu Lourdes |

| | | |
|---|---|---|
| Pallichirayil Joseph | Changanacherry Metropolitan | Kazhakoottam & Karyavattam |
| Parasseril Jose | Kiliroor, CBSE School Kudamaloor | Kooropada |
| Pathalil John | Kumarapuram F Church | Relieved |
| Pazhayamadam Varghese | Kazhakoottam, Karyavat-tam | Kannammoola |
| Pazhayapura George | Thiruvananthapuram | Kurichy Seminary |
| Peediyeckal Kuriakose | Ithithanam | Pamapady |
| Plaparampil Thomas | Veroor | Champakara |
| Plathottam Thomas | Pampady | Vadakkeamichakary |
| Ponganamthadathil Augustine | Kooropada | Vallamchira |
| Poovathusserry Joseph | Perumkavu | Vadakkekara |
| Purackal Joseph | Changanacherry Metro | Eara |
| Puthenkalam Tom | Punnathura | Veroor |
| Puthusseril Sebastian | Eara | Doctoral Studies, Bangalore |
| Souriamakal Sebastian | Jaipur Mission | Dalmugham, Pachakad |
| Thumpayil Thomas | Punnathura Confessor | Chaplain LSDP, Kunnamthanam |
| Varuvelil Mathew | Kesavadasapuram | Relieved |
| Vattackattu Jacob | Anickad f Church | Relieved |
| Vetticad Joseph | LSDP Kunnamthanam | Priests Home, Ithithanam |
| Viruppel Jose | Thiruvananthapuram F | Relieved (resi. Lourde Matha Care, Thiruvananthapuram) |
| Mavelil John MCBS | Vadakkeamichakary | Kumarapuram f Church, Resi. Punnapra |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Good Friday 19-04-2019 | Mission Sunday 20-10-2019 | Sabha Dhinam 03-July | Syromalabar Mission Day 12-01-2020 | Seminary Fund Maundy Thursdy 18-04-2019 | Caritas Chry 07-04-2019 | Mission Stations Jaipur/Thuckaly 20/10/2019 | Anti Narcotic Fund 26-1-2020 | World Day of Sick 11-02-2020 | Lentern Collection 14-04-2019 | Easter Sunday Home Mission 21/04/2019 | Bible Fund 29-12-2019 | Catechetical Sunday 09-06-2019 | Peter's Pence 30-6-2019 | Youth Fund 07-07-2019 | Dalit Fund 18-08-2019 | Cmm.Media Sunday 10-11-2019 |
| 3 | Champakara St Joseph's | 10195 | | | | 12055 | 7000 | 31690 | | | 7000 | 3500 | | | 3500 | 2500 | 3000 | |
| 4 | Ezhumattoor St Joseph's | | | | | | | | | | | | | | | | | |
| 5 | Kallooppara (Puthussery) Lourdes Matha | 3150 | 10001 | | | 1460 | | | | | 2017 | | | | | | | |
| 6 | Koothrappally St Mary's | | 110317 | | | | | 10010 | | | | | | | | | | |
| 7 | Mallappally St Athanasius | | 35000 | | | | | 10000 | | | 12880 | | | | | | | |
| 8 | Mundathanam St Antony's | 3747 | 15855 | 2050 | | 2704 | | 5030 | | | 1700 | 4250 | | 2010 | 1700 | 1900 | 2080 | |
| 9 | Nedumanny Fathima Matha | | 24825 | | | | | 3500 | | | | | | | | | | |
| 10 | Panayampala St Sebastians' | | 10111 | | | | | 12500 | | | 10200 | | | | | | | |
| 11 | Punnaveli Little Flower | | 8540 | 1000 | | | | | | | 5000 | | | 1722 | 1573 | | 1000 | |
| 12 | Pulickakavala St Mary's | | 10000 | | | | | | | | | | | | | | | |
| 13 | Thadiyoor St Antony's | | | | | | | | | | | | | | | | | |
| 14 | Thazhathuvadakara Lourdes Matha | | 5000 | 2000 | | | | 2000 | | | | | | 1500 | | 2000 | 2000 | 2000 |
| 15 | Vaipur NEW St Joseph's | | | | | | | | | | | | | | | | | |
| 16 | Vaipur OLD St Mary's | | 21505 | | | | | | | | 11665 | | | | | | | |
| 17 | Vettickapurayidam St Sebastians' | | | | | | 2700 | | | | | | | | | | | |

| | | SUNDAY COLLECTION FULL | | | | | | | SUNDAY COLLECTION HALF | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Good Friday 19-04-2019 | Mission Sunday 20-10-2019 | Sabha Dhinam 03-July | Syromalabar Mission Day 12-01-2020 | Seminary Fund Maundy Thursdy 18-04-2019 | Caritas Chry 07-04-2019 | Mission Stations Jaipur/Thuckaly 20/10/2019 | Anti Narcotic Fund 26-1-2020 | World Day of Sick 11-02-2020 | Lentern Collection 14-04-2019 | Easter Sunday Home Mission 21/04/2019 | Bible Fund 29-12-2019 | Catechetical Sunday 09-06-2019 | Peter's Pence 30-6-2019 | Youth Fund 07-07-2019 | Dalit Fund 18-08-2019 | Cmm.Media Sunday 10-11-2019 |
| 18 | Mylady (V C) St Antony's | | | | | | | | | | | | | | | | | |
| | **MANIMALA FORANE** | | | | | | | | | | | | | | | | | |
| 1 | Manimala Holy Magi Forane Church | 22550 | 25000 | | | 4758 | | 5000 | | | 5807 | 15115 | | | | 6570 | 6500 | |
| 2 | Chunkappara Little Flower | 6180 | | | | 5610 | 9380 | | | | 4545 | 6075 | | | | | | |
| 3 | Kadainickadu St Mary's | 5161 | 10000 | | | 15000 | | 16210 | | | 8000 | | | | | | | |
| 4 | Karikkattoor St James' | 12000 | 11450 | 3000 | | 3000 | | 3000 | | | 5500 | 7000 | | 4000 | 4000 | 3250 | 4000 | |
| 5 | Karimpanakulam Sacred Heart | | 15000 | | | | | 2500 | | | | | | | | | | |
| 6 | Kottangal St John's | 12058 | 14830 | | | 4316 | | | | | | 8347 | | | 1235 | | | |
| 7 | Kulathoor Little Flower | | 10000 | | | | | | | | | | | | | | | |
| 8 | Manimala (NEW) St Basils | 5000 | 15000 | | | 12000 | 10000 | | | | 6000 | 10000 | | | | | | |
| 9 | Nirmalapuram St Mary's | 1000 | 5000 | 1000 | | 4300 | | 10000 | | | 1000 | 1000 | | 600 | | | 650 | |
| 10 | Perumkavu St Thomas' | | 4100 | | | | | | | | | | | | | | | |
| 11 | Vallamchira St Mary's | | 15000 | | | | | 15000 | | | | | | | | | | |
| | **KURUMPANADAM FORANE** | | | | | | | | | | | | | | | | | |
| 1 | Kurumpanadam St Antony's F. Church | 55000 | 112180 | | | 34317 | | 59510 | | | 110000 | 28310 | | | | | | |

| | | SUNDAY COLLECTION FULL | | | | | | | SUNDAY COLLECTION HALF | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Good Friday 19-04-2019 | Mission Sunday 20-10-2019 | Sabha Dhinam 03-July | Syromalabar Mission Day 12-01-2020 | Seminary Fund Maundy Thursdy 18-04-2019 | Caritas Chry 07-04-2019 | Mission Stations Jaipur/Thuckaly 20/10/2019 | Anti Narcotic Fund 26-1-2020 | World Day of Sick 11-02-2020 | Lentern Collection 14-04-2019 | Easter Sunday Home Mission 21/04/2019 | Bible Fund 29-12-2019 | Catechetical Sunday 09-06-2019 | Peter's Pence 30-6-2019 | Youth Fund 07-07-2019 | Dalit Fund 18-08-2019 | Cmm.Media Sunday 10-11-2019 |
| 2 | Eravuchira St Mary's | | 6000 | | | | | 10000 | | | 22000 | | | | | | | |
| 3 | Kurumpanadam Assumption | 24381 | 31650 | 4895 | | 6470 | 33410 | 20020 | | | | 7800 | | 5020 | 5700 | 3000 | 3000 | |
| 4 | Madappally Little Flower | 37387 | 32594 | 5806 | | 9558 | 14576 | 5000 | | | 11700 | 14500 | | | 6000 | 5500 | 6000 | |
| 5 | Mammoodu Lourdes Matha | | 42840 | | | | | | | | | | | | | | | |
| 6 | Mannila Holy Family | 5000 | | | | 2000 | | | | | 5000 | 5000 | | | | | | |
| 7 | Rajamattam Sacred Heart | 8000 | 13000 | | | 5000 | | | | | 5000 | | | | | | | |
| 8 | Thottackad St George's | 13000 | 20000 | 6000 | | 25000 | | 13171 | | | 5000 | 5000 | | 4000 | 4000 | 3000 | | |
| | **CHANGANACHERRY FORANE** | | | | | | | | | | | | | | | | | |
| 1 | Changanacherry-Metropolitan St Mary's Forane Church | 43000 | 50000 | | | 44780 | 20000 | 50001 | | | 20000 | 30000 | | | | | 15000 | 15000 |
| 2 | Chethipuzha Sacred Heart | 51190 | | | | 20000 | 17595 | | | | 30000 | 30000 | | | 15000 | | 18650 | |
| 3 | Cheeramchira St George's | | | | | | | 70000 | | | | | | | | | | |
| 4 | Kidangara St Gregory's | | 4000 | | | | | 3130 | | | | | | | | | | |
| 5 | Kumaramkary St Mary's | 4320 | 4000 | 800 | | 2500 | 3670 | 10000 | | | 6850 | 4000 | | 2200 | 3000 | | 1500 | |
| 6 | Laikkadu St Joseph's | | | | | | | 20000 | | | | | | | | | | |
| 7 | Mahendrapuram St Sebastians' | | | | | | | 5000 | | | | | | | | | | |
| 8 | Manackachira St Joseph's | | | 1664 | | | | | | | | 4062 | | | | 2561 | 1807 | 2324 |

| | | SUNDAY COLLECTION FULL | | | | | | | SUNDAY COLLECTION HALF | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Good Friday 19-04-2019 | Mission Sunday 20-10-2019 | Sabha Dhinam 03-July | Syromalabar Mission Day 12-01-2020 | Seminary Fund Maundy Thursdy 18-04-2019 | Caritas Chry 07-04-2019 | Mission Stations Jaipur/Thuckaly 20/10/2019 | Anti Narcotic Fund 26-1-2020 | World Day of Sick 11-02-2020 | Lentern Collection 14-04-2019 | Easter Sunday Home Mission 21/04/2019 | Bible Fund 29-12-2019 | Catechetical Sunday 09-06-2019 | Peter's Pence 30-6-2019 | Youth Fund 07-07-2019 | Dalit Fund 18-08-2019 | Cmm.Media Sunday 10-11-2019 |
| 9 | Paral St Antony's | 3000 | | | | 2000 | 5000 | | | | | 3000 | | | | 2000 | 2000 | |
| 10 | Parel St Mary's | 58465 | 59641 | 9200 | | 43715 | 31565 | | | | 77360 | 26014 | | | 19066 | 17900 | 18456 | |
| 11 | Perunna East St Antony's | | | | | | | | | | | | | | | | | |
| 12 | Pulimugham (Kidangara) Marth Mariam | | 2500 | | | | | | | | | | | | | | | |
| 13 | Puzhavathu St Thoma's | | 19260 | | | | | 9946 | | | 11050 | | | | | | | |
| 14 | Vazhappally Gethsamany | 14000 | 52300 | 5750 | | 9750 | 8000 | | | | 6000 | | | 2750 | 3000 | | | |
| 15 | Vazhappally WEST St Mary's | | | | | | | 3500 | | | | | | | | | | |
| 16 | Veroor St Joseph's | 30000 | 75000 | | | 41022 | 20000 | | | | 25000 | 20000 | | | | | | |
| 17 | Vettithuruth St Antony's | 3000 | 5000 | 500 | | 3500 | | 5000 | | | 6000 | 2500 | | | | | | |
| | **OTHERS** | | | | | | | | | | | | | | | | | |
| 1 | Mount Carmel Convent,Chry | 10000 | | | | | | | | | | | | | | | | |
| 2 | S.B.College ,Chapel | | 5010 | | | | | | | | | | | | | | | |
| 3 | Spirituality Centre,Mannanam | 5960 | | | | | | | | | | | | | | | | |
| 4 | St.Teresa's Sunday School Vazhappally | | | | | | | 15000 | | | | | | | | | | |
| 5 | Cherupushpam Ashram,Thellakom | | 7500 | | | | | | | | | | | | | | | |
| | **TOTAL** | **1430549** | **4127093** | **120406** | **71750** | **803455** | **516535** | **1519730** | **11743** | **29090** | **1340321** | **634874** | **41820** | **67530** | **109699** | **106203** | **189936** | **38687** |

*Continue.....*

മിശിഹായിൽ സ്നേഹമുള്ളവരെ,

അൻപതു നോമ്പിന്റെ പുണ്യദിനങ്ങളിലൂടെ നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. സ്വയം വിമർശനത്തിന്റെയും, ആത്മവിശുദ്ധീകരണത്തിന്റെയും ദിനങ്ങളായി ഈ നോമ്പുകാലം മാറട്ടെ. അങ്ങനെ കുരിശുമരണം വഴി ഈശോ നേടിയ സാർവ്വത്രിക രക്ഷയിൽ നമുക്കും പങ്കുകാരാകാം. മാർച്ച് 19-ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന എല്ലാവർക്കും ആശംസകൾ നേരുന്നു. കുട്ടികളുടെ വിശ്വാസജീവിതത്തെ ഉജ്ജ്വലിപ്പിക്കുവാൻ വിശ്വാസോത്സവ ദിനങ്ങളിലൂടെ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. വിശ്വാസോത്സവ പരിശീലന പരിപാടികളിൽ നിങ്ങളുടെ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മാർച്ച് 2020**

1 ഞായർ : **ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം**
(അതിരമ്പുഴ, കുടമാളൂർ, കൊല്ലം ഫൊറോനകൾ)

7 ശനി : CLT ക്ലാസ്സ്
**ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം**
(ചമ്പക്കുളം, ആലപ്പുഴ, പുളിംകുന്ന് ഫൊറോനകൾ)

14 ശനി : CLT ക്ലാസ്സ് , MCC ക്ലാസ്സ്
**ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം**
(അമ്പൂരി, എടത്വാ, ചങ്ങനാശ്ശേരി ഫൊറോനകൾ)

15 ഞായർ : **ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം**
(തിരുവനന്തപുരം ഫൊറോന)

19 വ്യാഴം : **മാർ യൗസേപ്പിതാവിന്റെ മരണതിരുനാൾ**(ഓഫീസ് അവധി)
(മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് പവ്വത്തിൽ എന്നിവരുടെ നാമഹേതുക തിരുനാൾ)

21 ശനി : CLT ക്ലാസ്സ്
**ഫൊറോന വിശ്വാസോത്സവ അധ്യാപക പരിശീലനം**
(നെടുംകുന്നം, കോട്ടയം, തൃക്കൊടിത്താനം ഫൊറോനകൾ)

28 ശനി : ***CREDO* 2020 - (മതാന്തര പ്രണയങ്ങൾ-സത്യങ്ങളും അസത്യങ്ങളും** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാർ**)**

# മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ
## നവതി ആഘോഷങ്ങളിലൂടെ...









2020 ഫെബ്രുവരി 7 വെള്ളി












ഞങ്ങളുടെ പ്രിയ പിതാവിന്
ജന്മദിനാശംസകൾ


























29 ഞായർ : **സൺഡേസ്കൂൾ സപ്ലിമെന്ററി പരീക്ഷ** (1 മുതൽ 9 വരെ ക്ലാസുകൾക്ക്)

**ഏപ്രിൽ 2020**

1 ബുധൻ : **വിശ്വാസോത്സവം ആരംഭിക്കുന്നു.** (ഏപ്രിൽ 1 നും 15നും ഇട യ്ക്കുള്ള ഏതെങ്കിലും,10 ദിവസങ്ങൾ)

5 ഞായർ : **ഓശാന ഞായർ**

9 വ്യാഴം : **പെസഹാവ്യാഴം**

10 വെള്ളി : **ദുഖവെള്ളി**

11 ശനി : **വലിയശനി**

12 ഞായർ : **ഉയിർപ്പുതിരുനാൾ**

(ഏപ്രിൽ 8 ബുധൻ മുതൽ 12 ഞായർ വരെ ഓഫീസ് അവധി യായിരിക്കും)

18 ശനി : **അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ**

***പ്രത്യേകശ്രദ്ധയ്ക്ക്***

» സൺഡേസ്കൂൾ രണ്ടാം ടേം സപ്ലിമെന്ററി പരീക്ഷ മാർച്ച് 29-ാം തീയതി ഞായറാഴ്ചയായിരിക്കും.

» വിശ്വാസോത്സവ ക്രമീകരണങ്ങളിൽ ഇടവക തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മതബോധനകലണ്ടർ പേജ് 53, 54, 55 കാണുക.

## അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ

ഏപ്രിൽ 18-ാം തീയതി ശനിയാഴ്ച സ്കോളർഷിപ്പ്പരീക്ഷ അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷ സബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി മതബോധനകലണ്ടർ പേജ് 29 കാണുക.

## നവോദയ - സൈനികസ്കൂൾ കുട്ടികളുടെ ക്യാമ്പ്

നവോദയ - സൈനികസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 20, 21, 22 തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടും. ഓരോ സൺഡേ സ്കൂളിൽ നിന്നും ഇപ്രകാരം പഠിക്കുന്ന കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പി ക്കുവാൻ ശ്രദ്ധിക്കുക. മാർച്ച് 19നകം പേര് രജിസ്റ്റർ ചെയ്യുവാൻ ഓർമ്മിക്കുമ ല്ലോ. രജി. ഫീസ് 1000 രൂപ. നവോദയ കുട്ടികളുടെ പരിശീലനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 22, 23 കാണുക.

## ക്രേദോ 2020

കത്തോലിക്കാ പെൺകുട്ടികളെ തീവ്രവാദ പ്രണയകുരുക്കിലേയ്ക്ക് ആകർഷിക്കുകയും ക്രൈസ്തവ വിശ്വാസസത്യങ്ങളെയും ആചാരങ്ങളെയും അവഹേളനപരമായി സിനിമയിലൂടെയും കാർട്ടൂൺ ചിത്രങ്ങളിലൂടെയും അവതരിപ്പിക്കുകയും ചെയ്യുന്ന പ്രവണത കൂടിവരുന്നതായി നാം മനസ്സിലാ ക്കുന്നുണ്ട്. തന്മൂലം പുതുതലമുറയിൽ വിശ്വാസസത്യങ്ങളെ സംബന്ധിച്ച സംശയങ്ങളും തെറ്റിദ്ധാരണകളും ഉണ്ടാവുന്നു. ന്യൂജെൻ കുട്ടികൾക്ക് വിശ്വാ സസംഹിതകൾ കലർപ്പ്കൂടാതെ പങ്കുവയ്ക്കുവാൻ, കത്തോലിക്കാവിശ്വാസ

ത്തിന്റെ കേന്ദ്രസത്യങ്ങളെ സഭയുടെ മടിത്തട്ടിൽ നിന്നും സ്വീകരിക്കുവാൻ മതാധ്യാപകർക്കായി ഒരുക്കുന്ന ഒരു സെമിനാറാണ് *'CREDO'* 2020. മാർച്ച് 28-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നരം 4.00 വരെ നടക്കുന്ന സെമിനാറിലേയ്ക്ക് എല്ലാ വിശ്വാസപരിശീലകരെയും സ്വാഗതം ചെയ്യുന്നു. പങ്കെടുക്കുന്നവർ സന്ദേശനിലയത്തിൽ മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 2020-21 വർഷത്തെ ബൈബിൾ കലോത്സവം

1. 2020-21 വർഷത്തെ ബൈബിൾ കലോത്സവത്തിന്റെ ബ്രോഷർ 2020 ഏപ്രിൽ 18 നു മുമ്പായി സന്ദേശനിലയത്തിൽ നിന്നും ലഭിക്കുന്നതാണ്.
2. ഫൊറോന കലോത്സവങ്ങൾ ആഗസ്റ്റ് 31 നു മുമ്പായി നടത്തേണ്ടതാണ്.
3. അതിരൂപതാ ബൈബിൾ കലോത്സവം ഒക്ടോബർമാസം നടത്തപ്പെടും.
4. ഫൊറോന അതിരൂപതാ രചനാമത്സരങ്ങൾ ജൂൺ, ജൂലൈ മാസങ്ങളിൽ നടത്തപ്പെടുന്നതാണ്.
5. ഗ്രൂപ്പ് ഇനങ്ങൾക്ക് ഫൊറോനതലത്തിൽ ഗ്രേഡ് സിസ്റ്റം ആയിരിക്കും. അതിരൂപതാതലത്തിൽ ഗ്രൂപ്പ് ഇനങ്ങളിൽ മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല.
6. ബൈബിൾ കലോത്സവത്തിലെ മത്സരങ്ങളുടെ ഇനവും വിഷയങ്ങളും ബ്രോഷറിൽ നല്കപ്പെടുന്നതാണ്.

## ആദരാഞ്ജലികൾ

മുഹമ്മ സൺഡേസ്കൂളിലെ മറിയാമ്മ ടീച്ചറിന്റെയും തൃക്കൊടിത്താനം ഫൊറോന മുൻ സൺഡേസ്കൂൾ ഡയറക്ടർ ഫാ. ജോസഫ് കുറിയന്നൂർപറമ്പിലിന്റെ സഹോദരന്റെയും തിരുവനന്തപുരം മുൻ ഫൊറോന സെക്രട്ടറി സി. അനു ഡി.എസ്.എഫ്.എസിന്റെ മാതാവിന്റെയും ഇത്തിത്താനം സെന്റ് മേരീസ് സൺഡേസ്കൂൾ മുൻ അധ്യാപകൻ ശ്രീ. ഫിലിപ്പ് ആന്റണി കാച്ചാംകോടിന്റെയും നർബോനപുരം സെന്റ് സെബാസ്റ്റ്യൻ സൺഡേസ്കൂൾ മുൻ സി.ആർ.റ്റി. അംഗമായ ശ്രീ. ഫിലിപ്പോസ് ഷാനവാസിന്റെ മകന്റെയും ആർപ്പൂക്കര ചെറുപുഷ്പം സൺഡേസ്കൂൾ അധ്യാപിക ശ്രീമതി ബീന സാജന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹമുള്ളവരെ,

ആരാധനവത്സരത്തിലെ നോമ്പുകാലത്തിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. ഈശോ നമ്മോടുള്ള സ്നേഹത്തെപ്രതി സഹിച്ച പാടുപീഢകളെ ഓർത്ത് ധ്യാനിക്കുവാനും അതുവഴി ഈശോയുടെ സ്നേഹം കൂടുതൽ ആഴത്തിൽ മനസ്സിലാക്കുവാനും നമ്മുക്ക് ഇടയാവട്ടെ. ഈശോയോട് ചേർന്ന് പരീക്ഷയ്ക്കായി ഒരുങ്ങുവാനും നല്ല വിജയം കൈവരിക്കുവാനും സാധിക്കട്ടെ എന്നാശംസിക്കുന്നു. 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായ് ക്രമീകരിച്ചിരിക്കുന്ന ദൈവവിളി സെമിനാർ ഓർമ്മയിലുണ്ടായിരിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മാർച്ച് 2020**

19 വ്യാഴം : **മാർ യൗസേപ്പിതാവിന്റെ മരണതിരുനാൾ**
(മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് പവ്വത്തിൽ എന്നിവരുടെ നാമഹേതുക തിരുനാൾ (ഓഫീസ് അവധി)

27 വെള്ളി : ആൺകുട്ടികൾക്കായുള്ള അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ് കുറിച്ചി സെമിനാരിയിൽ വെള്ളിയാഴ്ച വൈകുന്നരം 5 മണിക്ക് ആരംഭിച്ച് 30-ാം തീയതി ഉച്ചയ്ക്ക് അവസാനിക്കുന്നു.

28 ശനി : പെൺകുട്ടികൾക്കായുള്ള ഒരു ദിവസത്തെ സെമിനാർ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 മണിവരെ സന്ദേശനിലയത്തിൽ

**ഏപ്രിൽ 2020**

1 ബുധൻ : വിശ്വാസോത്സവം ആരംഭിക്കുന്നു. (ഏപ്രിൽ 1 നും 15നും ഇടയ്ക്കുള്ള ഏതെങ്കിലും 10 ദിവസങ്ങൾ)

5 ഞായർ : **ഓശാന ഞായർ**

9 വ്യാഴം : **പെസഹാവ്യാഴം**

10 വെള്ളി : **ദുഃഖവെള്ളി**

11 ശനി : **വലിയശനി**

12 ഞായർ : **ഉയിർപ്പുതിരുനാൾ**
(ഏപ്രിൽ 8 ബുധൻ മുതൽ 12 ഞായർ വരെ ഓഫീസ് അവധിയായിരിക്കും)

## ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ നമ്മുടെ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ് ആൺകുട്ടികൾക്കായ് മാർച്ച് 27-ാം തീയതി വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 30-ാം തീയതി ഉച്ചയ്ക്ക് അവസാനിക്കുന്ന വിധത്തിൽ കുറിച്ചി സെമിനാരിയിൽ നടത്തപ്പെടുകയാണ്. പെൺകുട്ടികൾക്ക് ഒരു ദിവസത്തെ സെമിനാർ മാർച്ച് 28-ാം തീയതി രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 മണിവരെ സന്ദേശനിലയത്തിലും ക്രമീകരിച്ചിരിക്കുന്നു. രജി. ഫീസ് ആൺകുട്ടികൾക്ക് 300 രൂപയും പെൺകുട്ടികൾക്ക് 75 രൂപയും ആയിരിക്കും.

## മിഷൻ വോയ്സ് - ക്രിസ്കാർഡ് മത്സരവിജയികൾ

ഈ വർഷം നടത്തിയ മിഷൻ വോയ്സ് പത്ര മത്സരത്തിലും ക്രിസ്തുമസിനോടനുബന്ധിച്ച് നടത്തിയ ക്രിസ് കാർഡ് മത്സരത്തിലും പങ്കെടുത്തവർക്ക് അഭിനന്ദനങ്ങൾ. സമ്മാനാർഹരായവരുടെയും പ്രോത്സാഹന സമ്മാനം ലഭിച്ചവരുടെയും ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**മിഷൻവോയ്സ് പത്ര മത്സരവിജയികൾ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | - | സെന്റ് ജോസഫ്സ് വെരൂർ |
| രണ്ടാം സമ്മാനം | - | സെന്റ് ജോസഫ്സ് ചമ്പക്കര |
| മൂന്നാം സമ്മാനം | - | സെന്റ് ജോസഫ്സ് കൊണ്ടാക്കൽ |

**പ്രോത്സാഹന സമ്മാനങ്ങൾ**

| | | |
|---|---|---|
| ആലപ്പുഴ | - | എസ്. എച്ച്. അറൂനൂറ്റുംപാടം |
| അമ്പൂരി | - | സെന്റ് ജോർജ്ജ് അമ്പൂരി |
| അതിരമ്പുഴ | - | സെന്റ് സെബാസ്റ്റ്യൻസ് ചെറുവാണ്ടൂർ |
| ചമ്പക്കുളം | - | സെന്റ് സെബാസ്റ്റ്യൻസ് നർബോനപുരം |
| ചങ്ങനാശ്ശേരി | - | ഡോൺ ബോസ്കോ ചെത്തിപ്പുഴ |
| കൊല്ലം - ആയൂർ | - | ക്രിസ്തുരാജ് ആയൂർ |
| കോട്ടയം | - | സെന്റ് ആന്റണീസ് പുതുപ്പള്ളി |
| കുടമാളൂർ | - | സെന്റ് മേരീസ് കുടമാളൂർ |
| മണിമല | - | എസ്. എച്ച്. കരിമ്പനക്കുളം |
| നെടുംകുന്നം | - | സെന്റ് മേരീസ് കൂത്രപ്പള്ളി |
| പുളിംകുന്ന് | - | സെന്റ് മേരീസ് മണലാടി |
| തിരുവനന്തപുരം | - | സെന്റ് മദർ തെരേസ കണ്ണമ്മൂല |
| തൃക്കൊടിത്താനം | - | സെന്റ് സേവ്യേഴ്സ് തൃക്കൊടിത്താനം |
| തുരുത്തി | - | സെന്റ് മേരീസ് ഇത്തിത്താനം |

**ക്രിസ്കാർഡ് മത്സരവിജയികൾ**

ഒന്നാം സമ്മാനം - ജയ്സൽ ഷിബു സെന്റ് മേരീസ് കൂത്രപ്പള്ളി

രണ്ടാം സമ്മാനം - ജൂണാ എലിസബത്ത് ജോസഫ്<br>സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുങ്കുന്നം

മൂന്നാം സമ്മാനം - ജിതിൻ സെന്റ് ആന്റണീസ് പുതുപ്പള്ളി

**പ്രോത്സാഹന സമ്മാനങ്ങൾ**

ജെസ്വിൻ ബിനി (എസ്. എച്ച്. കരിമ്പനക്കുളം), ക്രിസ്റ്റി തെരേസാ ചാക്കോ (സെന്റ് ആന്റണീസ് പുതുപ്പള്ളി), അർപ്പിത മറിയം ഔസേഫ് (സെന്റ് പയസ് X<sup>th</sup> മങ്കൊമ്പ്), ഗോഡ്ലിൻ (സെന്റ് തോമസ് മുട്ടാർ), സെബാസ്റ്റ്യൻ ബിജു സ്രാമ്പിക്കൽ (ക്രൈസ്റ്റ് ദി കിംഗ് ആയൂർ).

## 2019-20 വർഷം അർദ്ധവാഷിക റിപ്പോർട്ടിലെ മികച്ച യൂണിറ്റുകൾ

പ്രവർത്തനവർഷം അതിരൂപത നിർദ്ദേശങ്ങളോട് സഹകരിച്ച് ശാഖാ തലത്തിൽ മികച്ച പ്രവർത്തനം നടത്തിയ എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. ശാഖകളിൽ നിന്നും ലഭിച്ച പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മോഡൽ യൂണിറ്റുകളായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഇടവകയുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആലപ്പുഴ | - | സെന്റ് ജോർജ്ജ് പുത്തനങ്ങാടി |
| അതിരമ്പുഴ | - | സെന്റ് മേരീസ് അതിരമ്പുഴ |
| ചമ്പക്കുളം | - | സെന്റ് തോമസ് പൊങ്ങ |
| ചങ്ങനാശ്ശേരി | - | സെന്റ് സെബാസ്റ്റ്യൻസ് മഹേന്ദ്രപുരം |
| എടത്വാ | - | ലൂർദ്ദ് മാതാ പച്ച |
| കൊല്ലം ആയുർ | - | സെന്റ് സെബാസ്റ്റ്യൻസ് ചെറിയവെളിനെല്ലൂർ |
| കോട്ടയം | - | മർത്ത് മറിയം ചേപ്പുംപാറ |
| കുറുമ്പനാടം | - | സെന്റ് മേരീസ് ഇരവുചിറ |
| കുടമാളൂർ | - | സെന്റ് ആന്റണീസ് ചീപ്പുങ്കൽ |
| മണിമല | - | എസ്. എച്ച്. കരിമ്പനക്കുളം |
| നെടുംങ്കുന്നം | - | സെന്റ് സെബാസ്റ്റ്യൻസ് ചമ്പക്കര |
| പുളിംകുന്ന് | - | സെന്റ് മേരീസ് മണലാടി |
| തിരുവനന്തപുരം | - | മദർ തെരേസ കണ്ണമ്മൂല |
| തൃക്കൊടിത്താനം | - | സെന്റ് സെബാസ്റ്റ്യൻസ് ചാഞ്ഞോടി |
| തുരുത്തി | - | സെന്റ് മേരീസ് ഇത്തിത്താനം |

അവാർഡുകൾ അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് നല്കുന്നതാണ്.

## ആദരാഞ്ജലികൾ

ചങ്ങനാശ്ശേരി അതിരൂപതാ ചെറുപുഷ്പമിഷൻലീഗ് മുൻ ഓഫീസ് സെക്രട്ടറിയായും അതിരമ്പുഴ മേഖലാ ഓർഗനൈസിംഗ് പ്രസിഡന്റായും സേവനമനുഷ്ഠിച്ച ശ്രീ. സി. വി. ദേവസ്യാ ചാത്തിമറ്റത്തിലിന്റെ നിര്യാണത്തിൽ അതിരൂപത മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

നോമ്പുകാലത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ നോമ്പാചരണം ഏവർക്കും അനുഗ്രഹമായിത്തിരട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.

ലിറ്റർജിക്കൽ ക്വിസ് മത്സരം ഭംഗിയായി ക്രമീകരിക്കാൻ സഹകരിച്ച എല്ലാവർക്കും സ്നേഹപൂർവ്വം ഞാൻ നന്ദിപറയുന്നു. സൗഹൃദം സന്ദർശന പരിപാടിയിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞവർഷത്തെപ്പോലെ ഈ വർഷവും കെരിഗ്മ (കൂട്ടായ്മാ ലീഡേഴ്സിന്റെ ഫൊറോനാ സംഗമം) മാർച്ച് മാസത്തിൽ ആരംഭിക്കുകയാണ്. അറിയിപ്പുകൾ ലഭിക്കുന്നതനുസരിച്ച് ഇതിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ സംഗമത്തിൽ പഞ്ചവത്സര പഠനവിഷയത്തേക്കുറിച്ച് ക്ലാസ് നൽകുന്നതാണ്.

എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാ സഹായ സഹകരണങ്ങളും നൽകി വരുന്ന എല്ലാവർക്കും നന്ദിയർപ്പിക്കുന്നു

സ്നേഹപൂർവ്വം,

**ഫാ. ജെന്നി കായംകുളത്തുശേരി**

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ഇടവകദിനാചരണം

ലൂർദ്ദ്ഹിൽ പേരൂർക്കട ഇടവകയിൽ ജനുവരി 26-ന് ഇടവകദിനാചരണം സംഘടിപ്പിച്ചു. കുടുംബക്കൂട്ടായ്മ ഡയറക്ടർ ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകി. റവ. ഫാ. ജോൺ വടക്കേക്കളം നേതൃത്വം നൽകി.

### കുടുംബക്കൂട്ടായ്മാ സെൻട്രൽ കമ്മിറ്റി മീറ്റിംഗ്

കുടുംബക്കൂട്ടായ്മാ സെൻട്രൽ കമ്മിറ്റി മീറ്റിംഗ് 2020 ഫെബ്രുവരി 7-ാം തീയതി രാവിലെ 10 മണിക്ക് കൂടുകയുണ്ടായി. ഫെബ്രുവരി 7-ാം തീയതി നടക്കേണ്ട ലിറ്റർജിക്കൽ ക്വിസ് മത്സര ക്രമീകരണങ്ങൾക്കാവശ്യമായ കമ്മറ്റികൾ രൂപികരിച്ചു. പ്രവർത്തന വർഷ പരിപാടികൾ ഡയറക്ടറച്ചൻ വിശദികരിച്ചു. പ്രാർത്ഥനയോടെ സമാപിച്ചു.

### പ്രേഷിത സംഗമം

അതിരൂപത ബൈബിൾ കൺവൻഷനൊരുക്കമായി ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം ഫൊറോനകളിലെ കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെ സംഗമം 2020 ഫെബ്രു. 8- ാം തീയതി ഉച്ചകഴിഞ്ഞ് 3.00 ന് ചങ്ങനാശേരി പാറേൽ പള്ളി പാരീഷ് ഹാളിൽവച്ച് നടത്തപ്പെട്ടു. പ്രസ്തുത ഫൊറോനകളിൽ നിന്നായി 56 പേർ ഈ സംഗമത്തിൽ പങ്കെടുത്തു. കത്തീഡ്രൽ വികാരി പെരി. ബഹു. കുര്യൻ പുത്തൻപുര സംഗമം ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകുകയും ബൈബിൾ കൺവൻഷൻ അതിരൂപത കോർഡിനേറ്ററും കുടുംബക്കൂട്ടായ്മാ, ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടറുമായ റവ.ഫാ. ജെന്നി കായംകുളത്തുശേരി മാർഗ്ഗ നിർദ്ദശങ്ങൾ നൽകുകയും ചെയ്തു.

## ലിറ്റർജിക്കൽ ക്വിസ് അതിരൂപതാ മത്സരവും ലോഗോസ് ക്വിസ് സമ്മാനദാനവും.

2020 ഫെബ്രു. 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ലിറ്റർജിക്കൽ ക്വിസ് അതിരൂപത മത്സരവും തുടർന്ന് ലോഗോസ് സമ്മാനദാനവും ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെയുകയുണ്ടായി. വിവിധ ഇടവകകളിൽ നിന്നായി 36 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. കുടുംബക്കൂട്ടായ്മാ- ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടറായ റവ. ഫാ. ജെന്നി കായംകുളത്തുശേരി ക്വിസ് മാസ്റ്ററായി സേവനം ചെയ്തു. മത്സരത്തിൽ ശ്രീമതി വത്സമ്മ സ്കറിയാ അമ്പലത്തട്ടിൽ, ശ്രീമതി ഫിൽസി സനിൽ തുരുത്തേൽ മതിച്ചിയിൽ, ശ്രീമതി ത്രേസ്യാമ്മ ജോർജ്ജ് കുരീക്കാട്, ശ്രീമതി ആശാ ജയ്സൺ കല്ലുകളം, ശ്രീമതി ബീനാ മോനിച്ചൻ നിരയത്ത്, ശ്രീ. സിബിച്ചൻ പറപ്പള്ളി എന്നിവർ യഥാക്രമം ഒന്നു മുതൽ അഞ്ചുവരെ സ്ഥാനങ്ങൾ കരസ്ഥമാക്കി. ലിറ്റർജിക്കൽ ക്വിസ് വിജയികൾക്കും ലോഗോസ് ക്വിസ് 2019 അതിരൂപതാ വിജയികൾക്കും അതിരൂപത പ്രോക്യുറേറ്റർ വെരി റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ ട്രോഫികളും ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകുകയുണ്ടായി.

## കെ. എൽ. റ്റി കോഴ്സ്.

2020 ഫെബ്രു. 15 ശനിയാഴ്ച 9:30 മുതൽ 12:30 വരെ വിദ്യാനികേതൻ ഹാളിൽവച്ച് കൂട്ടായ്മാ ലീഡേഴ്സിനുള്ള കെ.എൽ.റ്റി ക്ലാസ് നടത്തപ്പെട്ടു. റവ. ഡോ. ജേക്കബ് കിഴക്കേവീട്ടിൽ ആരാധനക്രമത്തെക്കുറിച്ച് ക്ലാസ് നയിച്ചു.

## സൗഹൃദം - സന്ദർശനം

കുടുംബക്കൂട്ടായ്മാ അതിരൂപതാ ഡയറക്ടറും ടീമും ഫൊറോന കൾ സന്ദർശിച്ച് ഓരോ ഇടവകയിലേയും ജനറൽ കൺവീനർ, ജനറൽ സെക്രട്ടറി, ആനിമേറ്റർ സിസ്റ്റർ എന്നിവരെ ഫൊറോന കേന്ദ്രത്തിലെത്തി കാണുകയും പ്രവർത്തന പരിപാടികൾ വിശദികരിക്കുകയും ചെയ്യുന്ന സൗഹൃദം - സന്ദർശന പരിപാടി 2020 ഫെബ്രു. 15 ശനിയാഴ്ച രാവിലെ 10 ന് കുറുമ്പനാടം ഫൊറോനയിലും, ഉച്ചകഴിഞ്ഞ് 2:00 ന് മണിമല ഫൊറോനയിലും, വൈകുന്നേരം 4 മണിക്ക് നെടുംകുന്നം ഫൊറോനയിലും നടത്തുകയുണ്ടായി. ഇത് സംഘടിപ്പിക്കാൻ സഹകരിച്ച പെരി. ബഹു. ഫൊറോനാ വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും ഫൊറോനാ സമിതി അംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

## ആത്മീയസംഗമം

കൂട്ടായ്മാ അതിരൂപതാ നേതൃത്വം ഭവനങ്ങളിൽ സംഘടിച്ച് കൂട്ടായ്മാ പ്രവർത്തകരേയും പ്രവർത്തനങ്ങളേയും സമർപ്പിച്ച് ഓരോ മാസവും നടത്തിവരുന്ന ആത്മീയസംഗമം പ്രാർത്ഥനാ കൂട്ടായ്മാ 2020 ഫെബ്രു. 20 വ്യാഴാഴ്ച ശ്രീ. ജോബ് ആന്റണിയുടെ ഭവനത്തിൽ കൂടുകയുണ്ടായി. ഡയ റക്ടർ നേതൃത്വം വഹിച്ചു.

## ബസാലേൽ കൺവൻഷൻ

അതിരൂപത ഡയറക്ടറും ടീമും ഇടവകകൾ സന്ദർശിച്ച് കൂട്ടായ്മാലീഡേഴ് സിന് പരിശീലനം നൽകുന്ന ബസാലേൽ കൺവൻഷൻ ഫെബ്രുവരി 22-ാം തീയതി സെന്റ് സേവ്യേഴ്സ് വില്ലൂന്നി ഇടവകയിലും 23-ാം തീയതി സെന്റ്

സേവ്യേഴ്സ് കട്ടച്ചിറ ഇടവകയിലും നടത്തപ്പെടുകയുണ്ടായി. ഡയറക്ടർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ശ്രീ. ജോബ് ആന്റണി നേതൃത്വം വഹിക്കുകയും ചെയ്തു. വില്ലൂന്നി ഇടവകയിൽ പരിപാടി നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്ത റവ. ഫാ. മാത്യു താന്നിയത്തച്ചനും കൊച്ചച്ചനും കട്ടച്ചിറ ഇടവകയിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്ത റവ. ഫാ. ജോസഫ് പുത്തൻപറമ്പിലച്ചനും നന്ദിയർപ്പിക്കുന്നു.

### കൂട്ടായ്മ വാർഷികം

ഹോളിഫാമിലി ഈസ്റ്റ് മിത്രക്കരി ഇടവകയിൽ ഫെബ്രുവരി 23-ാം തീയതി കുടുംബക്കൂട്ടായ്മ വാർഷികം സംഘടിപ്പിച്ചു. ഡയക്ടറച്ചൻ സന്ദേശം നൽകി റവ. ഫാ. ജെയിംസ് കൊക്കാവയലിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു.

### കുടുംബക്കൂട്ടായ്മ പാസ്റ്ററൽ കൗൺസിൽ സമിതി സമ്മേളനം

ഫെബ്രുവരി 22-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് വിദ്യാനികേതൻ ഹാളിൽവച്ച് കൂട്ടായ്മ പാസ്റ്ററൽ കൗൺസിൽ സമിതി സമ്മേളനം കൂടുകയും പ്രവർത്തനവർഷപരിപാടികൾ ചർച്ചചെയ്യുകയും ചെയ്തു. കൺവീനർ സിബി മുക്കാടൻ സ്വാഗതം ആശംസിക്കുകയും ഡയറക്ടർ മാർഗ്ഗനിർദ്ദേം നൽകുകയും ചെയ്തു.

## അറിയിപ്പുകൾ

**മാർച്ച് 2020**

| | | |
|---|---|---|
| 07 ശനി | : | **സൗഹൃദം**<br>കോട്ടയം ഫൊറോനാ (രാവിലെ 10 മണി)<br>കുടമാളൂർ ഫൊറോനാ (ഉച്ചകഴിഞ്ഞ് 2 മണി)<br>അതിരമ്പുഴ ഫൊറോനാ (വൈകുന്നേരം 4 മണി)<br>KLT ക്ലാസ്സ് - ക്രൈസ്തവ ധാർമ്മികത -<br>റവ. ഡോ. ടോം കൈനിക്കര |
| 14 ശനി | : | KLT ക്ലാസ്സ്<br>**സൗഹൃദം**<br>എടത്വ ഫൊറോനാ (ഉച്ചകഴിഞ്ഞ് 3 മണി) |
| 19 വ്യാഴം | : | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ<br>(ഓഫീസ് അവധി) |
| 21 ശനി | : | **കെരിഗ്മ** ആലപ്പുഴ ഫൊറോനാ |
| 26 വ്യാഴം | : | ആത്മീയസംഗമം |
| 28 ശനി | : | KLT ക്ലാസ്സ് - ദൈവാരാധന - റവ. ഡോ. ജേക്കബ് കിഴക്കേവീട്<br>**സൗഹൃദം**<br>കൊല്ലം ഫൊറോനാ (രാവിലെ 10 മണി)<br>തിരുവനന്തപുരം ഫൊറോനാ (വൈകുന്നേരം 5.30 ന്) |
| 29 ഞായർ | : | **സൗഹൃദം**<br>അമ്പൂരി ഫൊറോനാ (രാവിലെ 10 മണി) |

പ്രിയ കുടുംബ പ്രേഷിതരേ,

എല്ലാവരും പുതിയ വർഷത്തിന്റെ പുത്തൻ ഉണർവ്വിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി ഫൊറോനാ തലത്തിലും യൂണിറ്റു തലങ്ങളിലും ഇതിനോടകം വാർഷികങ്ങളും പ്രവർത്തനവർഷ ഉദ്ഘാടനങ്ങളും നടത്തപ്പെട്ടു കഴിഞ്ഞു. ഇനിയും നടത്താനുള്ള ഇടങ്ങളിൽ അതിനുള്ള ഒരുക്കങ്ങളും നടന്നുവരുന്നു എന്നുള്ളത് ഏറെ സന്തോഷകരമായ കാര്യം തന്നെ. ഫെബ്രുവരി 21-ാം തീയതി അതിരൂപതയിൽ വച്ചു നടത്തപ്പെട്ട ഫൊറോനാ ഭാരവാഹികളുടെ സംഗമവും ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുമെന്നുള്ളതിന് തർക്കമില്ല. 'എൽറോയ് 2020' എന്ന അതിരൂപതാ കർമ്മ പദ്ധതികളോടു ചേർന്നു നിന്ന് നമ്മുടെ കേന്ദ്ര വിഷയത്തോടു നീതി പുലർത്തുന്ന കർമ്മ പദ്ധതികൾ ഫൊറോനകളിലും യൂണിറ്റുകളിലും നടപ്പിലാക്കാൻ ശ്രമിക്കുമ്പോഴാണ് നമ്മുടെ ഇടവകകളിലെ കുടുംബങ്ങൾ ലക്ഷ്യ പ്രാപ്തിയിലെത്തുകയുള്ളു.

ജീവനെതിരായി ശക്തമായ പൈശാചിക അതിക്രമങ്ങൾ തുടർച്ചയായി അലയടിക്കുന്ന ഇക്കാലയളവിൽ നമ്മുടെ ഇടവകകളിലെ പ്രോലൈഫ് സെൽ ശക്തമാക്കപ്പെടുകയും ജീവൻ സേനകൾ ഉണർത്തപ്പെടുകയും വേണം. മാർച്ച് 25 പ്രോലൈഫ് ദിനമായി പ്രത്യേകമാംവിധം ആചരിക്കുകയും ഓരോ സന്യാസ ഭവനങ്ങൾ ഓരോ ഇടവകകളേയും ദത്തെടുത്ത് പ്രാർത്ഥിക്കുന്ന പുതിയ ജീവന്റെ ദൗത്യം ഏറ്റെടുക്കുവാനും എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ജീവനുവേണ്ടി പ്രാർത്ഥിക്കുന്നത് നമ്മുടെ കുടുംബങ്ങളുടെ പ്രത്യേക ഉത്തരവാദിത്തമായി സ്വീകരിക്കാം. അങ്ങനെ സഭയുടെ പ്രോലൈഫ് പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം.

നന്മകൾ നേർന്നുകൊണ്ട്,

**ഫാ. മാത്യു അഞ്ചിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### 1. യൂണിറ്റ് ഫൊറോന - അതിരൂപത പ്രവർത്തനവർഷ ഉദ്ഘാടനങ്ങൾ

അതിരൂപത പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും നടത്തപ്പെട്ടതിന്റെ തുടർച്ചയായി എല്ലാം ഫൊറോനകളിലും, യൂണിറ്റുകളിലും, പ്രവർത്തനവർഷ ഉദ്ഘാടനം, മാർഗ്ഗരേഖ തയ്യാറാക്കൽ തുടങ്ങി വിവിധ കർമ്മപരിപാടികൾ ഫെബ്രുവരി മാസം പൂർത്തിയായി.

### 2. അതിരൂപത നേതൃസംഗമം

മാർഗ്ഗരേഖ അനുസരിച്ച് ഈ വർഷത്തെ കർമ്മപരിപാടികൾ വിശദമായി മനസ്സിലാക്കി ഫൊറോന, യൂണിറ്റ് തലങ്ങളിൽ കർമ്മപരിപാടികൾ സജീവമാക്കുവാൻ നടത്തിയ അതിരൂപത നേതൃസംഗമം ചെത്തിപ്പുഴ സർഗ്ഗക്ഷേത്ര

ഡയറക്ടർ ബഹു. ഫാ. അലക്സ് പ്രായിക്കളം സി.എം.ഐ. ഉദ്ഘാടനം ചെയ്തു. 150 ഫൊറോന ഭാരവാഹികൾ സമ്മേളനത്തിൽ പങ്കെടുത്തു.

### 3. യൂദിത്ത് സംഗമം

മാതൃവേദി റൂബി ജൂബിലിയുടെ ഭാഗമായി 55 വയസ്സിൽ താഴെ പ്രായമുള്ള വിധവകളായ അമ്മമാരുടെ കൂട്ടായ്മയായ യൂദിത്ത് ഫോറം രൂപീകരിക്കുകയും ആദ്യ കൂട്ടായ്മ ഫെബ്രുവരി 13-ാം തീയതി വ്യാഴാഴ്ച സംഘടിപ്പിക്കുകയും ചെയ്തു. കെ.സി.ബി.സി. ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോബി മൂലയിൽ ഉദ്ഘാടനം ചെയ്തു. 150-തിൽ അധികം ആളുകൾ പങ്കെടുത്തു. എറണാകുളം അങ്കമാലി അതിരൂപതയുടെ യൂദിത്ത് ഫോറം ടീം അംഗങ്ങളായ ശ്രീമതി ശാന്തിയും ശ്രീമതി മഞ്ജുവും ക്ലാസ്സുകൾ നയിച്ചു.

### 4. കാണാ കൺമണി (മക്കളില്ലാത്ത ദമ്പതികളുടെ സംഗമം)

മാതൃവേദി റൂബി ജൂബിലിയുടെ ഭാഗമായി മക്കളില്ലാത്ത ദമ്പതികളുടെ സംഗമം അതിരൂപത പാസ്റ്ററൽ സെന്ററിൽവെച്ച് ഫെബ്രുവരി 22-ാം തീയതി നടത്തപ്പെട്ടു. 16 ഫൊറോനകളിൽനിന്ന് 100 ലധികം ദമ്പതികൾ സംബന്ധിച്ചു. അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം സംഗമം പ്രത്യേക പ്രാർത്ഥന നടത്തി ഉദ്ഘാടനം ചെയ്തു. കോതമംഗലം രൂപതയിലെ ബേദ്‌ലഹേം മിനിസ്ട്രിക്ക് നേതൃത്വം നൽകുന്ന സോജു - മരിയാ ദമ്പതികളാണ് ക്ലാസ്സുകൾ നയിച്ചത്.

## അറിയിപ്പുകൾ

### 1. ജ്വലനം 2020 ഫൊറോന നേതൃസംഗമം

മാർച്ച് മാസം 1-ാം തീയതി മുതൽ ജ്വലനം-2020 ഫൊറോന നേതൃസമ്മേളനങ്ങൾ ആരംഭിക്കുകയാണ്. അതിരൂപത ഭാരവാഹികളുടെ ആദ്യഘട്ട ഫൊറോന സന്ദർശനം, എൽറോയി 2020 - ഫൊറോന തല ഉദ്ഘാടനം തുടങ്ങി വിവിധ പരിപാടികളോട് കൂടിയാണ് ജ്വലനം 2020 നടത്തപ്പെടുക. നേതൃത്വ നിരയിൽ പ്രവർത്തിക്കുന്ന പരമാവധി യൂണിറ്റ് അംഗങ്ങളെ പങ്കെടുപ്പിക്കുവാനും വളരെ മുൻ ഒരുക്കത്തോടുകൂടി ക്രമീകരിക്കാനും ശ്രമിക്കണം. ഫൊറോനകളെ സഹായിക്കാൻ ഓരോ അതിരൂപത ഭാരവാഹികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ സഹായവും നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കുമല്ലോ.

### 2. യൂണിറ്റ് സന്ദർശനം

ഫൊറോന നേതൃസംഗമത്തിന് മുൻപ് യൂണിറ്റ് സന്ദർശനങ്ങൾ നടത്തി യൂണിറ്റുകളെ സജീവമാക്കുവാനും യൂണിറ്റ് തലത്തിലും മാർഗ്ഗരേഖ തയ്യാറാക്കി ഉയർപ്പ് തിരുനാൾ ദിവസം (പ്രസ്തുത ആഴ്ച) എൽറോയി 2020 - ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മ പരിപാടികൾ യൂണിറ്റിൽ ഉദ്ഘാടനം ചെയ്ത് ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഫൊറോന ഭാരവാഹികൾ നടത്തണം.

### 3. ഇടവക തലത്തിൽ ദമ്പതി സംഗമം

ഇടവകയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി ഉയിർപ്പ് തിരുനാളിന് മുൻപായി ഇടവകതലത്തിൽ ദമ്പതിസംഗമം, തിരുബാലസഖ്യം, യുവദമ്പതിസംഗമം എന്നിവ നടത്തുന്നത് ഉചിതമായിരിക്കും.

## 4. സുബാറ മീറ്റ് (ഗർഭിണികളുടെ സംഗമം)

മാതൃവേദി റൂബി ജൂബിലിയുടെ ഭാഗമായി ഗർഭിണികളുടെ സംഗമം (സുബാറാ മീറ്റ്), എയ്ഞ്ചൽസ് മീറ്റ് തുടങ്ങിയ കർമ്മപരിപാടികൾ ആരംഭിക്കുന്നു. മാർച്ച് മാസത്തിൽ നടക്കുന്ന പ്രസ്തുത പ്രോഗ്രാമുകളുടെ വിശദവിവരം ഉടൻതന്നെ അറിയിക്കുന്നതാണ്. അതിരൂപത സംഗമങ്ങൾക്ക് മുൻമ്പായി എല്ലാ ഇടവകയിലും പ്രസ്തുത സംഗമങ്ങൾ നടത്തുന്നത് ഉചിതമായിരിക്കും.

## 5. ഫണ്ട് ശേഖരണം (കൂപ്പൺ പദ്ധതി)

യൂണിറ്റ് – ഫൊറോന അതിരൂപതയ്ക്ക് ഫണ്ട് ശേഖരണത്തിന് നമുക്കുള്ള ഏക മാർഗ്ഗം കൂപ്പൺ പദ്ധതി മാത്രമാണ്. കഴിഞ്ഞ വർഷം നൽകിയ അതേ എണ്ണം കുറ്റികൾ മാത്രമാണ് ഈ വർഷവും ഫൊറോനകൾക്ക് നൽകുന്നത്. മാർച്ച് ആദ്യം ഫൊറോനകളിൽ ലഭിക്കുന്ന കൂപ്പൺ കുറ്റികൾ യൂണിറ്റുകൾക്ക് കൊടുത്ത് ഭവനസന്ദർശനം നടത്തി വിതരണം ചെയ്യണം. ഫണ്ട് ശേഖരണം മാത്രം അല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. യൂണിറ്റ് ഭാരവാഹികൾക്ക് സംഘടനയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങൾ ഓരോ കുടുംബവുമായി സംസാരിക്കാൻ ലഭിക്കുന്ന അവസരമാക്കി മാറ്റുവാൻ ശ്രമിക്കണം. മെയ് അവസാനത്തിന് മുമ്പ് മുഴുവൻ കുറ്റികളും കളക്ഷൻ പൂർത്തിയാക്കി ഫൊറോനകൾ അതിരൂപതയിൽ ഏൽപ്പിക്കണം. യൂണിറ്റുകൾക്ക് 40% ഫൊറോന അതിരൂപതകൾക്ക് 30% വീതമാണ് ഈ വർഷത്തെ വിഹിതമായി നിശ്ചയിച്ചിരിക്കുന്നത്. എല്ലാവരുടെയും, പ്രാർത്ഥനയും സഹായവും പ്രതീക്ഷിക്കുന്നു.

## 6. നിയമാവലി പരിഷ്കരണം

2019 മുതൽ നിയമാവലി (മാതൃ-പിതൃവേദി) പരിഷ്കരണ കമ്മറ്റി പ്രവർത്തിച്ചുവരുന്നു. യൂണിറ്റ്-ഫൊറോന, വ്യക്തികൾക്ക്, നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരിക്കൽക്കൂടി അവസരം നൽകുന്നു. 2020 മെയ് മാസത്തിന് മുൻമ്പ് അതിരൂപത ഓഫീസിൽ നിർദ്ദേശങ്ങൾ എഴുതി നൽകാവുന്നതാണ്. അതിനുശേഷം രൂപത സമിതി തീരുമാനമെടുത്ത് അതിരൂപത ഡയറക്ടർ തീരുമാനം അഭിവന്ദ്യ പിതാവിന്റെ അംഗീകാരത്തോടെ അറിയിക്കുന്നതാണ്.

## 7. മെമ്പർഷിപ്പ്

മാതൃ-പിതൃവേദി സംഘടനയ്ക്ക് എപ്പോഴും യൂണിറ്റുകളിൽ അതിരൂപത ഫോമിൽ മെമ്പർഷിപ്പ് നൽകാവുന്നതാണ്. എന്നാൽ ഇത് പ്രാഥമിക അംഗത്വം മാത്രം ആണ്. എല്ലാ വർഷവും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസത്തിൽ അതിരൂപതയിൽ ഫൊറോന ആനിമേറ്റർ വഴി പ്രസ്തുത അപേക്ഷ അതി. ഡയറക്ടർ അംഗീകരിക്കുമ്പോൾ മാത്രം ആണ് സജീവ അംഗം ആകുന്നത്. ഓരോ വർഷവും അതിരൂപതയിൽ ലഭിക്കുന്ന 3 മാസ അവസരം കൃത്യമായി വിനിയോഗിക്കുക. മറ്റ് അവസരങ്ങളിൽ ഇനി മുതൽ മെമ്പർഷിപ്പ് വിതരണം ഉണ്ടായിരിക്കുന്നതല്ല. മെമ്പർഷിപ്പ് ഫീസ് 15 രൂപയാണ്. വിശദ വിവരം മാർഗ്ഗരേഖ 2020 (പേജ് 13 കാണുക).

## 8. ഫൊറോന - യൂണിറ്റുകൾ ശ്രദ്ധിക്കേണ്ടവ

ഫൊറോന – യൂണിറ്റ് മാർഗ്ഗരേഖകൾ ഫൊറോന നേതൃസംഗമത്തിന് മുൻമ്പായി വിതരണത്തിന് തയ്യാറാകണം. പ്രോലൈഫ്, കുടുംബജ്യോതി മാസിക യൂണിറ്റുകളിൽ നിലവിലുള്ള സംവിധാനം കുറെക്കൂടി മെച്ചപ്പെടുത്തുന്നതിന് ആവശ്യമെങ്കിൽ സംഘടനതലത്തിൽ കോർഡിനേറ്റർമ്മാരെ നിയോഗിക്കണം.

അതിരൂപത കിഡ്സ് ഫെസ്റ്റിന് മുൻമ്പായി ഇടവകതലത്തിൽ - കിഡ്സ് ഫെസ്റ്റ് സംഘടിപ്പിക്കണം. 2020 ജൂൺ മാസം തിരുബാല സഖ്യത്തിൽ കൂടുതൽ അംഗങ്ങളെ ചേർക്കുകയും യുവദമ്പതിമാർക്ക് അംഗത്വം കൊടുത്ത് സംഘടന കുറേക്കൂടി സജീവമാക്കണം. എല്ലാ ഇടവകയിലും മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ബൈബിൾ പ്ലേ സ്കൂൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഈ വർഷം പുതിയതായി ആരംഭിക്കണം.

## 9. അതിരൂപത ഭാരവാഹികളുടെ ഫൊറോന ചുമതലകൾ

ആലപ്പുഴ, ചമ്പക്കുളം, തൃക്കൊടിത്താനം, കോട്ടയം, അതിരമ്പുഴ, കൊല്ലം, നെടുംകുന്നം എന്നീ ഫൊറോനകളിൽ നിന്നുള്ള അതിരൂപത ഭാരവാഹികൾ ആവശ്യമായ നേതൃത്വം നൽകും. മറ്റ് ഫൊറോനകളെ സഹായിക്കാനായി താഴെ പറയുന്നവരെ പ്രത്യേകമായി അതിരൂപത സമതി ചുമതലപ്പെടുത്തുന്നു.

1. എടത്വാ - റവ. ഫാ. റ്റിജോ പുത്തൻപറമ്പിൽ & ജോസഫ് വർഗ്ഗീസ്
2. പുളിംകുന്ന് - റവ. ഫാ. റ്റിജോ പുത്തൻപറമ്പിൽ
3. ചങ്ങനാശ്ശേരി - റവ. ജോൺസൺ ചാലയ്ക്കൽ, ചെറിയാൻ നെല്ലുവേലി
4 കുറുമ്പനാടം - റവ. സി. ജോബിൻ എഫ്.സി.സി., ചെറിയാൻ നെല്ലുവേലി
5. മണിമല - റവ. ഫാ. ജോസ് മുകളേൽ, ആൻസി മാത്യു ചേന്നേത്ത്
6. കുടമാളൂർ - ലാലി ഇളപ്പുങ്കൽ
7. തുരുത്തി - റവ. ഫാ. ജോസ് മുകളേൽ
8. തിരുവനന്തപുരം - റവ. ഫാ. മാത്യു അഞ്ചിൽ
9. അമ്പൂരി - വി. എം. ജോസഫ്

## 10. എയ്ഞ്ചൽസ് മീറ്റ് - മാർച്ച് 30 ന്

മാതൃവേദി റൂബീ ജൂബിലിയുടെ ഭാഗമായി അതിരൂപതാ പ്രോലൈഫ് സമിതിയും മാതൃവേദി - പിതൃവേദി സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ ജീവന്റെ ശുശ്രൂഷകരായ ഭൂമിയിലെ മാലാഖമാരായ നേഴ്സുമാരുടെ സംഗമം 'എയ്ഞ്ചൽസ് മീറ്റ്' 2020 മാർച്ച് 30-ാം തീയതി തിങ്കളാഴ്ച ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 9:30 മുതൽ 3:30 വരെ നടത്തപ്പെടുന്നു. നമ്മുടെ ഇടവകകളിൽ നിന്നും വിവിധ ആശുപത്രികളിലായി ജോലി ചെയ്യുന്ന നേഴ്സുമാരെ പ്രസ്തുത സംഗമത്തിന് പറഞ്ഞയയ്ക്കുമല്ലോ.

## 11. യുവദമ്പതീ സംഗമം

വിവിധ ഒരുക്ക സെമിനാറിന്റെ തുടർച്ചയായി കുടുംബജീവിത തുടർ പരിശീലനത്തിന്റെ ഭാഗമായി ആദ്യ യുവദമ്പതി കൺവൻഷൻ 2020 മാർച്ച് 21, 22 (ശനി, ഞായർ) തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. മാർച്ച് 10 നു മുമ്പായി ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ അറിയിക്കുമല്ലോ.

## വിവാഹ ഒരുക്ക ധ്യാനം

| MARCH 2020 | | APRIL 2020 | | MAY 2020 | |
|---|---|---|---|---|---|
| | | 2,3,4 | Zion | 1, 2, 3 | Zion |
| 9,10,11 | Zion | 6,7,8 | Chry | 11, 12, 13 | Zion |
| 27,28,29 | Chry | 14,15,16 | Zion | 25, 26, 27 | Chry |
| | | 27,28,29 | Chry | | |

## യുവദീപ്തി - എസ്.എം.വൈ.എം. ഷട്ടിൽ മത്സരം നടത്തി

യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ കിളിമല എസ്. എച്ച്. സി.ബി.എസ്.സി. സ്കൂളിൽവച്ച് ഷട്ടിൽ മത്സരം നടത്തി. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽവച്ച് പ്രിൻസിപ്പാൾ ഫാ. തോമസ് പാറത്താനം ഷട്ടിൽ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. ജന. സെക്രട്ടറി ജസ്റ്റിൻ മഞ്ചേരിക്കളം ഡെപ്യൂട്ടി പ്രസിഡന്റ് സീനാ ചെറിയാൻ, ട്രഷറർ ഡിലോ ദേവസ്യ, ബ്രദർ ബ്രിന്റോ മനയത്ത് എന്നിവർ പ്രസംഗിച്ചു. മത്സരത്തിൽ ഒൻപതു ഫൊറോനകൾ പങ്കെടുത്തു. ഒന്നാംസ്ഥാനം മണിമല ഫൊറോനായും രണ്ടാംസ്ഥാനം തൃക്കൊടിത്താനം ഫൊറോനായും കരസ്ഥമാക്കി.

## വാർഷികസെനറ്റ് സമ്മേളനം

യുവദീപ്തി - എസ്.എം.വൈ.എമ്മിന്റെ വാർഷിക സെനറ്റ് സമ്മേളനം ഫെബ്രുവരി 16-ന് രാവിലെ 10 മണിമുതൽ 5 മണിവരെ സന്ദേശനിലയംഹാളിൽ വച്ചു നടത്തി. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ഉദ്ഘാടനം ചെയ്തു. അതിരൂപതാ ആനിമേറ്റർ സിസ്റ്റർ സെലിൻ ജോസ് എസ്.ഡി., ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അതിരൂപതാ ജനറൽ സെക്രട്ടറി ജസ്റ്റിൻ മഞ്ചേരിക്കളം റിപ്പോർട്ടവതരിപ്പിച്ചു. ട്രഷറർ ഡിലോ ദേവസ്യ കണക്കവതരിപ്പിച്ചു. തുടർന്ന് പതിമൂന്ന് ഫൊറോനാകൾ വാർഷിക റിപ്പോർട്ടവതരിപ്പിച്ചു. അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ സന്ദേശം നൽകി. സെനറ്റിൽവച്ച് 2020 പ്രവർത്തനവർഷത്തിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു.

**യൂണിറ്റ് തെരഞ്ഞെടുപ്പ്** - 2020 ഫെബ്രുവരി 17 മുതൽ മാർച്ച് 7 വരെ

**നേതൃത്വപരിശീലന സെമിനാർ** - മാർച്ച് 7, 8 (ശനി, ഞായർ) പാസ്റ്ററൽ സെന്റർ, ചങ്ങനാശേരി

**ഫൊറോനാ തെരഞ്ഞെടുപ്പ്**

മാർച്ച് 14 - ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, നെടുംകുന്നം, കുടമാളൂർ, അതിരമ്പുഴ, കോട്ടയം, മണിമല

മാർച്ച് 15 - എടത്വാ, ആലപ്പുഴ, പുളിംകുന്ന്, ചമ്പക്കുളം, കുറുമ്പനാടം, തിരുവനന്തപുരം, കൊല്ലം-അമ്പൂരി.

**അതിരൂപതാ തെരഞ്ഞെടുപ്പ്**

മാർച്ച് 21, 22 (ശനി, ഞായർ) - സെഹിയോൻ ധ്യാനകേന്ദ്രം കുന്നന്താനം

*ശേഷം പേജ് 82 ൽ........*

സ്നേഹം നിറഞ്ഞ കെ.സി.എസ്.എൽ കുടുംബാംഗങ്ങളെ,

പരീക്ഷയുടെയും പഠനത്തിന്റെയും ചൂടിൽ ആയിരിക്കുന്ന എല്ലാ കൂട്ടുകാർക്കും കെ.സി.എസ്.എൽ കുടുംബത്തിന്റെ എല്ലാവിധ വിജയാശംസകളും നേർന്നുകൊള്ളുന്നു.

കെ.സി.എസ്.എൽ നേതൃത്വത്തിൽ ഫെബ്രുവരി 26, 27 തീയതികളിലായി സെന്റ് ജോസഫ് ഗേൾസ് ഹൈസ്കൂളിൽ പ്രോലൈഫ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണവും എക്സിബിഷനും നടന്നു. മാർച്ച് 2-3 തീയതികളിലായി നെടുങ്കുന്നം സെന്റ് തെരേസാസ് ഗേൾസ് സ്കൂളിൽ പ്രൊലൈഫ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള എക്സിബിഷൻ ഉണ്ടായിരുക്കുന്നതാണ്. MTP ആക്ട് പോലുള്ള അപകടകരമായ പുത്തൻനീക്കങ്ങളുടെ സാഹചര്യത്തിൽ ഇത് കുട്ടികൾക്ക് ഏറെ പ്രയോജനകരമായിരുന്നു.

പരീക്ഷാക്കാലത്തെ എങ്ങനെ നേരിടണമെന്നും എങ്ങനെ ഒരുങ്ങണമെന്നും ആത്മവിശ്വാസവും നിശ്ചയദാർഢ്യവും എങ്ങനെ കൈവരിക്കണമെന്നും ഇത്തവണത്തെ കെ.സി.എസ്.എൽ പ്രസിദ്ധീകരണമായ പ്രതിഭ ചർച്ച ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട ആനിമേറ്റേഴ്സ് 'പ്രതിഭ' കുട്ടികളിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. അടുത്ത മൂന്നുവർഷത്തേക്ക് കെ.സി.എസ്.എൽ-ന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും ഏകോപിപ്പിക്കാനുമായി പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ബഹുമാനപ്പെട്ട കോർപ്പറേറ്റ് മാനേജർ മനോജ് കറുകയിൽ അച്ചന്റെയും ഡയറക്ടറച്ചന്റെയും എക്സിക്യൂട്ടീവ് മെമ്പേഴ്സിന്റെയും നേതൃത്വത്തിൽ ഫെബ്രുവരി 24-ാം തീയതി നടത്തപ്പെട്ടു. പുതിയ പ്രസിഡന്റായി സോണിച്ചൻ കെ.വി. സാർ തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ മൂന്നു വർഷത്തോളമായി കെ.സി.എസ്.എൽ-ന്റെ പ്രവർത്തനങ്ങളിൽ ഏറെ ആത്മാർത്ഥതയോടെ ചുക്കാൻ പിടിച്ചിരുന്ന മുൻ പ്രസിഡന്റ് ബഹുമാനപ്പെട്ട ഷൈരാജ് സാറിന് കെ.സി.എസ്.എൽ കുടുംബത്തിന്റെ എല്ലാവിധ നന്ദിയും കടപ്പാടും അറിയിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

അവധിക്കാലം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുവാനും ഭാഷാ പഠനം, സംഗീത പഠനം ഇതര വിദ്യാഭ്യാസ രീതികൾ എന്നിവ പരിചയപ്പെടുവാനും സമയത്തെ വേണ്ടവിധം ഉപയോഗിക്കാനും ശ്രദ്ധിക്കണം. മൊബൈൽ ഫോണുകളിൽ നിന്നും ഗെയിമുകളിൽ നിന്നും മാറി നിൽക്കുവാനും പുറത്തിറങ്ങി കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും കുട്ടികൾ ശ്രദ്ധിക്കുമല്ലോ. ഇനിയും മെമ്പർഷിപ്പ് ഫീസ്, പ്രതിഭ, പഠനവിഷയം, ഉപപാഠപുസ്തകം എന്നിവയുമായി ബന്ധപ്പെട്ട തുക തീർക്കുവാനുള്ള സ്കൂളുകൾ എത്രയുംവേഗം ഈ തുകകൾ തന്ന് തീർക്കുവാൻ സഹകരിക്കണമെന്ന് ഒരിക്കൽകൂടി ഓർമിപ്പിക്കുന്നു. എല്ലാ കൂട്ടുകാർക്കും വിജയകരമായ ഒരു പരീക്ഷാക്കാലവും ഒപ്പം വിനോദപ്രദവും വിജ്ഞാനപ്രദവുമായ ഒരു അവധിക്കാലവും ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

## 2020 ജനുവരി 26

ഭരണഘടനാ സംരക്ഷണദിനം കത്തോലിക്കാ കോൺഗ്രസിന്റെ, നേതൃത്വത്തിൽ കുടമാളൂർ ഫൊറോനാ ദൈവാലയ ഹാളിൽ നടന്നു. പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അതിരൂപത വികാരി ജനറാൾ വെരി.റവ.ഫാ. ജോസഫ് വാണിയപുരയ്ക്കൽ ഉത്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി രാജേഷ് ജോൺ സ്വാഗതം ആശംസിച്ചു.തുടർന്ന് ഇന്ത്യൻ ബഹുസ്വരതയും വെല്ലു വിളികളും എന്ന വിഷയത്തെക്കുറിച്ച് കുടമാളൂർ ഫൊറോനാ വികാരി വെരി റവ. ഫാ. മാണി പുതിയിടം, കോട്ടയം തിരുനക്കര ഈമാം കെ.എം ത്വാഹ മൗലവി അൽസഹനി, SNDP മീനച്ചിൽ താലൂക്ക് യൂണിയൻ സെക്രട്ടറി അഡ്വ. സന്തോഷ് കുമാർ എന്നിവർ വിഷയാവതരണം നടത്തി. കാഞ്ഞിരപ്പള്ളി S D കോളേജ് പ്രൊഫസർ റോണി കെ ബേബി മോഡറേറ്ററായിരുന്നു. ഫാ. ജേക്കബ് ചീരംവേലി, ഫൊറോനാ പ്രസിഡന്റ് ഷെയിൻ ജോസഫ്, സിബി മുക്കാടൻ, ജോസ് ജോൺ വെങ്ങാന്തറ, ജോയി പാറപ്പുറം, തങ്കച്ചൻ പൊൻമാങ്കൽ, ബിജു സെബാസ്റ്റ്യൻ, സണ്ണി മുട്ടാർ, കുഞ്ഞ് കളപ്പുര എന്നിവർ പ്രസംഗിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നും ഭാരവാഹികൾ പ്രസ്തുത യോഗത്തിൽ സംബന്ധിച്ചു.

## 2020 ഫെബ്രുവരി 2 വിളംബര സമ്മേളനം

ഫെബ്രുവരി 10-ാംതീയതി തിരുവനന്തപുരത്തു നടത്തുന്ന കർഷക രക്ഷാസംഗമത്തിന്റെയും നിയമസഭാ മാർച്ചിന്റെയും വിളംബര സമ്മേളനം 2020 ഫെബ്രുവരി 2-ാം തീയതി തിരുവനന്തപുരത്ത് നടന്നു. അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു.

2020 ഫെബ്രുവരി 3-ാം തീയതി വൈകുന്നേരം ചമ്പക്കുളം, എടത്വാ, പുളിംകുന്ന് എന്നീ ഫൊറോനകളിലെ ഭാരവാഹികളുടെ യോഗം എടത്വയിൽ ചേർന്നു. യോഗം ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം ചെയ്തു. കർഷകരക്ഷാ സംഗമവും നിയമസഭാ മാർച്ചും വിജയിപ്പിക്കുവാൻ വിവിധ ഫൊറോനകളിൽ നിന്നും കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികൾ നേതൃത്വം നൽകണമെന്ന് യോഗം നിർദേശിച്ചു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി, ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ജോസ് ജോൺ വെങ്ങാന്തറ എന്നിവർ പ്രസംഗിച്ചു.

## വിളംബര പദയാത്ര

കർഷകരക്ഷാസംഗമത്തിന്റെയും നിയമസഭാമാർച്ചിന്റെയും വിളംബര പദയാത്ര 2020 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4.30 ന് അമ്പൂരിയിൽ നടന്നു. പദയാത്ര ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു ചൂളപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. പദയാത്രയ്ക്ക് അതിരൂപതാ പ്രസിഡന്റ്

വർഗീസ് ആന്റണി, ജനറൽ സെക്രട്ടറി രാജേഷ് ജോൺ, സെക്രട്ടറി ടോണി ജെ. കോയിത്തറ എന്നിവർ നേതൃത്വം നൽകി.

## കർഷകാ രക്ഷാ സംഗമവും നിയമസഭാ മാർച്ചും ധർണ്ണയും

2020 ഫെബ്രുവരി 10-ാം തീയതി അതിരൂപതായുടെ നേതൃത്വത്തിൽ കർഷകാ രക്ഷാസംഗമവും നിയമസഭാ മാർച്ചും ധർണ്ണയും നടന്നു. കാർഷിക മേഖലയിലെ വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ ഈ വിഷയങ്ങൾ നിയമസഭയിൽ ഉന്നയിക്കുവാൻ നടത്തിയ പ്രതിഷേധ മാർച്ചിലും ധർണ്ണയിലും കത്തോലിക്കാ കോൺഗ്രസ്സിന്റെ യൂണിറ്റ് ഫൊറോനാ, അതിരൂപതാ ഭാരവാഹികളുടെ നേതൃത്വം ഉണ്ടായിരുന്നു.

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ വാർഷികവും, സമുദായസംഗമവും 2020 മാർച്ച് 8 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചങ്ങനാശേരി വെരൂർ സെന്റ് ജോസഫ് പള്ളിഹാളിൽ നടക്കും. വാർഷിക ഉദ്ഘാടനവും സമ്മാനദാനവും ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ നിർവ്വഹിക്കും. സമുദായക സംഗമം എം ജി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. ജാൻസി ജയിംസ് ഉദ്ഘാടനം ചെയ്യും.

എല്ലാ യൂണിറ്റുകളും റിപ്പോർട്ട്, കണക്ക്, പരിപാടികളുടെ ഫോട്ടോ എന്നിവ സഹിതം 2020 മാർച്ച് 3 ചൊവ്വാഴ്ച വൈകുന്നേരം 6 മണിക്കു മുൻപായി അരമനയ്ക്കു സമീപം ഉള്ള അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. എന്തെങ്കിലും സംശയമുണ്ടെങ്കിൽ അതിരൂപതാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരിൽ ആരെയെങ്കിലും വിളിക്കേണ്ടതാണ്.

**വർഗീസ് ആന്റണി** (പ്രസിഡന്റ്)
**ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)
**രാജേഷ് ജോൺ എൻ** (ജനറൽ സെക്രട്ടറി)

*യുവദീപ്തി - എസ്.എം.വൈ.എം. തുടർച്ച....*

## മാർച്ചുമാസത്തെ പരിപാടികൾ

| | | |
|---|---|---|
| മാർച്ച് 01 (ഞായർ) | : | യൂണിറ്റ് തെരഞ്ഞെടുപ്പുകൾ |
| " 07, 08 (ശനി, ഞായർ) | : | നേതൃത്വപരിശീലന സെമിനാർ |
| " 14, 15 (ശനി, ഞായർ) | : | ഫൊറോനാ തെരഞ്ഞെടുപ്പുകൾ |
| " 21, 22 (ശനി, ഞായർ) | : | അതിരൂപത തെരഞ്ഞെടുപ്പ് - സെഹിയോൻ ധ്യാനകേന്ദ്രം, കുന്നന്താനം |

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

ഒരു പ്രവർത്തന വർഷത്തിന്റെ അവസാന മാസമായ മാർച്ചിന് വളരെയേറെ പ്രാധാന്യമുണ്ട്. വിഭാവനം ചെയ്ത പദ്ധതികളും കർമ്മപരിപാടികളും പൂർത്തിയാക്കുകയും, ഉദ്ദേശിച്ചതുപോലെ ഫലപ്രദമായോ എന്ന് അവലോകനം നടത്താനും അടുത്ത വർഷത്തേയ്ക്കുള്ള പദ്ധതികൾ മുൻഗണനാ ക്രമത്തിൽ രൂപകല്പന ചെയ്യാനുമുള്ള ദിനങ്ങളാണിവ. മുൻകാല പ്രവർത്തനങ്ങളുടെയും, അനുഭവങ്ങളുടെയും വെളിച്ചത്തിൽ യൂണിറ്റ്-മേഖല-കേന്ദ്രതലങ്ങളിൽ കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുണ്ട്. സാമൂഹ്യാ ഔത്സുക്യമുള്ള നേതൃത്വവും, പ്രവർത്തകരുമാണ് ചാസിന്റെ ശക്തി. 'ഹരിതഭൂമി 2019-22' ന്റെ ഘടകങ്ങൾ കൂടുതൽ ജനകീയമാക്കി നടപ്പാക്കാൻ നമുക്ക് പരിശ്രമിക്കാം.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### 1. ശൗചാലയനിർമ്മാണം (2020 ഫെബ്രുവരി)

| *ഇടവക* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| കൈനകരി | 1 | 20,000 |
| പറാൽ | 1 | 20,000 |
| പൊങ്ങ | 4 | 80,000 |
| കിടങ്ങറ | 4 | 78,000 |
| കുട്ടമംഗലം | 3 | 60,000 |
| അറുന്നൂറ്റിൻപാടം | 5 | 80,000 |
| കൈതവന | 3 | 60,000 |
| പള്ളാത്തുരുത്തി | 3 | 60,000 |
| കാവാലം ലിസ്യൂ | 3 | 60,000 |
| കണ്ണാടി സെന്റ് ജോസഫ് | 4 | 80,000 |
| വേഴപ്രാ | 1 | 20,000 |
| കാവാലം സെന്റ് ജോസഫ് | 5 | 1,00,000 |
| പയറ്റുപാക്ക | 2 | 40,000 |
| കരിയിൽ തോട്ടപ്പള്ളി | 1 | 20,000 |
| പാറേക്കടവ് | 1 | 20,000 |
| കായൽപുറം സെന്റ് ആന്റണീസ് | 4 | 80,000 |
| കായൽപുറം സെന്റ് ജോസഫ് | 3 | 60,000 |
| കൈനടി | 3 | 45,000 |
| കരുമാടി | 3 | 50,000 |
| **ആകെ** | **54** | **10,33,000** |

## 2. ചാസ് ഭവനനിർമ്മാണ പദ്ധതി (2020 ഫെബ്രുവരി)

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| പാദുവാപുരം | 2 | 2,3 | 100000 |
| ചീരംചിറ | 1 | 2 | 5000 |
| പുളിംകുന്ന് | 2 | 1 | 90000 |
| പുല്ലങ്ങടി | 1 | 1 | 30000 |
| പടഹാരം | 1 | 1 | 50000 |
| പുന്നക്കുന്നം | 1 | 1 | 50000 |
| വേഴപ്രാ | 2 | 1 | 90000 |
| പച്ച-ചെക്കിടിക്കാട് | 2 | 3 | 100000 |
| പാണ്ടി | 1 | 3 | 50000 |
| കൂലിപ്പുര | 1 | 2 | 40000 |
| മണലാടി | 2 | 3 | 150000 |
| എടത്വാ | 1 | 3 | 30000 |
| മിത്രക്കരി | 1 | 1 | 50000 |
| തോട്ടുവാത്തല | 1 | 3 | 25000 |
| മുട്ടാർ ഓൾഡ് | 1 | 2 | 75000 |
| ചമ്പക്കുളം | 1 | 1 | 75000 |
| വെളിയനാട് | 1 | 4 | 5000 |
| കൈതവന | 2 | 1 | 150000 |
| ആര്യാട് | 1 | 2 | 75000 |
| ചങ്ങംകരി | 1 | 2 | 75000 |
| വടക്കേഅമിച്ചകരി | 2 | 2 | 150000 |
| കൊടുപ്പുന്ന | 2 | 2 | 150000 |
| **ആകെ** | **32** | | **13,15,000** |

## 3. നവജീവൻ പ്രളയാനന്തര പുനരധിവാസ പദ്ധതി (Caritas Germany-Livelihood Restoration for Most Backward Dalit (SC/ST) Communities in Alappuzha)

### (A) ആട്, മുട്ടക്കോഴി-കൂട് സാമ്പത്തിക സഹായ വിതരണം

**പള്ളിക്കൂട്ടുമ്മ :** കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി ജീവനോപാധികൾക്കായി (ഒരുഗുണഭോക്താവിന് 2 ആടും 10 കോഴിയും ഒരു കൂടും) 74 കുടുംബങ്ങൾക്ക് ഫെബ്രുവരി 24 ന് സാമ്പത്തിക സഹായം വിതരണം ചെയ്തു. പള്ളിക്കൂട്ടുമ്മ ഫാത്തിമമാതാ പാരീഷ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതി വിശദീകരണം നടത്തി. രാമങ്കരി ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡ് മെമ്പർ ശ്രീ. സിബി ജോസഫ് അദ്ധ്യക്ഷതവഹിച്ചു. വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ബേബി ചെറിയാൻ ഉദ്ഘാടനവും സാമ്പത്തിക സഹായ വിതരണവും നടത്തി. രാമങ്കരി ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡ് മെമ്പർ ശ്രീ. ജോസഫ് ചേക്കോടൻ, യൂണിറ്റ് സെക്രട്ടറി ഡോ. തങ്കച്ചൻ ലൂക്കോസ്, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ് എന്നിവർ പ്രസംഗിച്ചു. 'മൃഗപരിപാലനം സുസ്ഥിര വരുമാനത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ജേക്കബ് മാത്യു (തുരുത്തി മൃഗാശുപത്രി) ക്ലാസ് നയിച്ചു.

| യൂണിറ്റ് | ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾ | തുക |
|---|---|---|---|
| രാമങ്കരി | 2 | 2 | 48,000 |
| പള്ളിക്കൂട്ടുമ്മ | 6 | 4 | 1,20,000 |
| മാമ്പുഴക്കരി | 5 | 0 | 60,000 |
| കൈനടി | 3 | 0 | 36,000 |
| കുമരംകരി | 6 | 0 | 72,000 |
| കണ്ണാടി സെന്റ് റീത്താസ് | 5 | 0 | 60,000 |
| കാവാലം സെന്റ് തെരേസാസ് | 2 | 4 | 72,000 |
| വെളിയനാട് സെന്റ് സേവ്യേഴ്സ് | 4 | 1 | 60,000 |
| മണലാടി | 0 | 4 | 48,000 |
| വേഴപ്രാ | 2 | 0 | 24,000 |
| കാവാലം സെന്റ് ജോസഫ് | 2 | 4 | 72,000 |
| കിടങ്ങറ | 1 | 3 | 48,000 |
| അറുന്നൂറ്റിൻപാടം | 7 | 1 | 96,000 |
| കൈനകരി | 5 | 1 | 72,000 |
| ഈര | 3 | 0 | 36,000 |
| **ആകെ** | | | **9,24,000** |

**(B) കൃഷി-സാമ്പത്തിക സഹായ വിതരണം**

**മുട്ടാർ ഓൾഡ് :** കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി കൃഷി വികസനത്തിന് സാമ്പത്തികസഹായം വിതരണം ചെയ്തു. മുട്ടാർ സെന്റ് ജോർജ്ജ് പള്ളി പാരീഷ് ഹാളിൽ ഫെബ്രുവരി 24 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് സംഘടിപ്പിച്ച പരിപാടിയിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. എബ്രഹാം തയ്യിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതി വിശദീകരണം നടത്തി. മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. കെ. ജോസഫ് ഉദ്ഘാടനവും കർഷകർക്ക് സഹായവിതരണവും ചെയ്തു. യൂണിറ്റ് സെക്രട്ടറി ശ്രീ. വി.എ. ജോസഫ്, മുട്ടാർ ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീ. മാത്യുക്കുട്ടി മുണ്ടയ്ക്കൽ, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ് എന്നിവർ പ്രസംഗിച്ചു. ജൈവകർഷകൻ ശ്രീ. എസ്. റ്റി. ചാക്കോ 'അടുക്കളത്തോട്ടം ആരോഗ്യ സംരക്ഷണത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

| യൂണിറ്റ് | ഗുണഭോക്താക്കൾ | തുക |
|---|---|---|
| മുട്ടാർ CMI | 6 | 12000 |
| പുതുക്കരി | 5 | 10000 |
| എടത്വാ | 10 | 20000 |
| ചങ്ങംകരി | 15 | 30000 |
| മുട്ടാർ ഓൾഡ് | 10 | 10000 |
| **ആകെ** | **46** | **82000** |

## അറിയിപ്പുകൾ

### 1. 2020 മാർച്ച് മാസത്തെ കേന്ദ്ര-യൂണിറ്റുതല പരിപാടികൾ

| തീയതി | പരിപാടി | സ്ഥലം |
|---|---|---|
| മാർച്ച്. 05 | CHASS-Yearly planing-Staff | പുഴവാത് |
| മാർച്ച്. 07 | വനിതാദിനാചരണം | കൂത്രപ്പള്ളി |
| മാർച്ച്. 10 | ആശാകിരണം-കാൻസർ ബോധവത്ക്കരണം | കൈനടി |
| മാർച്ച്. 11-13 | DRR Training, Caritas India | പാസ്റ്ററൽ സെന്റർ |

## 2. യൂണിറ്റുതല പരിപാടികൾ

| *തീയതി* | *പരിപാടി* | *യൂണിറ്റ്* |
|---|---|---|
| മാർച്ച് 05 | സ്വാശ്രയസംഘസംഗമം | നർബോനപുരം, പൊങ്ങ |
| മാർച്ച് 09 | പേപ്പർ ക്യാരിബാഗ് & തുണിസഞ്ചിനിർമ്മാണം | കുറിച്ചി |
| മാർച്ച് 10 | സ്വാശ്രയസംഘസംഗമം | പടഹാരം |
| മാർച്ച് 10 | പേപ്പർ ക്യാരിബാഗ് & തുണിസഞ്ചിനിർമ്മാണം | പച്ച-ചെക്കിടിക്കാട് |
| മാർച്ച് 13 | പേപ്പർ ക്യാരിബാഗ് & തുണിസഞ്ചിനിർമ്മാണം | തെക്കേക്കര |
| മാർച്ച് 14 | പേപ്പർ ക്യാരിബാഗ് & തുണിസഞ്ചിനിർമ്മാണം | പുന്നത്തുറ |
| മാർച്ച് 14 | യൂണിറ്റ് വാർഷികം | പുറക്കാട് |
| മാർച്ച് 15 | യൂണിറ്റ് വാർഷികം | മുഹമ്മ |
| മാർച്ച് 16 | സ്വാശ്രയസംഘസംഗമം | കേളമംഗലം |
| മാർച്ച് 16, 17 | പേപ്പർ ക്യാരിബാഗ് & തുണിസഞ്ചിനിർമ്മാണം | ഇത്തിത്താനം |
| മാർച്ച് 20 | സ്വാശ്രയസംഘസംഗമം | ചേന്നങ്കരി |
| മാർച്ച് 21 | യൂണിറ്റ് വാർഷികം | ആറാട്ടുവഴി |
| മാർച്ച് 22 | യൂണിറ്റ് വാർഷികം | പാദുവാപുരം |
| മാർച്ച് 23 | സ്വാശ്രയസംഘസംഗമം | കരുവാറ്റ |
| മാർച്ച് 28 | യൂണിറ്റ് വാർഷികം | അറുന്നൂറ്റിൻപാടം |
| മാർച്ച് 26 | സ്വാശ്രയസംഘസംഗമം | തകഴി |

## കേന്ദ്രവാർത്തകൾ

### 1. ഊർജ്ജസംരക്ഷണ ബോധവത്ക്കരണം

സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ നിർദ്ദേശാനുസരണം ചാസിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്കായി ഊർജ്ജ കിരൺ പദ്ധതി പ്രകാരം അർദ്ധദിന ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം ക്ലാസ് നയിച്ചു.

| *തീയതി* | *സ്ഥലം* |
|---|---|
| 28.01.2020 | പുളിംകുന്ന്, വാകത്താനം ഗ്രാമപഞ്ചായത്തുകൾ |
| 29.01.2020 | മുഹമ്മ ഗ്രാമപഞ്ചായത്ത് |
| 30.01.2020 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് |
| 31.01.2020 | നെടുംകുന്നം ഗ്രാമപഞ്ചായത്ത് |
| 03.02.2020 | തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് |
| 04.02.2020 | കുറിച്ചി ഗ്രാമപഞ്ചായത്ത് |
| 05.02.2020 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 06.02.2020 | കറുകച്ചാൽ ഗ്രാമപഞ്ചായത്ത് |
| 14.02.2020 | കൈനകരി ഗ്രാമപഞ്ചായത്ത് |

## 2. വാക്കത്തോൺ സംഘടിപ്പിച്ചു

വർദ്ധിച്ചുവരുന്ന കാൻസർരോഗത്തിനെതിരെ അണിനിരക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ലോക കാൻസർ ദിനാചരണത്തോടനുബന്ധിച്ച് ഫെബ്രുവരി 4 ന് ചാസിന്റെ ആഭിമുഖ്യത്തിൽ, കാരിത്താസ് ഇൻഡ്യ, അസംപ്ഷൻ കോളേജ് എന്നിവയുടെ സഹകരണത്തോടെ വാക്കത്തോൺ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. മുനിസിപ്പൽ ചെയർമാൻ ലാലിച്ചൻ കുന്നിപ്പറമ്പിൽ വാക്കത്തോൺ ഫ്ളാഗ് ഓഫ് ചെയ്തു. അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ സി. ചെറുകുസുമം CMC, ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ & അസംപ്ഷൻ കോളേജ് അധ്യാപകരും, വിദ്യാർത്ഥികളും പങ്കെടുത്തു.

## 3. കാൻസർ സർവൈവേഴ്സ് മീറ്റ്

ചാസിന്റെ നേതൃത്വത്തിൽ കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ നടപ്പാക്കുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച കാൻസർ രോഗികളുടെയും രോഗത്തെ അതിജീവിച്ച് ജീവിതം നയിക്കുന്നവരുടെയും സംഗമം ഫെബ്രുവരി 12 ന് ചാസ് കോൺഫറൻസ് ഹാളിൽ ബിഷപ്പ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. ചാസ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട സംഗമത്തിൽ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. പ്രസിദ്ധ കാൻസർ രോഗ വിദഗ്ധൻ ഡോ. എസ് പരമേശ്വരൻ കാൻസർ രോഗികളുമായി സംവാദം നടത്തി. രോഗത്തിൽ നിന്നും മുക്തിനേടിയവർ അനുഭവങ്ങൾ പങ്കുവച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിലെ നേഴ്സിംഗ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്കിറ്റ് അവതരിപ്പിച്ചു.

## ചാസ് 'സ്ഫൂർത്തി' ഹണി മിഷൻ പദ്ധതി

ചാസ് കേന്ദ്ര ഖാദിഗ്രാമവ്യവസായകമ്മീഷന്റെ സഹായത്തോടെ കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലെ 700 ഓളം തേനീച്ച കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കുന്ന 'സ്ഫൂർത്തി' ഹണി മിഷൻ പദ്ധതി അവസാനഘട്ടത്തിൽ. ഇതിനോടകം ബോധവത്ക്കരണ ക്ലാസും, ഡേറ്റാ ശേഖരണവും, സ്വാശ്രയസംഘ രൂപീകരണവും പൂർത്തിയാക്കി. 2020 ഫെബ്രുവരി 11, 12 തീയതികളിൽ കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തേനീച്ച കർഷകരുടെ സർവ്വേ (DSR) റിപ്പോർട്ടിന്റെ പരിശോധനയ്ക്കായി പൂന സെൻട്രൽ ഹണി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കൺസൾട്ടന്റ് ശ്രീ. ജെ.കെ. ലെനിൻ വിവിധ യൂണിറ്റുകൾ സന്ദർശിക്കുകയും വിലയിരുത്തുകയും ചെയ്തു. അമ്പൂരി ഫൊറോനാ വികാരി വെരി. റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ, കൊല്ലം ഫൊറോനാ വികാരി വെരി. റവ. ഫാ. എബ്രഹാം കരിപ്പിങ്ങാംപുറം, തിരിവനന്തപുരം ഫൊറോനാ വികാരി വെരി. റവ.ഫാ. ജോസഫ് കൈതപ്പറമ്പിൽ, ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിൽ എന്നിവർ പ്രസംഗിച്ചു. ഖാദി കമ്മീഷൻ bee keeping extension officer കെ. കണ്ണൻ ക്ലാസ് നയിച്ചു. മാനേജർ ശ്രീ. ജോൺ സക്കറിയാസ്, അസി. മാനേജർ ശ്രീ. ജോജോ കെ.സി. എന്നിവർ നേതൃത്വം നൽകി.

## 4. ലഹരി വിരുദ്ധ സെമിനാർ

കേന്ദ്രഗവൺമെന്റിന്റെ സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെ (NISD) യും, നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷന്റെ (NAPDDR) യും സഹായത്തോടെ ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (CHASS) യുടെ റീജണൽ റിസോഴ്സ് ആന്റ് ട്രെയിനിംഗ് സെന്റർ ലഹരി വിപത്തിനെതിരെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ബോധവത്ക്കരണ ക്ലാസ്, ഫിലിം പ്രദർശനം എന്നിവ ക്രമീകരിച്ചു. ഫാ. തോമസ് കുളത്തുങ്കൽ, റ്റി.എം. മാത്യു തച്ചിലേട്ട്, സിസ്റ്റർ സെൽമ SRA, ലിറ്റിമോൻ എം.എസ് എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

| തീയതി | സ്ഥലം | പങ്കെടുത്തവർ |
|---|---|---|
| ജനു. 27 | Leo XIII H.S., Alappuzha | 100 |
| ജനു. 28 | St. Gregorios College of Social Science, Parumala | 33 |
| ജനു. 29 | St. Aloysius college, Edathua | 200 |
| ജനു. 30 | CCM, HSS, Karikkattoor | 100 |
| ജനു. 31 | Leo XIII H.S.S, Alappuzha | 100 |
| ഫെബ്രു. 3 | Little flower HS, Kavalam | 123 |
| ഫെബ്രു. 4 | St. Josph's HS, Pulincunnu | 100 |
| ഫെബ്രു. 5 | Little flower HS, Kavalam | 146 |
| ഫെബ്രു. 6 | St. Xavier's H.S, Mithrakary | 104 |
| ഫെബ്രു. 7 | Mar Gregorios college, Punnapra | 200 |
| ഫെബ്രു. 14 | Carmal poly technic college, punnapra | 200 |
| ഫെബ്രു. 15 | Kudamaloor Unit (SHG) | 50 |
| ഫെബ്രു. 15 | Mudiyoorkara Unit (SHG) | 50 |
| ഫെബ്രു. 19 | SD College, Sanathanapuram | 200 |

## 4. Orientation on Key Strategic Pillars And Catholic Social Teachings

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ നേതൃത്വത്തിൽ Orientation on Key Strategic Pillars And Catholic Social Teachings നെക്കുറിച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു. ഫെബ്രുവരി 25 ന് ചാസ് കോൺഫറൻസ് ഹാളിൽ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. KSSF ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടുകാട്ടിൽ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, KSSF ടീം ലീഡർ ശ്രീ. ജോബി മാത്യു എന്നിവർ പ്രസംഗിച്ചു. റവ. ഫാ. ജോർജ്ജ് വെട്ടുകാട്ടിൽ, KSSF പ്രോഗ്രാം ഓഫീസർ റവ. സി. ജെസീന SRA എന്നിവർ ക്ലാസ് നയിച്ചു. ഫോറത്തിൽ കഴിഞ്ഞ 6 വർഷക്കാലം സ്തുത്യർഹ സേവനം അനുഷ്ഠിച്ച് വിരമിക്കുന്ന ജോർജ്ജ് വെട്ടുകാട്ടിലച്ചനെ വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ പൊന്നാടയണിയിച്ച് ആദരിച്ചു. ചാസ് ഡയറക്ടർ ബോർഡ് അംഗങ്ങൾ മേഖലാ ഭാരവാഹികൾ ചാസ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2020 ഫെബ്രുവരി മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

### (1)SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 448. ഓമന സെബാസ്റ്റ്യൻ | സ്നേഹദീപം | കുറുമ്പനാടം | കുറുമ്പനാടം |
| 449. ആൻസി ഷാജി | കാരുണ്യ | മായം | അമ്പൂരി |
| 450. റോസമ്മ ജോസഫ് | സെന്റ് തെരേസാസ് | മുടിയൂർക്കര | കുടമാളൂർ |
| 451. ജോസ് കുര്യൻ | സഹൃദയ | വില്ലൂന്നി | കുടമാളൂർ |
| 452. ജോർജ് തോമസ് | സ്നേഹദീപം | പുന്നത്തുറ | അതിരമ്പുഴ |
| 453. മേരിക്കുട്ടി വർക്കി | സമൃദ്ധി | നാൽപ്പാത്തിമല | അതിരമ്പുഴ |
| 454. മേരിക്കുട്ടി സിബി | ധന്യ | പാറേക്കടവ് | ചങ്ങനാശ്ശേരി |
| 455. സാറാമ്മ തോമസ് | ഉഷസ് | പായിപ്പാട് | തൃക്കൊടിത്താനം |
| 456. കുഞ്ഞമ്മ ആന്റണി | തേജസ് | കൊടുപ്പുന്ന | എടത്വാ |
| 457. കെ.കെ. ഗോപിനാഥൻ | അക്ഷയ | മൈലാടി | നെടുംകുന്നം |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 350. ആന്റണി തോമസ് വലിയവീട് | കൈനകരി | ആലപ്പുഴ |
| 351. ലിസമ്മ ബിനോയി കാരൂപ്പറമ്പിൽ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 352. അന്നമ്മ മാത്യു വടക്കേക്കുറ്റ് | കൂത്രപ്പള്ളി | നെടുംകുന്നം |
| 353. രത്നമ്മ ചന്ദ്രൻ പുന്നത്താവെളി | ചേപ്പുംപാറ | കോട്ടയം |
| 354. എം. ഡി. ദേവസ്യ മുണ്ടയ്ക്കൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 355. അന്നമ്മ തോമസ് ചക്കിട്ടപ്പറമ്പ് | മുട്ടാർ ഓൾഡ് | എടത്വാ |
| 356. സതീഷ് കെ. സതി ഭവൻ | രാജഗിരി | അമ്പൂരി |
| 357. കുഞ്ഞമ്മ ആന്റണി കന്യാക്കോണിൽ | കൊടുപ്പുന്ന | എടത്വാ |
| 358. ജോസഫ് കെ.റ്റി. കുന്നംകരി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 359. മറിയക്കുട്ടി വർക്കി പൊടിമറ്റം | നാൽപ്പാത്തിമല | അതിരമ്പുഴ |

### (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2020 ഫെബ്രുവരി മാസം 38 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ ശുപാർശപ്രകാരം 92 അപേക്ഷകർക്ക് 1,35,110/- രൂപ നൽകി.

### (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

2020 ഫെബ്രുവരി മാസം 18 കുടുബങ്ങൾക്ക് 1,90,894/- രൂപ സഹായധനം അനുവദിച്ചു.

### (5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2020 ഫെബ്രുവരി മാസം 5 കുടുംബങ്ങൾക്ക് ചികിത്സാ ചെലവിനത്തിൽ 37,870/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. ലിസമ്മ മാത്യു മുര്യൻകാവുങ്കൽ | കുറുമ്പനാടം | 5,075/- |
| 2. മാത്യു ജോസഫ് മാവേലിക്കളം | വേഴപ്രാ | 10,250/- |
| 3. സോജൻ തോമസ് ചെറുകുണ്ടൂർ | പാറേൽ | 6975/- |
| 4. റോയി ജോസഫ് കുടകശ്ശേരിൽ | ചെത്തിപ്പുഴ | 6350/- |
| 5. ജോസഫ് സെബാസ്റ്റ്യൻ, കിഴക്കേപറമ്പിൽ | പാറേക്കടവ് | 9220/- |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | യൂണിറ്റ് | സംഘം | അംഗങ്ങൾ |
|---|---|---|---|
| 24.01.2020 | കത്തീഡ്രൽ | സ്റ്റാർ ബ്രദേഴ്സ് | 20 |
| 05.02.2020 | പച്ച-ചെക്കിടിക്കാട് | യുവശക്തി | 13 |
| 12.02.2020 | പുളിംകുന്ന് | സാന്ത്വനം | 10 |
| 12.02.2020 | ചേപ്പുംപാറ | റാണി മരിയ | 15 |
| 15.02.2020 | വടവാതൂർ | സാന്തോം | 15 |
| 17.02.2020 | ചെത്തിപ്പുഴ | ഫ്ളവേഴ്സ് | 12 |
| 22.02.2020 | എടത്വാ | സഫലം | 20 |

### യൂണിറ്റ് വാർഷികവും കർഷക സംഗമവും

മുട്ടാർ യൂണിറ്റ് വാർഷികവും കർഷക സംഗമവും ജനുവരി 12 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രഹം തയ്യിലിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. മാലിന്യനിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി അടുക്കള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് എല്ലാ ക്രെഡിറ്റ് യൂണിയൻ അംഗങ്ങളുടെയും ഭവനങ്ങളിൽ ഒരു ബക്കറ്റ് വീതം സൗജന്യമായി വിതരണം ചെയ്തു. ചാസ് അസിഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആശംസയർപ്പിച്ചു. 300 അംഗങ്ങൾ പങ്കെടുത്തു.

### ഓഫീസ് ഉദ്ഘാടനം

കൊണ്ടാക്കൽ ചാസ് യൂണിറ്റ് ഓഫീസിന്റെ ഉദ്ഘാടനം ജനുവരി 13 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേറ്റത്തിന്റെയും യൂണിറ്റ് ഭാരവാഹികളുടെയും സാന്നിദ്ധ്യത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു.

### സ്വാശ്രയസംഘസംഗമവും മഹിളാസമാജം വാർഷികവും

ഏറ്റുമാനൂർ യൂണിറ്റിൽ സ്വാശ്രയസംഘസംഗമവും 'മദർ തെരേസ' മഹിളാസമാജത്തിന്റെ വാർഷികവും ഫെബ്രുവരി 2 ന് നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം ഉദ്ഘാടനം ചെയ്തു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജി തടത്തിൽ ആശംസയർപ്പിച്ചു. അതിരമ്പുഴ പി.എച്ച്.സി. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. പ്രദീപ് കുമാർ പി.എസ്. ആരോഗ്യ ബോധവത്ക്കരണ ക്ലാസ് നടത്തി. 85 അംഗങ്ങൾ പങ്കെടുത്തു.

നാൽപ്പാത്തിമല യൂണിറ്റിൽ ഫെബ്രുവരി 23 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി മേച്ചേരിമണ്ണിൽ ഉദ്ഘാടനം നിർവഹിച്ചു. 'ഔഷധസസ്യവും ഗൃഹവൈദ്യവും' എന്ന വിഷയത്തിൽ പ്രൊഫ. ഡി സുരേഷ് ബാബു ക്ലാസ് നയിച്ചു. 95 അംഗങ്ങൾ പങ്കെടുത്തു.

## സ്വാശ്രയസംഘവാർഷികം

വടവാതൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'മരിയ' സ്വാശ്രയസംഘത്തിന്റെ 10-ാം മത് വാർഷികം യൂണിറ്റ് ഡയറക്ടർ റവ. ഫാ. പോൾ വേങ്ങശ്ശേരിയുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു. സംഘത്തിന്റെ നേതൃത്വത്തിൽ വെളിച്ചെണ്ണ, തേയില, തുണിസഞ്ചി, പച്ചക്കറി തുടങ്ങിയവ വിപണനം ചെയ്യുന്നു.

## വനിതാദിനം-ആലോചനായോഗം

മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച്, കൂത്രപ്പള്ളി യൂണിറ്റിൽ വച്ച് മാർച്ച് 7 ന് നടത്തപ്പെടുന്ന വനിതാദിനാഘോഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി കൂത്രപ്പള്ളി യൂണിറ്റിൽ ഫെബ്രുവരി 9, 23 തീയതികളിൽ ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, കുറുമ്പനാടം, നെടുംകുന്നം, മണിമല എന്നീ മേഖലകളിലെ ഭാരവാഹികളുടെ മീറ്റിംഗ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷവഹിച്ചു.

## ഹരിതചൈതന്യം-2020

രാമങ്കരി യൂണിറ്റിലെ 'ഹരിതാ' സ്വാശ്രയസംഘത്തിൽ ഫെബ്രുവരി 9 ഞായറാഴ്ച 5 മണിക്ക് 'ഹരിതചൈതന്യം-2020' ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. 20 ഭവനങ്ങളിലും പൈപ്പ് കമ്പോസ്റ്റ് സംവിധാനം സ്ഥാപിച്ചു. 'ചൈതന്യ' സംഘം പ്രസിഡന്റ് റ്റി. സി. മാത്യു അദ്ധ്യക്ഷതവഹിച്ചു. മേഖലാ പ്രസിഡന്റ് മാത്തുക്കുട്ടി കഞ്ഞിക്കര, കെ.സി. രാജു, ടോമിച്ചൻ പുത്തൻപറമ്പ്, മേഖലാ കോ-ഓർഡിനേറ്റർ എന്നിവർ പ്രസംഗിച്ചു.

## കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം

ചമ്പക്കുളം മേഖലാ കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം ഫെബ്രുവരി 13 ന് സംഘടിപ്പിച്ചു. ക്രെഡിറ്റ് യൂണിയൻ കളക്ഷൻ ഷീറ്റ്, പാസ് ബുക്ക്, വൗച്ചർ എന്നിവ കൈകാര്യം ചെയ്യുന്നരീതിയെ കുറിച്ച് ചാസ് ക്രെഡിറ്റ് യൂണിയൻ ഓഡിറ്റർ കെ.സി. ജോർജ്ജ് ക്ലാസ് നയിച്ചു.

## തയ്യൽ യൂണിറ്റ് ആരംഭിച്ചു

മനയ്ക്കച്ചിറ യൂണിറ്റിൽ ഫെബ്രുവരി 19-ാം തീയതി ബുധനാഴ്ച സംഘാംഗങ്ങളുടെ നേതൃത്വത്തിൽ തയ്യൽ യൂണിറ്റ് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺസൺ ചാലയ്ക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു.

## മേഖലാ നേതൃത്വസംഗമം

ചമ്പക്കുളം മേഖലയിലെ യൂണിറ്റ് ഭാരവാഹികളുടെ നേതൃസംഗമം ഫെബ്രുവരി 13 ന് ചമ്പക്കുളം യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റുതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഓഡിറ്റിംഗിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, 2020-21 വർഷം യൂണിറ്റുതലത്തിൽ പ്രാവർത്തികമാക്കേണ്ട പദ്ധതികൾ എന്നിവയെ കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. മേഖലാ കോ-ഓർഡിനേറ്റർ ബിനു ജോസഫ് നേതൃത്വം നൽകി.

## ആശാകിരണം സെമിനാർ

പായിപ്പാട് യൂണിറ്റിൽ ഫെബ്രുവരി 15-ാം തീയതി കാൻസർ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു ഓടലാനി ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി ക്ലാസ് നയിച്ചു. 40 അംഗങ്ങൾ പങ്കെടുത്തു.

കൊണ്ടാക്കൽ യൂണിറ്റിൽ സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ച് ഫെബ്രുവരി 18 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേറ്റം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, ഉദ്ഘാടനം നിർവഹിച്ചു. 'കാൻസർ തിരിച്ചറിഞ്ഞ് തിരിച്ചുവരാം' എന്ന വിഷയത്തിൽ ആശാകിരണം കോ-ഓർഡിനേറ്റർ ബിന്ദു തോമസ് ക്ലാസ് നയിച്ചു. 69 അംഗങ്ങൾ പങ്കെടുത്തു.

നസ്രത്ത് യൂണിറ്റിൽ സ്വാശ്രയസംഘാംഗങ്ങളുടെ സംഗമത്തിൽ കാൻസർ ബോധവത്ക്കരണ സെമിനാർ ഫെബ്രുവരി 21 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കൊച്ചുളേച്ചംകളം അദ്ധ്യക്ഷതവഹിച്ചു. നമുക്ക് കൈമോശം വന്ന പഴമയിലേയ്ക്ക് തിരിച്ച് പോകണമെന്നും മാലിന്യ സംസ്ക്കണ ഉപാധികളുടെ വ്യാപനം, മണ്ണ്, ജലം, വായു എന്നിവയുടെയും സംരക്ഷണം നമ്മുടെ കടമയായി മാറണമെന്നും സെമിനാർ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അറിയിച്ചു. കാൻസർ തിരിച്ചറിഞ്ഞ് തിരിച്ചുവരാം എന്ന വിഷയത്തിൽ ആശാകിരണം കോ-ഓർഡിനേറ്റർ ബിന്ദു തോമസ് ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## ജൈവ പച്ചക്കറികൃഷി

പടഹാരം യൂണിറ്റിൽ പ്രവർത്തിക്കുന്ന 'പുഷ്പറോസ്, റാണി മരിയ' സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷി ആരംഭിച്ചു. ജീവിത ശൈലി രോഗങ്ങളെ ഒരു പരിധിവരെയെങ്കിലും ദൂരെയകറ്റാൻ നാം കഴിയുന്ന ഭക്ഷണ പദാർത്ഥങ്ങൾ വിഷമയമല്ലാത്തതാകണം. ഗ്രൂപ്പുകൾ നടത്തുന്ന പച്ചക്കറി കൃഷി ഒരു മാതൃകയാവട്ടെ എന്ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാർട്ടിൻ തയ്യ്പറമ്പിൽ ആശംസിച്ചു. സംഘാംഗങ്ങൾ നേതൃത്വം നൽകി.

## തയ്യൽ പരിശീലനം സമാപിച്ചു

പുല്ലങ്ങടി യൂണിറ്റിൽ നടന്നുവരുന്ന തയ്യൽ പരിശീലനം സമാപിച്ചു. 2020 ജനുവരി 31 ന് സംഘടിപ്പിച്ച സമാപന ചടങ്ങിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പരിശീലനം പൂർത്തിയാക്കിയ 30 വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെളിയത്ത് അദ്ധ്യക്ഷതവഹിച്ചു യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

മണ്ണാർകുന്ന് യൂണിറ്റിൽ മൂന്നുമാസമായി നടത്തിവന്നിരുന്ന തയ്യൽ പരിശീലനം ഫെബ്രുവരി 13 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സോണി ചൂരപ്പുഴ അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പരിശീലനം പൂർത്തിയാക്കിയ 28 വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## സാമ്പത്തിക സാക്ഷരതാ ക്ലാസ്

തൃക്കൊടിത്താനം യൂണിറ്റിൽ ഫെബ്രുവരി 9 ന് സാമ്പത്തിക സാക്ഷരതാ ക്ലാസ് സംഘടിപ്പിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. രാജു മാടക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു. ബാങ്ക് ഓഫ് ഇൻഡ്യാ മാനേജർ അനു എസ് നായർ സാമ്പത്തികം കൈകാര്യം ചെയ്യുന്നവിധം, സ്വയം തൊഴിൽ വായ്പാ പദ്ധതികൾ, ബാങ്ക് വായ്പകൾ, തിരിച്ചടവ് കാലാവധി തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. 40 അംഗങ്ങൾ പങ്കെടുത്തു.

## തയ്യൽ ആരംഭിച്ചു

പടഹാരം യൂണിറ്റിൽ ജനുവരി 31 ന് തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാർട്ടിൻ തൈപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു.

## പരിശീലന പരിപാടികൾ

**1. തുണിസഞ്ചി & പേപ്പർ കാരിബാഗ് നിർമ്മാണ പരിശീലനം**

| *തീയതി* | *പരിശീലനം* | *പങ്കെടുത്തവർ* |
|---|---|---|
| ജനു. 30 | മണ്ണാർകുന്ന് | 34 |
| ജനു. 31, ഫെബ്രു. 1 | ചാഞ്ഞോടി | 20 |
| ഫെബ്രു. 3 | നെടുമണ്ണി | 19 |
| ഫെബ്രു. 4 | മണിമല ഓൾഡ് | 17 |
| ഫെബ്രു. 6 | കണ്ണാടി | 34 |
| ഫെബ്രു. 10, 11 | ഫാത്തിമാപുരം | 15 |
| ഫെബ്രു. 11 | പച്ച-ചെക്കിടിക്കാട് | 20 |
| ഫെബ്രു. 13 | കുമരകം വടക്കുംകര | 14 |
| ഫെബ്രു. 13 | കരിമ്പനക്കുളം | 15 |
| ഫെബ്രു. 14 | ആറുമാനൂർ | 15 |
| ഫെബ്രു. 17,18 | കുറിച്ചി | 20 |
| ഫെബ്രു. 18 | കൊടുപ്പുന്ന | 15 |
| ഫെബ്രു. 24,25 | ചെത്തിപ്പുഴ | 15 |
| ഫെബ്രു. 25 | മുട്ടാർ ഓൾഡ് | 18 |
| ഫെബ്രു. 29,30 | മനയ്ക്കച്ചിറ | 29 |

***2. ഫ്ളവർ മേക്കിംഗ് & ഫ്ളോർ മാറ്റ് നിർമ്മാണം***

| *തീയതി* | *പരിശീലനം* | *പങ്കെടുത്തവർ* |
|---|---|---|
| 8.02.2020 | ഫിൽഗിരി | 28 |

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2019 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും ഫെബ്രുവരി 26-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക | നം. ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|---|---|
| 29 വെളിയനാട്-കേസറിയ | 14985 | 6000 | 58 കേശവദാസപുരം | 74700 | 29880 |
| 30 കുമരകം നവ നസ്രത്ത് | 92401 | 36960 | 59 മല്ലപ്പള്ളി | 28830 | 12000 |
| 31 കരുവാറ്റ | 66090 | 26436 | 60 കുളത്തൂർ | 15000 | 6000 |
| 32 അമ്പലപ്പുഴ | 22600 | 9040 | 61 ആനക്കുളം | 10850 | 4340 |
| 33 മങ്കൊമ്പ് | 34535 | 34535 | 62 ളായിക്കാട് | 97260 | 38900 |
| 34 തത്തംപള്ളി | 385778 | 154311 | 63 കുമരകം വടക്കുംകര | 66940 | 26776 |
| 35 മുണ്ടുപാലം | 101000 | 40400 | 64 കാവാലം-St.തെരേസാസ് | 145290 | 58116 |
| 36 നാൽപാത്തിമല | 93170 | 37268 | 65 പുതുപ്പള്ളി | 83890 | 33556 |
| 37 കുറുമ്പനാടം | 443155 | 177262 | 66 കുമരങ്കരി | 24050 | 24050 |
| 38 നാലുകോടി | 356390 | 142556 | 67 നിരണം | 35750 | 14300 |
| 39 വേഴപ്രാ | 52690 | 21076 | 68 പനയംപാല | 42910 | 17164 |
| 40 പാണ്ടി | 43650 | 17460 | 69 ചേന്നംകരി | 81050 | 32415 |
| 41 പായിപ്പാട് | 126965 | 50786 | 70 പൊങ്ങ | 27640 | 11050 |
| 42 കേളമംഗലം | 18750 | 7500 | 71 വെളിയനാട്-St.ജോസഫ് | 4750 | 1900 |
| 43 ആറുമാനൂർ | 51395 | 20557 | 72 കരിക്കാട്ടൂർ | 63621 | 25450 |
| 44 ചെറിയവെളിനെല്ലൂർ | 8150 | 3260 | 73 ചാഞ്ഞോടി | 153220 | 61288 |
| 45 വെരൂർ | 507215 | 202887 | 74 കണ്ണാടി | 31120 | 12450 |
| 46 ചെറുവാണ്ടൂർ | 193190 | 77276 | 75 അറുനൂറ്റുംപാടം | 66030 | 26412 |
| 47 ചേപ്പുംപാറ | 111535 | 44614 | 76 കരുമാടി | 41225 | 16500 |
| 48 കൈനടി | 161160 | 64464 | 77 വില്ലൂന്നി | 184150 | 73660 |
| 49 കോട്ടാങ്ങൽ | 31800 | 12720 | 78 പയറ്റുപാക്ക | 6500 | 2600 |
| 50 കിളിരൂർ | 53475 | 21390 | 79 തൃക്കൊടിത്താനം | 301198 | 120479 |
| 51 കുമാരനെല്ലൂർ | 93600 | 37440 | 80 രാമങ്കരി | 69671 | 27868 |
| 52 കണ്ണമ്മൂല | 93800 | 37520 | 81 മുട്ടാർ I C | 28810 | 11530 |
| 53 ഐക്കരച്ചിറ | 107670 | 43070 | 82 ഫാത്തിമാപുരം | 119660 | 47864 |
| 54 അതിരമ്പുഴ | 697532 | 279013 | 83 ചെറുകടവ് | 10200 | 4080 |
| 55 ചെങ്ങളം | 12850 | 5140 | 84 വെട്ടിത്തുരുത്ത് | 14931 | 9000 |
| 56 ഏറ്റുമാനൂർ | 344102 | 137640 | 85 വായ്പൂർ | 31585 | 12634 |
| 57 പാറേൽ | 429311 | 171724 | 86 വട്ടിയൂർകാവ് | 79950 | 31980 |

(തുടരും...)

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

വ്രതശുദ്ധിയുടെ നാളുകളിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. ഈ വലിയ നോമ്പിന്റെ കാലഘട്ടത്തിൽ കൂടുതൽ പ്രാർത്ഥിക്കുവാനും നമ്മുടെ ദുഷ്ചിന്തകൾ നീക്കി ആത്മീയതയിൽ വളരുവാനും ഈ നോമ്പുകാലങ്ങളിൽ നമുക്കായി ഒരുക്കുന്ന എല്ലാ ഭക്തകൃത്യങ്ങളിലും സാമൂഹിക പ്രവർത്തനങ്ങളിലും തീർത്ഥാടനങ്ങളിലും യഥാർത്ഥ ചൈതന്യത്തോടെ സമീപിക്കാനും നന്മകൾ സ്വന്തമാക്കുവാനും പരിശ്രമിക്കാം.

**ഫാ. ജോസ് പുത്തൻചിറ**

## സംസ്ഥാന വാർഷിക ജനറൽ കൗൺസിൽ

ഫെബ്രുവരി 1, 2 തീയതികളിൽ കൊച്ചി ആൽഫാ പാസ്റ്ററൽ സെന്ററിൽ വച്ച് കെ.എൽ.എം സംസ്ഥാന വാർഷിക ജനറൽ കൗൺസിൽ നടത്തപ്പെട്ടു. ബഹു. ഫാ. ജോസ് പുത്തൻചിറയും പ്രതിനിധികളും പങ്കെടുത്തു,

## അതിരൂപതാ സമിതി സായാഹ്ന സംഗമം

കെ.എൽ.എം പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുവാനും ആത്മാഭിഷേകം കൺവൻഷൻ, കായികമേള, മെയ്ദിന റാലി, ഇവയെക്കുറിച്ച് വിശകലനം നടത്തുവാനും വിവിധ കമ്മറ്റികളായി തിരിഞ്ഞ് പ്രവർത്തനങ്ങൾ നടത്തുവാനുമായി ഫെബ്രുവരി 5-ാം തീയതി ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ അതിരൂപത സമിതി അംഗങ്ങളുടെ സായാഹ്ന സംഗമം നടത്തി.

## വനിത സംഗമം.

കെ.എൽ.എം. വനിതാ ഭാരവാഹികളുടെ സംഗമം ഫെബ്രുവരി 10-ാം തീയതി സന്ദേശനിലയത്തിൽ കൂടുകയുണ്ടായി. പ്രസ്തുത സംഗമം ഫാ. ജോസ് പുത്തൻചിറ ഉദ്ഘാടനം ചെയ്തു. വനിതകളുടെ പ്രതിനിധികളായി അതിരൂപത സമിതിയിലേക്ക് ശ്രീമതി ഡാനി തോമസ്, ശ്രീമതി രഞ്ജിനി തോമസ്, ശ്രീമതി ബീന ബെന്നിച്ചൻ എന്നിവരെ തിരഞ്ഞെടുത്തു. വിവിധ ക്ഷേമനിധി പ്രവർത്തനങ്ങൾക്കായി കുഞ്ഞുമോൾ ബിനു (കാർഷികം), ഷീനാ സിജോ (നിർമ്മാണം), സോഫി സെബാസ്റ്റ്യൻ (അസംഘടിതം), ത്രേസ്യാമ്മ നെടുമണ്ണി (ചെറുകിടതോട്ടം), സെലിൻ തോമസ് (തയ്യൽ) എന്നിവരെയും തിരഞ്ഞെടുത്തു.

## വാർഷിക ആഘോഷം.

കൊടിനാട്ടുംകുന്ന് യൂണിറ്റിൽ സഹദാ സംഘത്തിന്റെ വാർഷിക ആഘോഷം 19.02.2020 -ൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ ഫൊറോനാ കോ-ഓർഡിനേറ്റർ ജോർജ്ജുകുട്ടി തൈപ്പറമ്പിൽ, യൂണിറ്റ് കോ-ഓർഡിനേറ്റർ ശ്രീ. ജോയി എന്നിവരും സംഘഭാരവാഹികളുടെയും അംഗങ്ങളുടെയും സാന്നിധ്യത്തിൽ ഫാ. ജോസ് പുത്തൻചിറ വാർഷികം ഉദ്ഘാടനം ചെയ്തു.

## നവതി ആഘോഷം

അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ പൊതുസമ്മേളനത്തിൽ വോളൻഡിയേഴ്സായി നിലകൊള്ളുകയും കൃത്യതയോടെ കാര്യങ്ങൾ നടത്തുകയും ചെയ്ത ചങ്ങനാശേരി കത്തീഡ്രൽ യൂണിറ്റിലെ കോഡിനേറ്റർ സിബിച്ചൻ ഇടശ്ശേരിപറമ്പിനും അദ്ദേഹത്തോട് ചേർന്ന പ്രവർത്തിച്ച എല്ലാ അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

## ആദരാഞ്ജലികൾ

കുമരകം യൂണിറ്റിൽ സെന്റ് ജോർജ്ജ് സംഘാംഗം ശ്രീ. കെ.ഓ ഔസേഫ് 03.02.2020 –ൽ നിര്യാതനായി. അതിരൂപതാ കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

## മരണാനന്തര സഹായനിധി

ചാഞ്ഞോടി യൂണിറ്റിൽ സെന്റ് ഫ്രാൻസീസ് സംഘാംഗം പരേതനായ മാത്യു ദേവസ്യായുടെ കുടുംബത്തിന് 16.2.2020 –ൽ യൂണിറ്റ് ഭാരവാഹികളുടെയും യൂണിറ്റ് ഡയറക്ടറുടെയും മഹനീയ സാന്നിധ്യത്തിൽ അതിരൂപത ഡയറക്ടർ മരണാനന്തര സഹായനിധി കൈമാറി.

## പുതിയ സംഘങ്ങളുടെ ഉദ്ഘാടനം

പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ കായൽപ്പുറം സെന്റ് ജോസഫ്, കാവാലം ലിസ്യു, പായിപ്പാട് ലൂർദ്ദ് മാതാ എന്നീ യൂണിറ്റുകളിൽ ഔദ്യോഗികമായി കേരള ലേബർ മുവ്മെന്റ് എന്ന പ്രസ്ഥാനം പ്രവർത്തനം ആരംഭിച്ചു. എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. യൂണിറ്റ് ഡയറക്ടർ, ഫാ. ജേക്കബ് അമ്പലത്തിങ്കൽ (കാവാലം) ഫാ. ജോഷി മൂലംങ്കുന്നം (കായൽപ്പുറം) ഫാ. മാത്യു ഓടലാനി (പായിപ്പാട്) എന്നീ വൈദികരെ നന്ദിയോടെ ഓർക്കുന്നു.

## ആത്മാഭിഷേകം 2020

കെ.എൽ.എം. ഏകദിന കൺവൻഷൻ മാർച്ച് ഒന്നാം തീയതി 9:30 ന് വി. ബലിയോടെ ആരംഭിക്കും. ഉച്ചകഴിഞ്ഞ് 3:30ന് വി. കുർബാനയുടെ ആരാധനയോടെ സമാപിക്കും. ഫാ. ജിനോ പുന്നമറ്റം, ഫാ. ഷാർലോ ഏഴാനിക്കാട് എന്നിവർ ധ്യാന ചിന്തകൾ പങ്കുവയ്ക്കും.



*അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവിന്റെ നവതിയോടനുബന്ധിച്ച് പുറത്തിറക്കിയ സ്റ്റാമ്പ് കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പ്രകാശനം ചെയ്യുന്നു.*

പ്രിയപ്പെട്ടവരേ,

ഈശോമിശിഹായുടെ ജീവിതരഹസ്യങ്ങൾ ധ്യാനചിന്തയാകുന്ന നാളുകളിലൂടെ നാം ഇപ്പോൾ യാത്രചെയ്യുകയാണല്ലോ. നോമ്പിന്റെ ഈ മാസങ്ങൾ പീഡയേറ്റ കർത്താവിന്റെ കുരിശുമരണത്തിന്റെ സ്മരണയിൽ ത്യാഗമനോഭാവത്തോടെ നമുക്കോരോരുത്തർക്കും നന്മയുടെ സന്ദേശവാഹകരാകാം.

പ്രവാസി അപ്പസ്തോലേറ്റിന്റെ സേവനങ്ങൾ വളരെ നല്ല രീതിയിൽ മുന്നോട്ടുപോകുന്ന ഈ സാഹചര്യത്തിൽ നിങ്ങളോരോരുത്തരും നൽകുന്ന സഹകരണത്തിന് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

നമ്മുടെ പ്രസ്ഥാനത്തിന്റെ സുതാര്യമായ നിയമസേവനത്തിലൂടെ ഷാർജ സെൻട്രൽ ജയിലിൽ തടവിലായിരുന്ന നമ്മുടെ രൂപതാംഗമായ ഒരു വ്യക്തിയെ മോചിപ്പിച്ച് ഫെബ്രുവരി 6-ന് നാട്ടിലെത്തിക്കാൻ കഴിഞ്ഞു എന്നത് ഈ പ്രസ്ഥാനത്തിന്റെ നേട്ടമാണ്.

ഫെബ്രുവരി 7-ാം തീയതി അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവിന്റെ നവതിയാഘോഷത്തിൽ ഇവിടെനിന്നും എക്സിക്യൂട്ടീവ് അംഗങ്ങളും ഓഫീസ് സ്റ്റാഫംഗങ്ങളും പങ്കെടുത്തു. 10-ാം തീയതി തിരുവനന്തപുരത്തു നടന്ന കർഷക രക്ഷാ സംഗമത്തിലും നിയമസഭാ മാർച്ചിലും അതിരൂപതാ പ്രവാസി പ്രതിനിധികൾ പങ്കെടുത്തു. പ്രവാസി ഭാരതീയ സഹായകപദ്ധതിയുടെ മിഡിൽ ഈസ്റ്റ് റീജിയണിന്റെ ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ദേശീയതലത്തിൽ അറിയപ്പെടുന്ന സാമൂഹ്യശാസ്ത്രജ്ഞനായ (ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ റിസേർച്ച്, ഗവ. ഓഫ് ഇന്ത്യ) ഡോ. സാബു ഫിലിപ്പ് 20.02.2020 ഉച്ചകഴിഞ്ഞ് 2:30 ന് പ്രവാസി അപ്പസ്തോലേറ്റിന്റെ അതിരൂപതാ ഓഫീസിൽ ഔദ്യോഗിക സന്ദർശനം നടത്തി.

പ്രവാസി അപ്പസ്തോലേറ്റിന്റെ സേവനത്തിലൂടെ നോർക്കാ റൂട്ട്സ് വഴി, കുവൈറ്റ്, ഖത്തർ, ദുബായ്, സൗദി അറേബ്യ എന്നീ രാജ്യങ്ങളിലേക്ക് വിവിധ തസ്തികകളിൽ ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ചു. പ്രവാസി ക്ഷേമപദ്ധതിയുടെ സേവനങ്ങൾ പ്രവാസികളായവരും മടങ്ങിയെത്തിയവരായിട്ടുള്ളവരും പ്രയോജനപ്പെടുത്തുന്ന വിവരവും അറിയിക്കുന്നു.

## ആവേ മരിയ ഹോളിഡേയ്സ്

മാർച്ച് 1-ന് കൊച്ചിയിൽനിന്നും നെഫർറ്റിറ്റി ഷിപ്പിൽ സമുദ്രയാത്ര സംഘടിപ്പിച്ചു.

ഏപ്രിൽ 16, 27, 28, മെയ് 19 എന്നീ തീയതികളിൽ വിശുദ്ധനാട് തീർത്ഥാടനം ക്രമീകരിച്ചിട്ടുള്ള വിവരവും അറിയിക്കുന്നു.

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
ഡയറക്ടർ

*NB: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ.*
*വിളിക്കേണ്ട നമ്പർ : 9207470117*
*E-mai: pravasiapostolate50@gmail.com*

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

''പകലിന് യോജിച്ച വിധം പെരുമാറാം സുഖലോലുപതയിലോ, മദ്യല ഹരിയിലോ അവിഹിത വേഴ്ചകളിലോ, വിഷയാസക്തിയിലോ, കലഹങ്ങളി ലോ, അസൂയയിലോ വ്യാപരിക്കരുത്'' (റോമാ 13:13).

വെളിച്ചത്തിന്റെ മക്കളാകുവാൻ നിത്യപ്രകാശമായ ഈശോയോടൊപ്പം സഞ്ചരിക്കാം. വലിയനോമ്പിന്റെ കാലഘട്ടങ്ങളിൽ ദു:ശീലങ്ങളിൽ നിന്നും വിട്ടു നിൽക്കുവാൻ നാം പരിശ്രമിക്കാറുണ്ട്. നോമ്പുകാലത്തു മാത്രമായി ഒതുങ്ങാതെ ജീവിതത്തിലുടനീളം അത് മുറുകെപിടിക്കുവാൻ ആത്മതാകേന്ദ്രത്തിലെ, അവബോധക്ലാസുകൾ, കൗൺസിലിംഗ്, ധ്യാനം, ചികിത്സാ എന്നിവ പ്രയോ ജനപ്പെടുത്തുവാൻ ഈ കാലഘട്ടത്തിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.....

**ഫാ. ജോസ് പുത്തൻചിറ**

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു. ചൊവ്വാഴ്ച തത്തംപള്ളിയിലും ബുധനാഴ്ച ഇരവുചിറയിലും വ്യാഴാഴ്ച അതിരമ്പുഴയിലും വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ചികിത്സ നല്കി വരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ മിതമായ നിരക്കിൽ ചികിത്സ നടത്തുന്നു. പരമാവധി പ്രയോജനം എടുക്കുവാൻ ഏവർക്കും അവസരം.

## സപ്പോർട്ട് എ ചൈൽഡ്

നിത്യ രോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനു സാമ്പ ത്തിക സഹായം നല്കി ഈ പദ്ധതി മുന്നോട്ടു പോകുന്നു. മാസത്തിലെ മൂന്നാം ശനിയാഴ്ച പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിലും, അഞ്ചാം ശനിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും നിത്യരോഗികളായ ഇവർ ഒന്നിച്ചുകൂടുക യും ഫാ. ജോസ് പുത്തൻചിറ ക്ലാസ്സ് നയിക്കുകയും സാമ്പത്തിക സഹായവും, ന്യൂട്രിഷൻ കിറ്റ് വിതരണവും നടത്തുകയും ചെയ്തു. ഉച്ചഭക്ഷണത്തോടെ സമ്മേളനം സമാപിപ്പിക്കുകയും ചെയ്തു. സപ്പോർട്ട് എ ചൈൽഡ് പദ്ധതി യിൽ സാമ്പത്തിക സഹായം നല്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കു ന്നു, പ്രാർത്ഥിക്കുന്നു.

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം

ഫെബ്രുവരി മാസം 8-ാം തീയതി ശനിയാഴ്ച തൃശ്ശൂരിലെ ഡി.ബി.സി. എൽ സിയിൽ വച്ച് 21-ാമത് സംസ്ഥാന വാർഷിക സമ്മേളനം നടത്തപ്പെട്ടു. ചങ്ങനാശേരിയിൽ നിന്ന് 50 പേർ പങ്കെടുത്തു. രാവിലെ 10 മണിക്ക് ആരം ഭിച്ച് 3:30 ന് സമ്മേളനം സമാപിച്ചു. 11.01.2020 -ൽ വൈകുന്നേരം 4 മണിക്ക് ചങ്ങനാശേരി അതിരൂപതാ മദ്യവർജ്ജന സമിതി സംഗമം നടത്തപ്പെട്ടു. വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിന്റെ വിപത്തിനെക്കുറിച്ച് ചർച്ചനടത്തി.

*ശേഷം പേജ് 110-ൽ*

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)

DEEPIKA FRIENDS

ചങ്ങനാശ്ശേരി അതിരൂപത

## DFC ഭാരവാഹികളുടെ ഇടവക സന്ദർശനങ്ങൾ

ദീപിക എല്ലാ ഭവനങ്ങളിലേയ്ക്കും എന്ന കർമ്മ പദ്ധതിയോടെ ഇടവക കളിൽ ക്രമീകരിക്കപ്പെടുന്നതിനായി മാർച്ച് 22 ഞായറാഴ്ചയ്ക്ക് മുമ്പ് DFC ഭാരവാഹികളും ഫൊറോനാ ഡയറക്ടറച്ചന്മാരും അതാത് ഫൊറോനയുടെ കീഴിലുള്ള ഇടവകകളിൽ സന്ദർശനം നടത്തുന്നു.

## DFC ഫൊറോന ഡയറക്ടേഴ്സ്

| | *ഫൊറോന* | *ഡയറക്ടേഴ്സ്* | *ഫോൺ* |
|---|---|---|---|
| 1 | ചങ്ങനാശ്ശേരി | ഫാ. ലിജോ ചമ്പക്കുളം | 9562734320 |
| 2 | തുരുത്തി | ഫാ. റോജൻ പുരയ്ക്കൽ | 9947224233 |
| 3 | കുറുമ്പനാടം | ഫാ. ജെയിംസ് കുന്നിൽ | 9447230377 |
| 4 | തൃക്കൊടിത്താനം | ഫാ. ലിൻസ് തടത്തിൽ | 9400157397 |
| 5 | മണിമല | ഫാ. ജിജോ മാറാട്ടുകളം | 8714451436 |
| 6 | പുളിംകുന്ന് | ഫാ. ടോണി മണിയൻചിറ | 8111968166 |
| 7 | ചമ്പക്കുളം | ഫാ. സെബാസ്റ്റ്യൻ വെള്ളാമത്രാ | 9746491215 |
| 8 | ആലപ്പുഴ | ഫാ. ബിജോയ് അറയ്ക്കൽ | 9747717666 |
| 9 | എടത്വ | ഫാ. ജോംസി പൂവത്തോലിൽ | 9495443845 |
| 10 | കോട്ടയം | ഫാ. ജിജോ കപ്പാംമൂട്ടിൽ | 9447778093 |
| 11 | കുടമാളൂർ | ഫാ. ജേക്കബ് ചീരംവേലി | 9447401161 |
| 12 | അതിരമ്പുഴ | ഫാ. ഇമ്മാനുവേൽ, നെല്ലുവേലി | 9447455622 |
| 13 | നെടുംകുന്നം | ഫാ. തോമസ് പ്ലാപ്പറമ്പിൽ | 9495107045 |
| 14 | തിരുവനന്തപുരം | ഫാ. സോണി പള്ളിച്ചിറ | 8547978174 |
| 15 | കൊല്ലം-ആയൂർ | ഫാ. തോമസ് കാരക്കാട്ട് | 9447489738 |
| 16 | അമ്പൂരി | ഫാ. ജോസഫ് ചൂളപ്പറമ്പിൽ | 9446855459 |

## 'ദീപിക എല്ലാ ഭവനങ്ങളിലേയ്ക്കും' ഇടവകതല ഉദ്ഘാടനം

1. നമ്മുടെ അതിരൂപതയിൽ 2020 മാർച്ച് 22 ഞായർ മുതൽ മെയ് 31 പെന്ത ക്കൂസ്താ തിരുനാൾവരെയുള്ള ദിവസങ്ങൾ 'ദീപിക എല്ലാ ഭവനങ്ങളിലേയ്ക്കും' എന്ന കർമ്മ പദ്ധതി ആരംഭിക്കുകയാണ്. മാർച്ച് 22 ഞായറാഴ്ച അതിരൂപ തയിലെ എല്ലാ ഇടവകകളിലും എല്ലാ വിശുദ്ധകുർബാനയിലും അഭിവന്ദ്യ പിതാവിന്റെ സർക്കുലർ വായിക്കുകയും മുഴുവൻ സംഘടനകളുടെയും ആഭി മുഖ്യത്തിൽ ദീപികയുടെ പ്രചരണ യജ്ഞം വിശുദ്ധ കുർബാനയെ തുടർന്ന് തിരിതെളിച്ച് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യണം.

2. ഇതിനൊരുക്കമായി എല്ലാ ഇടവകകളിലും ബഹുമാനപ്പെട്ട വികാരിയച്ച ന്മാരുടെ നേതൃത്വത്തിൽ പാരീഷ് കൗൺസിൽ, ഇടവക കൂട്ടായ്മ പിതൃവേദി, മാതൃവേദി സെന്റ് വിൻസന്റ് ഡിപ്പോൾ സൊസൈറ്റി AKCC, യുവദീപ്തി, SMYM, സൺഡേ സ്കൂൾ ടീച്ചേഴ്സ്, KLM, ചാസ്, DCMS-, പ്രവാസി അപ്പോ സ്തോലേറ്റ്, ലീജിയൺ ഓഫി മേരി, SFO തുടങ്ങി എല്ലാ സംഘടനകളുടെയും ഭാരവാഹിതല മീറ്റിംഗ് വിളിച്ചുകൂട്ടുക.

3. ഇടവകതലത്തിൽ ബഹുമാനപ്പെട്ട വികാരിച്ചൻ അധ്യക്ഷനായും എല്ലാ സംഘടനകളുടെയും പ്രസിഡന്റും സെക്രട്ടറിയും അംഗങ്ങളായുള്ള ഒരു കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിക്കേണ്ടതും ഓരോ മാസത്തിലും

*ശേഷം പേജ് 110-ൽ*

## DCMS സംസ്ഥാന കമ്മറ്റി ഏകദിന സെമിനാർ

## മാർച്ച് 7 നു എറണാകുളം പി.ഒ.സിയിൽ

ദലിത് ക്രൈസ്തവ സംവരണം സംബന്ധിച്ച് കേസ് സുപ്രീം കോടതിയിൽ 2020 ജനുവരി 29നു വിചാരണയ്ക്കു എടുത്തെങ്കിലും കേന്ദ്രസർക്കാരിനുവേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ 4 ആഴ്ച അവധി ചോദിച്ചിരിക്കുകയാണ്. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസിനെ സംബന്ധിച്ച് നാം സ്വീകരിക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഡിസിഎംഎസ് സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ ബഹു. രൂപതാ ഡയറക്ടറന്മാരുടെയും സംസ്ഥാന കൗൺസിൽ അംഗങ്ങളുടെയും, രൂപതാ കമ്മറ്റിയംഗങ്ങളുടെയും സംയുക്ത ഏകദിന സെമിനാർ 2020 മാർച്ച് 7നു രാവിലെ 10.30 മുതൽ 3.30 പി.എം. വരെ എറണാകുളം (പാലാരിവട്ടം) പി.ഒ.സി.യിൽ വച്ചു നടക്കുന്നു.

KCBC SC/ST BC കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ പിതാവു മാർ ജേക്കബ് മുരിക്കൻ സെമിനാർ ഉദ്ഘാടനം ചെയ്യും. സുപ്രീംകോടതി അഡ്വ. ഫ്രാങ്ക്ലിൻ സീസർ ക്ലാസ് നയിക്കും. സെമിനാറിൽ പങ്കെടുക്കുന്നതിന് സംയുക്ത രൂപതാ ഭാരവാഹികൾ (DCMS, DCVS, DCYL) മാർച്ച് 7-ാം തീയതി രാവിലെ 7 മണിക്ക് അതിരൂപതാ DCMS ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.

## വനിതാദിനാചരണം

അതിരൂപത ദലിത് കത്തോലിക്കാ വനിതാസംഘത്തിന്റെ (DCVS) നേതൃത്വത്തിൽ അന്താരാഷ്ട്ര വനിതാ ദിനാചരണവും സെമിനാറും 2020 മാർച്ചു 8 നു പാസ്റ്ററൽ സെന്ററിൽ നടക്കും. സെമിനാറിലും ചർച്ചയിലും പങ്കെടുക്കുന്നതിന് ദലിത് കത്തോലിക്കരായ എല്ലാ വനിതാ അംഗങ്ങളെയും പ്രവർത്തകരേയും, ഭാരവാഹികളെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി)

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ)

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ 800-ാമതും കൂരിയായുടെ 1040-ാമതും പ്രാർത്ഥനാസമ്മേളനം 09-02-2020 ഉച്ചകഴിഞ്ഞ് 2:30 ന് പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ പാറേൽ ലീജിയൻ ഹാളിൽ നടക്കുകയുണ്ടായി. 40 പേർ പങ്കെടുത്തു.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം ജ്ഞാനവായന നിയമഗ്രന്ഥം ചാപ്റ്റർ 33-ന്റെ 'പുതിയ അംഗങ്ങളെ ചേർക്കൽ' എന്ന ഭാഗം പ്രസിഡന്റ് വായിച്ചു. പുതിയ അംഗങ്ങളെ കണ്ടുപിടിച്ച്, ലീജിയനിൽ അംഗമായി ചേർന്ന് സഭയെ ശുശ്രൂഷിക്കുവാൻ ആഹ്വാനം ചെയ്യുക എന്നത് ഓരോ സൈനികരുടെയും കടമയാണ്. ഈശോയുടെ സേവനം കഴിഞ്ഞാൽ മറിയത്തിന്റെ സേവനമാണ് ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹം. ഇതായിരുന്നു ജ്ഞാനവായനയുടെ മുഖ്യസാരം.

പുതിയതായി സ്ഥാനമേറ്റവർക്കും വന്നിരുന്ന മറ്റ് എല്ലാഭാരവാഹികൾക്കും വൈസ് പ്രസിഡന്റ് സഹോദരി വത്സമ്മ കൂട്ടുമ്മേൽ മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിക്കുകയും ഹാജർ രേഖപ്പെടുത്തുകയും ചെയ്തു. പിന്നീട് കമ്മീസിയം സെക്രട്ടറി ജെമിനി സുരേഷ് കഴിഞ്ഞമാസത്തെ പ്രവർത്തനറിപ്പോർട്ടും ഖജാൻജി എത്സമ്മ കോട്ടപ്പുറം വരവുചിലവു കണക്കുകളും അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കുകളും യോഗം പാസ്സാക്കുകയും ബഹു. ഡയറക്ടറച്ചനും പ്രസിഡന്റും അതിൽ ഒപ്പുവയ്ക്കുകയും ചെയ്തു.

തുടർന്ന് സൈനിക ജപശൃംഖല ചൊല്ലിയശേഷം ജോജോ പുതുവേലിൽ അച്ചൻ പ്രഭാഷണം നടത്തി. രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിക്കണം, പ്രായമായ മാതാപിതാക്കളെ അവർ ആയിരിക്കുന്ന അവസ്ഥയിൽ അംഗീകരിച്ച് വേണ്ടുന്ന പരിചരണങ്ങൾ ചെയ്തുകൊടുക്കണം. അവർക്ക് എന്തെല്ലാം സ്വഭാവവൈകല്യങ്ങൾ ഉണ്ടായിരുന്നാലും അതെല്ലാം രോഗത്തിന്റേയും പ്രായത്തിന്റേയും ഭാഗമായി കണക്കാക്കി അവരെ മാറ്റാൻ ശ്രമിക്കാതെ നമ്മുടെ മനോഭാവത്തിൽ മാറ്റംവരുത്തി അവരെ ദൈവഹിതപ്രകാരം ശുശ്രൂഷിക്കുവാൻ നമ്മൾ കടമപ്പെട്ടവരാണ് ഇതായിരുന്നു പ്രഭാഷണമുഖ്യസാരം.

പച്ച-ചെക്കിടിക്കാട് ലൂർദ്ദ്മാതാ പ്രസിദീയം അവരുടെ ഓപ്പണിംഗ് റിപ്പോർട്ട് അവതരിപ്പിച്ചു. തിരുഹൃദയനാഥ ചെത്തിപ്പുഴ, മിശിഹായുടെ മാതാവ് തൃക്കൊടിത്താനം പ്രസിദീയങ്ങൾ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കണമെന്ന് സെക്രട്ടറി ഓർമ്മപ്പെടുത്തി.

ചർച്ചകൾ നടത്തി. മാർച്ച് മാസത്തിൽ ആച്ചിയെസ് ഉണ്ടെന്നും എല്ലാവരും യൂണിഫോമിൽ വന്ന് സംബന്ധിക്കണമെന്നും പ്രസിഡന്റ് നിർദ്ദേശിച്ചു.

ചെറിയൊരു ചായസൽക്കാരത്തിനുശേഷം അവസാനജപവും ചൊല്ലി ദൈവദാസൻ ഫ്രാങ്ക്ഡഫിനെ വിശുദ്ധനാക്കുവാനുള്ള നാമകരണജപവും ചൊല്ലി ബഹുമാനപ്പെട്ട ജോജോ അച്ചന്റെ അനുഗ്രഹാശീർവാദവും സ്വീകരിച്ച് യോഗം പര്യവസാനിച്ചു.

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

*(Secular Franciscan Order - SFO)*
**"സമാധാനം - സൗഭാഗ്യം"**

പ്രിയ സഹോദരീസഹോദരന്മാരേ,

ഇതാ പുതിയ ഒരു നോമ്പുകാലംകൂടി കടന്നുവന്നിരിക്കുകയാണല്ലോ. ആരാധനവത്സരക്രമത്തിൽ മാനസാന്തരത്തിനും ജീവിതനവീകരണത്തിനും സവിശേഷപ്രാധാന്യം നല്കിക്കൊണ്ട് തീക്ഷ്ണമായ ക്രിസ്തീയ സാക്ഷ്യമായി കടന്നുപോകേണ്ട കാലമാണ് 'വലിയനോമ്പ്'. 'നോമ്പ്' നോവും അൻപും നിറഞ്ഞതാണല്ലോ. ഈ വേദനയും സ്നേഹവും ദൈവത്തിനുവേണ്ടി സ്വീകരിക്കുകയും കൊടുക്കുകയും ചെയ്യുമ്പോഴാണല്ലോ യഥാർത്ഥ നോമ്പ് അനുഭവം നമുക്കു ലഭിക്കുന്നത്. 'ദൈവത്തിന് സദൃശ്യനായിരിക്കെ സ്വയം ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു' (ഫിലിപ്പി 2:7). ക്രിസ്തുനാഥൻ ദാരിദ്ര്യത്തിന്റേയും സഹനത്തിന്റേയും മാർഗ്ഗത്തിലൂടെയാണ് രക്ഷാകരകർമ്മം പൂർത്തിയാക്കിയത്. പീഡാസഹനത്തിന്റേയും ശൂന്യവൽക്കരണത്തിന്റേയും പ്രതീകമായ കുരിശ് രക്ഷയുടെ അടയാളമായിത്തീർന്നു. അതിനാൽ നമുക്കു ലഭിക്കുന്ന പ്രയാസങ്ങളും ദുരിതങ്ങളും നമ്മുടെ രക്ഷയുടെ കാരണങ്ങളായി കണ്ടെത്തി ജീവിതം നയിക്കുന്നതിന് നോമ്പും ഉപവാസവും നമുക്ക് ശക്തിതരും. ദൈവത്തോടൊപ്പം വസിക്കുക എന്നതാണ് ഉപവാസം. ദൈവത്തോടൊപ്പം ആകാൻ നിരന്തരം പ്രാർത്ഥിക്കണം. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം നസ്രത്തിലെ തിരുക്കുടുംബത്തെ പുനരവതരിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് വി. ജോൺപോൾ രണ്ടാമൻ പറഞ്ഞിരിക്കുന്നത് ഓർക്കുക. ഉപവാസവും പ്രാർത്ഥനയും വഴി ജീവിതം നവീകരിക്കാനും ദൈവത്തോടും സഭയോടും ചേർന്നു ജീവിക്കാനും നമുക്കു പരിശ്രമിക്കാൻ അതിന് നമ്മുടെ സ്വർഗ്ഗീയമദ്ധ്യസ്ഥൻ നമുക്ക് വഴികാട്ടിയാണല്ലോ.

'യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ സകലവികാരങ്ങളോടും മോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാത്തിയ 5:24) എന്നു തിരിച്ചറിഞ്ഞ വി. ഫ്രാൻസിസ് അസ്സീസി കുരിശിന്റെ വഴി അക്ഷരാർത്ഥത്തിൽ പിൻ ചെല്ലുവാൻ പരിശ്രമിക്കുകയും വിജയിക്കുകയും ചെയ്തു. കർത്താവായ മിശിഹാകഴിഞ്ഞാൽ ഈ ലോകത്തു ജീവിച്ചവരിൽ മറ്റാർക്കും സാധിക്കാത്ത വിധം ഉപവാസവും നോമ്പും പ്രാർത്ഥനയും ശൂന്യവൽക്കരണവും സ്വയം സ്വീകരിച്ച് തന്റെ ശരീരത്തെ അതിന്റെ സകലവികാരങ്ങളോടും മോഹങ്ങളോടുംകൂടെ ക്രൂശിച്ച് വിജയംവരിച്ച് നമുക്കു മാതൃകയായിത്തീർന്നു. ഈ ജീവിതം അനുകരിക്കാൻ പരിശ്രമിക്കുന്ന നമുക്ക് ഈ നോമ്പുകാലത്തിൽ സ്വന്തരക്ഷമാത്രമല്ല മറ്റു സഹോദരങ്ങളുടേയും രക്ഷയ്ക്കുവേണ്ടികൂടി പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

എന്തെന്നാൽ എനിക്കു വിശന്നു നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശി ആയിരുന്നു നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്റെ അടുത്തുവന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു

എന്റെ ഈ എളിയ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ഇതു ചെയ്തത്. (മത്തായി 25:35).

ഈ നോമ്പുകാലം ഈ തിരുവചനഓർമ്മയിൽ സൂക്ഷിച്ച് വിജയത്തിനായി സ്വർഗ്ഗീയ മദ്ധ്യസ്ഥതയാൽ വിജയം വരിക്കാം.

## എടത്വാ റീജൺ മീറ്റിംഗ്

എടത്വാ റീജൺ മീറ്റിംഗ് 15-02-2020 ശനിയാഴ്ച 10:30 a.m.ന് ചങ്ങംങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽവച്ച് ഫ്രാൻസിസ്ക്കൻ പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. പ്രാർത്ഥനയ്ക്കുശേഷം ബ്രദർ ഇടുക്കി തങ്കച്ചൻ ഫ്രാൻസിസ്ക്കൻ ജീവിതശൈലിയെക്കുറിച്ച് ക്ലാസ് നയിച്ചു. വളരെയധികം ഗുണപ്രദമായ ഒരു ക്ലാസ് ആയിരുന്നു! ക്ലാസിനുശേഷം ബഹു. ഇടുക്കി തങ്കച്ചന് പ്രൊഫസർ മാത്യു ജോർജ്സാർ കൃതജ്ഞതയർപ്പിച്ചു.

12 മണിക്ക് SFO അതിരൂപതാ സ്പിരിച്വൽ അസിസ്റ്റന്റ് ഫാ. തോമസ് വെട്ടിക്കാലായിൽ OFM Cap. വിശുദ്ധകുർബാന അർപ്പിച്ചു. വി. കുർബാന മദ്ധ്യേ 15 SFO സഹോദരങ്ങൾ നിത്യവ്രതവാഗ്ദാനം സ്വീകരിച്ചു. 13 അംഗങ്ങൾ സഭാവസ്ത്രം സ്വീകരിച്ച് പുതിയ അംഗങ്ങളായി. റീജൺ പ്രസിഡന്റ് സാബു കരിക്കംപള്ളി നേതൃത്വം നല്കി. വി. കുർബാനയ്ക്കുശേഷം ഉച്ചഭക്ഷണത്തോടുകൂടി പരിപാടികൾ അവസാനിച്ചു. ഈ പരിപാടികൾ വിജയപ്രദമാക്കിയ എടത്വാറീജൺ ഭാരവാഹികൾക്കും ബഹുമാനപ്പെട്ട വികാരിയച്ചനും ഇടവകജനങ്ങൾക്കും SFO അംഗങ്ങൾക്കും നന്ദിയർപ്പിക്കുന്നു.

## നോമ്പുകാല പീഡാനുഭവ പദയാത്ര

ആണ്ടുതോറും നടന്നുവരുന്ന പീഡാനുഭവപദയാത്ര ഈ വർഷം 21-03-2020 ശനിയാഴ്ച മുട്ടാർ സെന്റ് ജോർജ് ദൈവാലയത്തിൽനിന്നും 8 മണിക്ക് ആരംഭിച്ച് എടത്വാ ഫൊറോനാ സെന്റ് ജോർജ് ദൈവാലയത്തിലെത്തി ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽ എത്തിച്ചേരുന്നതും തുടർന്ന് റവ. ഫാ. ജിബു പുല്ലാട്ടുതടത്തിൽ OFM Cap. വിശുദ്ധ കുർബാനയർപ്പിക്കുന്നതുമാണ്. എല്ലാ സഭാംഗങ്ങളും കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും ഈ നോമ്പുകാലം അനുഗ്രഹപ്രദമാകാനും ദൈവത്തിന് ഇഷ്ടമുള്ളവിധം പുതിയ ജീവിതം നയിക്കുന്നവരാകുന്നതിനും സഭയോടൊത്ത് ജീവിക്കുന്നവരാകുന്നതിനും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്

സ്നേഹാശംസകളോടെ,

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ** **ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap
SFO അതിരൂപതാ പ്രസിഡന്റ് SFO അതിരൂപതാ Spiritual Assistant

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നോമ്പുകാലത്തേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പുതിയനിയമത്തിലൂടെ നാം കടന്നുപോകുമ്പോൾ ''സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുമ്പോഴാണ്'' നമുക്ക് കൂടുതൽ സന്തോഷമുണ്ടാകുന്നതെന്ന് മനസിലാക്കുവാൻ സാധിക്കും. ഇതിൽനിന്നു നാം മനസിലാക്കേണ്ടത് കൊടുക്കൽ വാങ്ങലുകൾ നമ്മുടെ ബന്ധങ്ങളെ കൂടുതൽ ആഴമുള്ളതാക്കി തീർക്കുന്നു എന്നുള്ളതാണ്. അതു കാരുണ്യത്തിന്റെ വഴിയിലേയ്ക്കു തിരിയുമ്പോൾ നമ്മെത്തന്നെ കൂടുതൽ ധന്യതയിലേയ്ക്കു നയിക്കുകകൂടി ചെയ്യുന്നു. ഇവിടെയാണ് അഗാധതയിലേയ്ക്ക് നമ്മുടെ ചിന്തയെ കൊണ്ടുപോകേണ്ടിയിരിക്കുന്നത്. അത് ഒരുപക്ഷേ നമ്മിൽ തന്നെ ഉളവാക്കുന്ന ഒരു പ്രവണത മറ്റൊന്നുമല്ല. കൂടുതൽ വിലമതിക്കുന്ന സാധനങ്ങൾ പങ്കുവ്ക്കുവാനുള്ള വിമുഖത നമ്മുടെ ഈ ചിന്ത കുട്ടികളിലേയ്ക്ക് നാം കടത്തിവിടുകയാണെങ്കിൽ അവർ ഏറ്റം സ്നേഹിക്കുന്ന ഒരു കളിപ്പാട്ടം വേറൊരാൾ കൈവശം വയ്ക്കുവാനൊരുങ്ങുമ്പോഴുണ്ടാകുന്ന ആ പരിഭവം അല്ലെങ്കിൽ പരിഭ്രാന്തി ഇവിടെയാണ്. ഒരു മറുചിന്ത നമുക്കാവശ്യമായി വരുന്നത്. നാം സന്തോഷത്തോടെ കൊടുക്കുന്ന ഒരു സമ്മാനം അതു സ്വീകരിക്കുന്നവർക്കുണ്ടാകുന്ന അനുഭൂതി അല്ലെങ്കിൽ ആനന്ദം ഇവയ്ക്കെല്ലാം ഒരു സ്വീകാര്യതയുണ്ട്. ആവശ്യമില്ലാത്തവ കൊടുക്കുക, മറ്റുള്ളവരുടെ പ്രീതി സമ്പാദിക്കുന്നതിനുവേണ്ടി കൊടുക്കുക, നശ്വരലാഭേച്ഛ കണക്കാക്കി കൊടുക്കുക. ഇതു നിങ്ങളുടെ നോമ്പുചിന്താഗതിയിൽ ഏറ്റം പ്രധാനപ്പെട്ടതാകട്ടെ.

നാം പങ്കുവയ്ക്കേണ്ട മറ്റൊരു ചിന്ത 'ഏകാന്തത'യെക്കുറിച്ചാണ്. ബന്ധുക്കളും സ്നേഹിതരും എല്ലാമായി കഴിഞ്ഞിരുന്നവർ അവരാൽ ഉപേക്ഷിക്കപ്പെടുമ്പോഴുണ്ടാകുന്ന ആ മനോവേദന. നാം ആഴത്തിൽ മനസിലാക്കേണ്ടതും, കഴിയുമെങ്കിൽ കടന്നുചെല്ലേണ്ടതുമായ ഒരു വിഭാഗമാണത്. അവിടെയാണ് പണത്തിന്റേതല്ലാത്ത ഒരു ലോകത്തിലേയ്ക്കു നാം കടന്നുചെല്ലുന്നത്. പഴയനിയമത്തിലും പുതിയനിയമത്തിലുമെല്ലാം സ്നേഹത്തിന്റെ സാന്ത്വനമേകാത്തവരെപ്പറ്റി പരാമർശിക്കുന്നുണ്ട്. ഇവിടെ നാം കൂട്ടിച്ചേർക്കേണ്ട ഒരു വാചകമുണ്ട്. 'ദൈവഹിതം അനുസരിച്ചു ജീവിക്കുക, സ്വർഗ്ഗരാജ്യത്തിലേയ്ക്ക് അവരെക്കൂടി കൂട്ടിക്കൊണ്ടു പോകുവാൻ ഈ നടപടിക്രമങ്ങളിലേയ്ക്ക് നമ്മെത്തന്നെ പ്രാപ്തരാക്കുക. അവിടെ അസ്വാരസ്യങ്ങൾ ഉണ്ടായേക്കാം. അവയെ എല്ലാ തരണം ചെയ്യുക. സൃഷ്ടികർമ്മത്തിൽ ദൈവം നമ്മെക്കുറിച്ച് ഏതു രീതിയിൽ ചിന്തിച്ചിട്ടുണ്ടോ അതു മറ്റുള്ളവരിലും പ്രാവർത്തികമാക്കുവാൻ പരിശ്രമിക്കുക. നമ്മുടെ നോമ്പുകാലജീവിതം ഏറ്റം ധന്യമാകും. അതുവഴി ശോഭനമായ ഒരു ഉത്ഥാനവും നമുക്ക് ആഘോഷിക്കുവാനും സാധിക്കും.

ക്രിസ്തുവിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ജീവകാരുണ്യങ്ങൾക്ക് നേതൃത്വം നൽകുക. രക്ഷാകരകർമ്മം എത്ര തിരക്കിലായാലും മറന്നുപോകാതിരിക്കുക. 'നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷി

ക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും' (മത്താ 6-33). വീണ്ടും വി. മത്തായിയുടെ സുവിശേഷം 25-ാം അധ്യായം 31 മുതൽ 46 വരെയുള്ള ദൈവവചനങ്ങൾ നിങ്ങളുടെ ചിന്തയിലേയ്ക്കു കൊണ്ടുവരുന്നതിനും പരിശ്രമിക്കുക.

## സി.സി. മീറ്റിംഗ്

അടുത്ത സി.സി. മീറ്റിംഗ് ഏപ്രിൽ 14-ാം തീയതി ചൊവ്വാഴ്ചയായിരിക്കും നടക്കുക. ഏപ്രിൽ മാസത്തെ രണ്ടാം ശനിയാഴ്ച ദുഃഖശനിയായതിനാലാണ് ഈ മാറ്റം. എല്ലാവരും സഹകരിക്കുക. എല്ലാവരും അന്നേദിവസം വാർഷിക കണക്കും വിഹിതവും കൊണ്ടുവരുന്ന കാര്യം മറക്കരുത്. സി.സി. വാർഷികത്തിനു മുമ്പ് കണക്കുകളും മറ്റും ക്രോഡീകരിച്ച് തയ്യാറാക്കേണ്ടതുള്ളതുകൊണ്ട് അന്നുതന്നെ എല്ലാവരും കണക്കുകളും വിഹിതവും കൊണ്ടുവരുവാൻ ശ്രദ്ധിക്കണം.

## സി.സി. വാർഷികം

ഇത്തവണത്തെ അതിരൂപതാ വാർഷികം (സി.സി.) 2020 മെയ് മാസം 17-ാം തീയതി ഞായറാഴ്ച പാറേൽ മരിയൻ സെന്റർ പാരീഷ് ഹാളിൽ നടത്തപ്പെടുന്നതാണ്. എല്ലാവിധ സഹകരണവും ഓരോരുത്തരിൽ നിന്നുമുണ്ടാകണം.

## ചരമഅറിയിപ്പ്

തുരുത്തി ഏരിയ കൗൺസിൽ പ്രസിഡന്റ് ബ്ര. ഫിലിപ്പ് ആന്റണി കാച്ചാംകോടിന്റെ അപ്രതീക്ഷിത നിര്യാണത്തിലും ചമ്പക്കുളം എ.സി.യുടെ മുൻ പ്രസിഡന്റ് ബ്ര. കുര്യൻ തോമസ് (അപ്പച്ചൻ സാർ), പുന്നത്തുറ വെള്ളാപ്പള്ളി സെന്റ് തോമസ് കോൺഫ്രൻസിലെ പ്രവർത്തകാംഗം സി.വി. ദേവസ്യ ചാത്തിമറ്റത്തിൽ എന്നിവരുടെ നിര്യാണത്തിലും അനുശോചനം അറിയിക്കുന്നു. പരേതരുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

നോമ്പിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ എല്ലാവർക്കും കഴിയുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

## 1. ചില്ലറവിപ്ലവം: 2000 കോയിൻ ബോക്സുകൾ

പാവപ്പെട്ട രോഗികളെ സഹായിക്കുവാനുള്ള ജനകീയ മുന്നേറ്റമാണ് ചില്ലറ വിപ്ലവം. വീടുകളിലും സ്ഥാപനങ്ങളിലും കോയിൻബോക്സുകൾ സ്ഥാപിച്ച് അതിൽ നിന്ന് ലഭിക്കുന്ന പണം കൊണ്ട് രോഗികളെ സഹായിക്കുവാനാണ് ചില്ലറ വിപ്ലവം ലക്ഷ്യം വയ്ക്കുന്നത്. 'ചില്ലറ കൊണ്ടു ചെയ്യാവുന്നത് ചില്ലറ ക്കാര്യമല്ല' എന്ന ആപ്തവാക്യം ജനഹൃദയങ്ങളിൽ ഇതിനോടകം സ്ഥാനം പിടിച്ചു കഴിഞ്ഞു. അതുകൊണ്ടാണ് 2000 കോയിൻ ബോക്സുകൾ പ്രാരം ഭഘട്ടത്തിൽ സ്ഥാപിക്കുന്നത്. 10000 ബോക്സുകൾ ഒരു വർഷം കൊണ്ട് സ്ഥാപിക്കുക എന്നതാണ് ചാരിറ്റി വേൾഡ് ലക്ഷ്യം വയ്ക്കുക.

## 2. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മുട്ടാറിൽ

മുട്ടാർ ഗ്രാമപഞ്ചായത്തിൽ ആരോഗ്യഗ്രാമം പദ്ധതിയുടെ ഭാഗമായി കുടിവെള്ള പ്രശ്നം പരിഹരിക്കുവാനുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപി ച്ചു. മിത്രക്കരി മേഖലയിൽ 12-ാം വാർഡിൽ വാർഡുമെമ്പർ ശ്രീമതി തങ്കമ്മ സോമന്റെയും ജനങ്ങളുടെയും നിർല്ലോഭമായ സഹകരണമാണ് ഇത്രയും പെട്ടന്ന് ആ വാർഡിൽ പ്ലാന്റ് സ്ഥാപിക്കുവാൻ സാധിച്ചത്. മിത്രക്കരി സഹക രണബാങ്കിന്റെ കെട്ടിടത്തിലെ ഒരു മുറി പ്ലാന്റ് സ്ഥാപിക്കുവാൻ ബാങ്ക് വിട്ടു കൊടുക്കുകയുണ്ടായി. 12-ാം വാർഡിലെ അതിരൂക്ഷമായ വെള്ളപ്രശ്നം അതോടെ തീരും എന്നത് ജനങ്ങൾക്ക് ഏറെ സന്തോഷം നല്കുന്ന കാര്യമാ ണ്. ചാരിറ്റി വേൾഡ്, കൺസേൺ ഇന്ത്യ ഫൗണ്ടേഷന്റെയും ബയറിന്റയും സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

## 3. ചാരിറ്റി ബോക്സ് ആപ്പ് പരിശീലനം

ചില്ലറവിപ്ലവം വിജയപ്രദമാകുവാൻ ആധുനിക സംവിധാനങ്ങളാണ് ഒരു ക്കിയിരിക്കുന്നത്. അതിന്റെ ഭാഗമായി ഒരു ആപ്പ് തന്നെ വികസിപ്പിച്ചിരിക്കുന്നു. ബോക്സിലുള്ള ക്യൂ.ആർ കോഡ് സ്കാൻ ചെയ്തു കഴിയുമ്പോൾ ബോക്സി രിക്കുന്ന വീട്ടിലെ അഡ്രസ് ലഭിക്കുന്നു. തുടർന്ന് പണം എണ്ണ് തിട്ടപ്പെടുത്തി ആപ്പിലൂടെ ചാരിറ്റി ഓഫീസിൽ വിവരം എത്തുമ്പോൾ ദാതാവിന്, കിട്ടിയ പണത്തിന്റെ സന്ദേശം ചെല്ലും. 10 ബോക്സിന് ഒരു വോളന്റിയറും 10 വോളന്റി യർമാർക്ക് ഒരു കോ-ഓർഡനേറ്ററും. ഈ പദ്ധതി പരിശീലനം ഫെബ്രുവരി 11-ാം തീയതി 2 മണിക്ക് ചാരിറ്റി വേൾഡിൽ സന്നദ്ധ പ്രവർത്തകർക്കായി നടത്തപ്പെട്ടു.

## 4. ഭിന്നശേഷിക്കാർക്കുള്ള AWAKE 2020

കേരളത്തിലെ മാനസിക ഭിന്നശേഷിക്കാർക്കുള്ള കലാസാംസ്ക്കാരിക മത്സരം മാന്നാനം കെ.ഇ. കോളജിൽ ഫെബ്രുവരി 14, 15 തീയതികളിൽ നടത്തപ്പെട്ടു. ഇത്തിത്താനം ആശാഭവനിലെയും ചീരഞ്ചിറ ജിമ്മി പടനിലം

സെന്ററിലെയും 31 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. നാടൻപാട്ട്, ചിത്രരചന, നാടോടിനൃത്തം, കരകൗശലപ്രദർശനം, ലളിതഗാനം എന്നീ മത്സങ്ങളിലാണ് ഈ രണ്ടു സ്ഥാപനങ്ങളിലെയും കുട്ടികൾ മത്സരിച്ചത്. ആശാഭവനിലെ റ്റിനുവിന് കരകൗശല പ്രദർശനത്തിന് രണ്ടാം സ്ഥാനവും, ജെ.പി.സി.എസ്.എൻ വിദ്യാർത്ഥി ആൽബിൻ തോമസ് ബിജുവിന് മിമിക്രിയിൽ രണ്ടാം സ്ഥാനവും ലഭിച്ചു. വിവിധ സ്കൂളുകളിൽ നിന്നായി 800-ൽ പരം വിദ്യാർത്ഥികൾ പങ്കെടുത്തു.

## 5. നേത്ര പരിശോധന ക്യാമ്പ്

ആരോഗ്യഗ്രാമം പദ്ധതി മുട്ടാർ, രാമങ്കരി, വെളിയനാട് പഞ്ചായത്തുകളിൽ നടത്തപ്പെടുന്നതിന്റെ ഭാഗമായി നേത്ര പരിശോധനാക്യാമ്പ് സംഘടിപ്പിച്ചു. സാധാരണക്കാർക്ക് വളരെ ഉപകാരപ്രദമായ ക്യാമ്പ് ഇടിമണ്ണിക്കൽ ഒപ്ടിക്കൽസിന്റെ സഹായത്തോടെയാണ് സംഘടിപ്പിച്ചിരിക്കുന്നത്. മുട്ടാറിൽ 2 -ഉം, രാമങ്കരിയിൽ 4-ഉം, വെളിയനാട് 4-ഉം ആയി 10 ക്യാമ്പുകളാണ് ഫെബ്രുവരി മാസം സംഘടിപ്പിച്ചിരിക്കുന്നത്. പ്രസ്തുത ഓരോ ക്യാമ്പിലും 70-ൽ പരം ആളുകളാണ് എത്തിയത്.

## 6. പട്ടിണിരഹിത ഭവനം

തുരുത്തി ആലഞ്ചേരി മറിയാമ്മ ഫിലിപ്പോസ് ദമ്പതികളുടെ ഓർമ്മ നിലനിർത്തുന്നതിന്റെ ഭാഗമായി ആലഞ്ചേരി ഫൗണ്ടേഷൻ ചാരിറ്റി വേൾഡിന്റെ സഹായത്തോടെ പട്ടിണിയിൽ കഴിയുന്ന 100 കുടുംബങ്ങൾക്ക് ഭക്ഷണകിറ്റുകൾ കൊടുക്കുന്നു. ഫെബ്രുവരി മാസത്തെ കിറ്റു വിതരണം ഫെബ്രുവരി 10-ാം തീയതി നടത്തപ്പെട്ടു.

## 7. തണൽ, കാരുണ്യസ്പർശം

കിടപ്പുരോഗികൾക്കും, കാൻസർ രോഗികൾക്കും ചാരിറ്റി വേൾഡ് ആശ്വാസം നലക്കുന്നു. മാസം തോറും ഒരു നിശ്ചിത തുക സാമ്പത്തിക സഹായം നല്കുന്ന പദ്ധതികൾ ഇടിമണ്ണിക്കൽ സണ്ണിച്ചന്റെയും, കുളപ്പുറത്ത് റ്റോമിച്ചന്റെയും നിർല്ലോഭമായ സഹായത്താൽ നടത്തപ്പെടുന്നു. ജനുവരി 28-ന് ഇവ വിതരണം ചെയ്യപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
എക്സിക്യൂട്ടീവ് ഡയറക്ടർ, 9447564836

*"കരിസ്മാറ്റിക് നവീകരണം കത്തോലിക്ക സഭയ്ക്കു ലഭിച്ച ഏറ്റവും വലിയ അനുഗ്രഹമാണ്."*

ഫ്രാൻസിസ് മാർപാപ്പാ

## സോണൽ പുന:സംഘടന

KCBC കരിസ്മാറ്റിക് കമ്മീഷന്റെ നിർദ്ദേശപ്രകാരം ചങ്ങനാശ്ശേരി അതിരൂപതാ സോണൽ പുന:സംഘടന, 2020 ജനുവരി 9-ാം തീയതി രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ പാസ്റ്ററൽ സെന്ററിലുള്ള മെയിൻ ഹാളിൽ വച്ചു നടത്തപ്പെട്ടു. കെ.സി.സി. ആർ.എസ്.ടി. യെ പ്രതിനിധീകരിച്ച് ചെയർമാൻ റവ. ഫാ. ജോസഫ് താമരവെള്ളി, വൈസ് ചെയർമാൻ ശ്രീ. സെബാസ്റ്റ്യൻ താന്നിയ്ക്കൽ, സെക്രട്ടറി ഡോ. കൊച്ചുറാണി ജോസഫ് എന്നിവർ നിർദ്ദേശങ്ങൾ നൽകുകയും സോണൽ ഡയറക്ടറായ റവ. ഫാ. മാത്യു താന്നിയത്ത് തെരഞ്ഞെടുപ്പിന് നേതൃത്വം നല്കുകയും ചെയ്തു. പുതിയതായി തെരഞ്ഞെടുക്കപ്പെട്ട സർവ്വീസ് ടീം അംഗങ്ങളുടെയും അവർ പ്രതിനിധാനം ചെയ്യുന്ന മിനിസ്ട്രികളും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. ശ്രീ. മോൻ ചെത്തിമറ്റം | കോ- ഓർഡിനേറ്റർ | 9526562031 |
| 2. ശ്രീ. സെബാസ്റ്റ്യൻ കരിപ്പാപ്പറമ്പിൽ | സെക്രട്ടറി | 9400874069 |
| 3. ശ്രീ. തോമസ് തെക്കേപടുപുരയ്ക്കൽ | ട്രഷറർ | 7012547203 |
| 4. സിസ്റ്റർ ചെറുപുഷ്പം SABS | പാരീഷ് മിനിസ്ട്രി | 8547687967 |
| 5. ശ്രീ. ടോമിച്ചൻ പുല്ലങ്കാവുങ്കൽ | എക്സ്- കോർഡിനേറ്റർ | 9061954230 |
| 6. ശ്രീ. പി.വി. ജോസഫ് പൊരിയംവേലി | പാരീഷ് മിനിസ്ട്രി | 9846982052 |
| 7. ശ്രീ. ലാലിച്ചൻ നെല്ലിക്കൽ | മദ്ധ്യസ്ഥപ്രാർത്ഥന | 9744818108 |
| 8. ശ്രീമതി മറിയാമ്മ കല്ലുപുരയ്ക്കൽ | കെരിഗ്മ | 9400471779 |
| 9. ശ്രീമതി ലില്ലിക്കുട്ടി ആയല്ലൂർ | തൂവാനിസ | 9400967878 |
| 10. ശ്രീ. സാലു മാരൂർ കൊല്ലറാത്ത് | ക്രിസ്റ്റീൻ | 9526562031 |
| 11. ശ്രീ. സെബാസ്റ്റ്യൻ കട്ടപ്പുറം | കപ്പിൾസ് മിനിസ്റ്ററി | 9497415685 |

## കാരിസ് 2020 ആദ്യ സോണൽ മീറ്റിംഗ്

ചങ്ങനാശ്ശേരി അതിരൂപതാ കരിസ്മാറ്റിക് സോണിന്റെ ഡയറക്ടർ ബഹു. മാത്യു താന്നിയത്ത് അച്ചന്റെ നിർദ്ദേശപ്രകാരം രണ്ടു വർഷത്തെ സേവനത്തിനുശേഷം പുറത്തേയ്ക്കു പോകുന്ന സർവ്വീസ് ടീം അംഗങ്ങളുടേയും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും ഒരു സംയുക്തയോഗം ഫെബ്രുവരി 7-ാം തീയതി ഉച്ചകഴിഞ്ഞ് മൂന്നു മണി മുതൽ വില്ലൂന്നി സെന്റ് സേവിയേഴ്സ് ചർച്ചിൽ വച്ചു നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലം കരിസ്മാറ്റിക് കൂട്ടായ്മയ്ക്കുവേണ്ടി വളരെ സ്തുത്യർഹമായ സേവനം കാഴ്ച വച്ച സർവ്വീസ് ടീം അംഗങ്ങളെ അനുമോദിക്കുകയും

പുതിയതായി ചുമതല എടുക്കുന്നുവർക്ക് എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു.

## സോണൽ സേവനസമിതി ഫോർമേഷൻ & കമ്മീഷനിംങ്ങ്

ഫെബ്രുവരി 11, 12 തീയതികളിൽ എറണാകുളം എമ്മാവൂസിൽവച്ച് KCBC കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ റൈറ്റ് റവറന്റ് സാമുവൽ മാർ ഐറേനിയോസ് പിതാവിന്റെ നേതൃത്വത്തിൽ കേരളത്തിലെ 24 സോണുകളിൽ നിന്നും എത്തിയ എല്ലാ സർവ്വീസ് ടീം അംഗങ്ങൾക്കും ഫോർമേഷനും നിർദ്ദേശങ്ങളും അഭിഷേക പ്രാർത്ഥനയും നടത്തപ്പെട്ടു ചങ്ങനാശ്ശേരി അതിരൂപത സോണിൽ നിന്നും എല്ലാവരും തന്നെ ക്ലാസ്സിൽ സംബന്ധിക്കുകയും അഭിഷേകം സ്വീകരിക്കുകയും ചെയ്തു.

തദവസരത്തിൽ കാരീസ് 2020 കർമ്മപദ്ധതിയുടെ പ്രകാശനവും പ്രവർത്തന വർഷ ഉത്ഘാടനവും നടത്തപ്പെടുകയുണ്ടായി.

## ക്രിസ്റ്റീൻ 2020 പ്രഥമ മീറ്റിംഗ്

നമ്മുടെ ഇളംതലമുറയുടെ പ്രശ്നങ്ങൾ പഠിക്കുകയും അവരെ ശരിയായ മാർഗ്ഗത്തിലേയ്ക്ക് നയിക്കുവാനും വേണ്ടി അവരുടെ ഇടയിൽ പ്രവർത്തിക്കുന്ന നേതൃത്വനിരയിലുള്ളവർക്കുവേണ്ടി ഒരു സെമിനാർ ഫെബ്രുവരി 19-ാം തീയതി ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് കാരീസ് 2020 ക്രിസ്റ്റീൻ മിനിസ്ട്രിയുടെ പ്രഥമ കർമ്മപരിപാടിയായി നടത്തപ്പെട്ടു. KCCRC ക്രിസ്റ്റീൻ ആനിമേറ്റർ Rev. Fr. John Bosco, Lucy Jose കാരക്കാട്ട് എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

സോണൽ ക്രിസ്റ്റീൻ മിനിസ്ട്രി ചാർജ്ജുള്ള ശ്രീ. സണ്ണി കൊച്ചുപറമ്പിൽ, സാലു തോമസ് കൊല്ലറാത്തിനോടൊപ്പം സിസ്റ്റർ ചെറുപുഷ്പം SABS, ശ്രീ. മോൻ പുത്തൻകളം, സോണൽ കോഡിനേറ്റർ, സെക്രട്ടറി, മറ്റ് സോണൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. 23 സമർപ്പിതരും 32 ആത്മായരും പങ്കെടുത്ത പ്രസ്തുത സെമിനാർ ഉത്ഘാടനം ചെയ്തത് പെരിയ. ബഹു. വികാരിജനറാൾ തോമസ് പാടിയത്ത് അച്ചനായിരുന്നു. ബഹു. ജോൺസ് പുത്തൻകുളം അച്ചൻ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി. ഇളം തലമുറയെ ശരിയായ ദിശയിലേയ്ക്ക് നയിക്കുവാൻ കരിസ്മാറ്റിക് പ്രസ്ഥാനം എന്നും പ്രതിജ്ഞാബദ്ധമായിരിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

**സെബാസ്റ്റ്യൻ കരിപ്പാപ്പറമ്പിൽ**
(സെക്രട്ടറി)

**മോൻ ചെത്തിമറ്റം**
(കോ- ഓർഡിനേറ്റർ)

കൗൺസിലിംഗ്, ചികിത്സ, ബോധവത്ക്കരണം ഇവയിൽ കൂടുതൽ ശ്രദ്ധിക്കണം. ഇടവകയോടും, സ്കൂളുകളോടും ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചു.

## കെ.സി.ബി.സി മേഖലാ സമ്മേളനം

ഫെബ്രുവരി 21-ാം തീയതി ചങ്ങനാശേരി, കോട്ടയം, കാഞ്ഞിരപ്പള്ളി, പാലാ, വിജയപുരം രൂപതകളിൽ നിന്നുള്ള പ്രതിനിധികളുടെയും ഡയറക്ടേഴ്സിന്റെയും സംഗമം കോട്ടയം ലൂർദ്ദ് പള്ളിയുടെ ഹാളിൽ വച്ച് നടത്തപ്പെട്ടു. മേഖല ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ സംഗമം ഉദ്ഘാടനംചെയ്തു.

## യൂണിറ്റുതല തിരഞ്ഞെടുപ്പ്

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുതല തിരഞ്ഞെടുപ്പ് ഫെബ്രുവരി മാസത്തിൽ എല്ലാ യൂണിറ്റുകളിലും നടത്തേണ്ടതാണ്. മാർച്ച് മാസത്തിൽ അതിരൂപതാതല തിരഞ്ഞെടുപ്പും സംസ്ഥാനതല തിരഞ്ഞെടുപ്പും നടത്തുന്നതാണ്.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ എല്ലാ മാസത്തിലും കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് ധ്യാനം നടത്തുന്നു. മാർച്ച് മാസത്തിലെ ധ്യാനം 26 മുതൽ മാർച്ച് 29 വരെ നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

---

**ദീപിക ഫ്രണ്ട്സ് ക്ലബ്** *തുടർച്ച...*

ഒന്നിച്ചുകൂടി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ വികാരിയച്ചനെ സഹായിക്കുന്നതിന് DFC ഭാരവാഹികളെ ചുമതലപ്പെടുത്തേണ്ടതാണ്. DFC നിലവിൽ ഇല്ലാത്ത ഇടവകകളിൽ പ്രസ്തുത മീറ്റിംഗിൽ വച്ച് DFC യുടെ പുരുഷ/വനിത ഭാരവാഹികളെ തെരഞ്ഞെടുത്ത് അവരെ ചുമതലപ്പെടുത്തേണ്ടതാണ്.

8. മെയ് മാസം 31 പെന്തക്കുസ്താ തിരുനാൾ കണക്കാക്കി സമ്പൂർണ്ണ ദീപിക ഇടവകകളായി മാറുന്നവയ്ക്കും കൂടുതൽ സമ്പൂർണ്ണ ദീപിക ഇടവകകൾ പ്രഖ്യാപിക്കപ്പെടുന്ന ഫൊറോനകൾക്കും അഭിവന്ദ്യ പിതാവ് പ്രത്യേക സമ്മാനം നൽകുന്നതാണ്.

**സണ്ണി പുളിങ്കാലായിൽ**
*(പ്രസിഡന്റ്) ഫോൺ: 9072725164*

**ആന്റണി തോമസ് മലയിൽ**
*(ജന:സെക്രട്ടറി), ഫോൺ: 9446342561*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതിരൂപത ഡയറക്ടർ)*
*ഫോൺ: 9447432531*

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് ഫോൺ: 9400390539**
**ജോൺസൺ ജോസഫ് ഫോൺ: 9349599080**





# പുരോഹിതൻ: മിശിഹാനുഭവം പങ്കുവയ്ക്കുന്നവൻ

(തിരുവചനഭാഗം: ശ്ലീഹ 26,1-32)

രണ്ടു ഭരണാധിപന്മാരും ഭരണചക്രം തിരിക്കുവാൻ കഴിവുള്ള ഒരു പ്രമുഖ വനിതയും സൈനികമേധാവികളും പ്രമുഖ ജനനേതാക്കളും കൂടിയിരുന്ന ഒരു മഹാസദസ്സിൽ പൗലോസ്ശ്ലീഹാ ചെയ്ത ഒരു പ്രസംഗമാണ് ഈ അദ്ധ്യായത്തിലെ വിഷയം. തന്നെക്കുറിച്ചുള്ള യഹൂദരുടെ ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അതോടൊപ്പം മാനസാന്തരാനുഭവത്തിലൂടെ തനിക്കു ലഭിച്ച ദൈവവിളിയുടെ സ്വഭാവം അവർക്കു കൂടുതൽ മനസ്സിലാക്കിക്കൊടുക്കുവാൻ പൗലോസ് ശ്രമിക്കുകയും ചെയ്യുന്നു. ഈ വചനഭാഗം ഇപ്രകാരം വിഭജിക്കാം:

1. പൂർവ്വികരുടെ വിശ്വാസത്തിന്റെ പേരിൽ പൗലോസ് പീഡിപ്പിക്കപ്പെടുന്നു (26,1-8)
2. പൗലോസ് ക്രിസ്ത്യാനികളെ പീഡിപ്പിച്ചവൻ (26,9-11)
3. ഡമാസ്കസ് യാത്രയിലെ ദൈവാനുഭവം (26,12-18)
4. ദൈവാനുഭവത്തിലൂടെ ലഭിച്ച വിളിയും ദൗത്യവും (26,19-23)
5. പൗലോസിന്റെ നിഷ്കളങ്കത ബോധ്യപ്പെടുന്നു (26,24-32)

ജീവിതാനുഭവങ്ങളിൽ ദൈവാനുഭവം കണ്ടെത്തണമെന്നും, അപ്രകാരം ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിയും ദൈവഹിതത്തോടു വിശ്വസ്തത പുലർത്തിയും ജീവിക്കണമെന്നും ഈ വചനഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു. മിശിഹാനുഭവമാണ് പുരോഹിതന്റെ ജീവിതത്തിൽ നിർണ്ണായകമായിത്തീരുന്നതെന്നും ഈ വചനഭാഗം നമ്മെ പഠിപ്പിക്കുന്നു.

## 1. പുരോഹിതൻ: വിശ്വാസപാരമ്പര്യത്തോടു വിശ്വസ്തത പുലർത്തുന്നവൻ

*''ഞാൻ ഞങ്ങളുടെ മതത്തിലെ ഏറ്റവും കർക്കശവിഭാഗത്തിൽപ്പെട്ട ഫരിസേയനായിട്ടാണ് വളർന്നതെന്നും വളരെക്കാലമായി അവർക്കറിവുള്ളതാണ്; മനസ്സുണ്ടെങ്കിൽ അതു സാക്ഷ്യപ്പെടുത്താനും അവർക്കു സാധിക്കും. ഇപ്പോൾ ഞാൻ ഇവിടെ പ്രതിക്കൂട്ടിൽ നില്ക്കുന്നതാകട്ടെ, ഞങ്ങളുടെ പിതാക്കന്മാരോടു ദൈവം ചെയ്ത വാഗ്ദാനത്തിൽ ഞാൻ പ്രത്യാശ വച്ചതുകൊണ്ടാണ്. ഞങ്ങളുടെ പന്ത്രണ്ടുഗോത്രങ്ങളും രാത്രിയും പകലും തീക്ഷ്ണതയോടെ ആരാധന അർപ്പിച്ചുകൊണ്ട് ഈ വാഗ്ദാനം പ്രാപിക്കാമെന്നു പ്രത്യാശി*

*ക്കുന്നു. അല്ലയോ രാജാവേ, അതേ പ്രത്യാശതന്നെയാണ് എന്റെമേൽ കുറ്റ മാരോപിക്കുന്നതിനു യഹൂദർക്കു കാരണമായിരിക്കുന്നതും''* (26,5-7).

രാജാവിനോടു സംസാരിക്കുവാൻ അനുവദിച്ചതിൽ അദ്ദേഹത്തിനു നന്ദി പറഞ്ഞുകൊണ്ടും, യഹൂദനായ രാജാവിന് തന്നെ മനസ്സിലാക്കുവാൻ എളുപ്പം സാധിക്കുമെന്നതിൽ സന്തോഷമുണ്ടെന്നും പറഞ്ഞ് പൗലോസ് പ്രസംഗം ആരംഭിക്കുന്നു. താൻ യഹൂദമതത്തിലെ കർക്കശവിഭാഗത്തിൽപ്പെട്ട ഫരിസേയനാണെന്നും (26,5), ഇപ്പോൾ പ്രതിക്കൂട്ടിൽ തന്നെ നിർത്തിയിരിക്കുന്നത് പിതാക്കന്മാരുടെ ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള ഉയിർപ്പിൽ പ്രത്യാശ വച്ചതുകൊണ്ടാണെന്നും പ്രത്യേകം എടുത്തുപറയുന്നു. പഴയനിയമത്തിലെ പ്രവചനങ്ങളും വാഗ്ദാനങ്ങളുമാണ് മിശിഹായിലൂടെ പൂർത്തിയാകുന്നതെന്ന് പറഞ്ഞാണ് പൗലോസ് തന്റെ നിലപാടിനെ പലപ്പോഴും ന്യായീകരിക്കുന്നത് (ശ്ലീഹാ 23,6; 24,25; 28,20). അതുകൊണ്ട് യഥാർത്ഥ പ്രശ്നം, യഹൂദർ പഴയനിയമപ്രവാചകരിലും വാഗ്ദാനങ്ങളിലുമൊക്കെ വിശ്വസിക്കുന്നുണ്ടോ എന്നുള്ളതാണ്. അവർ ഇതു വിശ്വസിക്കുന്നുണ്ടെങ്കിൽ തന്നെ കുറ്റപ്പെടുത്താനാകില്ലെന്നാണ് പൗലോസ്ശ്ലീഹാ ഇവിടെ സമർത്ഥിക്കുന്നത്.

സഭ വിശ്വാസികളുടെ സമൂഹമാണ് (ശ്ലീഹാ 4,32). വിശ്വാസമെന്നു പറയുന്നത് പഴയനിയമത്തിലൂടെയും അവസാനം തന്റെ പുത്രനായ മിശിഹായിലൂടെയുമുള്ള ദൈവത്തിന്റെ വെളിപ്പെടുത്തലിന് പ്രത്യുത്തരം നല്കുന്നതാണ്. ഇപ്രകാരം പ്രത്യുത്തരം നല്കിയവരുടെയും നല്കുന്നവരുടെയും വിശ്വാസമാണ് സഭയുടെ വിശ്വാസപാരമ്പര്യം. ഈ വിശ്വാസപാരമ്പര്യം പഠിപ്പിക്കേണ്ടവനും അതിനനുസൃതമായി ജീവിക്കുവാൻ ജനങ്ങൾക്കു നേതൃത്വം നല്കേണ്ടവനുമാണ് സഭയിലെ പുരോഹിതൻ. അതുകൊണ്ട് പുരോഹിതൻ സഭയുടെ വിശ്വാസപാരമ്പര്യം സംരക്ഷിക്കേണ്ടവനും അത് അവികലമായി തലമുറകൾക്ക് കൈമാറേണ്ടവനുമാണ്. അതിനാൽത്തന്നെ പുരോഹിതൻ നിരന്തരമായി സഭയുടെ വിശ്വാസപാരമ്പര്യം പഠിക്കുന്നവനും അതു ജനങ്ങളെ പഠിപ്പിക്കുന്നവനും അതിനനുസൃതമായി ജീവിക്കുവാൻ അവരെ പരിശീലിപ്പിക്കുന്നവനുമാകണം. അപ്രകാരം പുരോഹിതൻ സർവ്വോപരി സഭയുടെ വിശ്വാസപാരമ്പര്യത്തോട് വിശ്വസ്തത പുലർത്തുന്നവനായിരിക്കണം.

## 2. പുരോഹിതൻ: വിശ്വാസവിരുദ്ധമായ നിലപാടുകൾക്കെതിരെ പോരാടുന്നവൻ

*''നസറായനായ ഈശോയുടെ നാമത്തിനു വിരുദ്ധമായി പലതും ചെയ്യേണ്ടതുണ്ട് എന്ന് ഒരിക്കൽ ഞാൻ ഉറച്ചു വിശ്വസിച്ചിരുന്നു. ജറുസലേമിൽ ഞാൻ അങ്ങനെ പ്രവർത്തിക്കുകയും ചെയ്തു. പുരോഹിതപ്രമുഖന്മാരിൽനിന്നു ലഭിച്ച അധികാരത്തോടെ വിശുദ്ധരിൽ പലരെയും ഞാൻ തടവിലാക്കുകയും അവരുടെ വധത്തെ അനുകൂലിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ പലപ്പോഴും എല്ലാ സിനഗോഗുകളിലും ചെന്ന് അവരെ പീഡിപ്പിച്ചുകൊണ്ട് വിശ്വാസത്യാഗത്തിനു നിർബന്ധിച്ചു. അവർക്കെതിരെ ജ്വലിക്കുന്ന കോപത്തോടെ മറ്റു നഗരങ്ങളിൽപ്പോലുംപോയി ഞാൻ അവരെ പീഡിപ്പിച്ചു''* (26,9-11).

സഭയെ പീഡിപ്പിക്കുവാനുള്ള സാൻഹെദ്രീൻസംഘത്തിന്റെ തീരുമാനങ്ങളിൽ നിർണ്ണായമായ പങ്കുവഹിച്ചിരുന്നവനായിരിക്കണം സാവൂൾ നാമധാരിയായിരുന്ന പൗലോസ്. അല്ലെങ്കിൽ സാൻഹെദ്രീൻസംഘത്തിന്റെ സഭയ്ക്കെതിരായ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തവനുമായിരിക്കാം. സ്തേഫാനോസിനെ വധിക്കുന്നതിലും സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്നതിലും സാവൂളിന്റെ പങ്കാളിത്തത്തെക്കുറിച്ച് ശ്ലീഹ 8,1-3 ൽ വിവരിക്കുന്നുണ്ടല്ലോ. അതുകൊണ്ട് സാവൂൾ പൗലോസായി മാറിയതിന്റെ പിന്നിൽ പ്രവർത്തിച്ചത് മാനുഷികമായി വിവരിക്കാനോ മനസ്സിലാക്കാനോ സാധ്യമല്ല എന്ന് പൗലോസ് സമർത്ഥിക്കുകയാണ്. അത് ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽകൊണ്ടുമാത്രമാണ് സംഭവിച്ചത് എന്ന് തന്റെ എതിരാളികളെ ബോദ്ധ്യപ്പെടുത്തുവാൻ പൗലോസ് ശ്രമിക്കുകയാണ്.

വിശ്വാസവിരുദ്ധമായ നിലപാടുകൾക്കെതിരായി പ്രവർത്തിക്കുവാനുള്ള ഒരു കടമ പുരോഹിതർക്കുണ്ട്. വിശ്വാസികളുടെ സമൂഹത്തിനു നേതൃത്വം കൊടുക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന പുരോഹിതർ സഭയുടെ വിശ്വാസത്തിനു വിരുദ്ധവും അതിൽനിന്നും വിശ്വാസികളെ വ്യതിചലിപ്പിക്കുന്നവയുമായ സാഹചര്യങ്ങൾക്കെതിരായി ജാഗ്രത പുലർത്തണം. വിശ്വാസികളുടെ ജീവിതസാഹചര്യങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പഠിക്കുവാനും വിലയിരുത്തുവാനും സത്യവിശ്വാസത്തിൽനിന്നും വ്യതിചലിക്കാതെ അതിൽ ഉറച്ചുനില്ക്കുവാൻ സഹായകരമായ വിധത്തിൽ പ്രവർത്തിക്കുവാനും അജപാലകർക്കു കഴിയണം. അതുപോലെതന്നെ സഭയുടെ ആദ്ധ്യാത്മികത അതിന്റെ തനിമയിൽ ജീവിക്കുന്നതിനു തടസ്സമായി നില്ക്കുന്ന സഭാത്മകപ്രസ്ഥാനങ്ങളെക്കുറിച്ചുള്ള വിവേചനാത്മകമായ ബോധവൽക്കരണവും പ്രവർത്തനങ്ങളും ഇന്ന് ആവശ്യമായിരിക്കുന്നു. ഇന്നത്തെ നവീകരണസംരംഭങ്ങളെല്ലാം കേവലം വ്യക്തിഗതമായ ആത്മീയാനുഭവത്തിൽ ഒതുങ്ങിനില്ക്കുന്നു. ക്രിസ്തീയാദ്ധ്യാത്മികതയുടെ അവശ്യസ്വഭാവമായ സഭാത്മകമാനമില്ലാത്തതുകൊണ്ട് സഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിച്ചുപോകാൻ അതു കാരണമായിത്തീരുന്നുണ്ട്. അതിനെതിരെയും പുരോഹിതൻ ജാഗ്രത പുലർത്തേണ്ടതുണ്ട്.

### 3. പുരോഹിതൻ: ജീവിക്കുന്ന മിശിഹായെ കണ്ടുമുട്ടിയവൻ

*''അല്ലയോ രാജാവേ, മധ്യാഹ്നമായപ്പോൾ വഴിമധ്യേ, ആകാശത്തുനിന്നു സൂര്യപ്രഭയെ വെല്ലുന്ന ഒരു പ്രകാശം എന്റെയും സഹയാത്രികരുടെയും ചുറ്റും ജ്വലിക്കുന്നതു ഞാൻ കണ്ടു. ഞങ്ങൾ എല്ലാവരും നിലംപതിച്ചപ്പോൾ, ഹെബ്രായഭാഷയിൽ എന്നോടു പറയുന്ന ഒരു സ്വരം ഞാൻ കേട്ടു. സാവൂൾ, സാവൂൾ, നീ എന്നെ പീഡിപ്പിക്കുന്നതെന്തുകൊണ്ട്? ഇരുമ്പാണിമേൽ തൊഴിക്കുന്നത് നിനക്ക് അപകടമാണ്. ഞാൻ ചോദിച്ചു: കർത്താവേ, അങ്ങ് ആരാണ്? അവൻ പറഞ്ഞു: നീ പീഡിപ്പിക്കുന്ന ഈശോയാണു ഞാൻ''* (26,13-15).

പൗലോസ് തന്റെ മാനസാന്തരാനുഭവം വിവരിക്കുന്നു. പഴയനിയമത്തിൽ പ്രവാചകന്മാർക്കു ലഭിച്ച ദൈവവിളിയുടെയും ദൗത്യമേല്പിക്കലിന്റെയും സ്വഭാവമാണ് പൗലോസിന്റെ മാനസാന്തരാനുഭവത്തിനുമുള്ളത് (എസ 2,1; ഏശ 42,6-7). ഈശോ മരിച്ചെങ്കിലും ജീവിക്കുന്നവനായിട്ടാണ് പൗലോ

സിനു പ്രത്യക്ഷപ്പെട്ടത്. ജീവിക്കുന്നവനായ ദൈവം പ്രവാചകന്മാർക്കു പ്രത്യക്ഷപ്പെട്ട്, അവരെ തങ്ങളുടെ ദൗത്യം ഏല്പിക്കുന്നതുപോലെ, സഭയിൽ ജീവിക്കുന്നവനായ മിശിഹാ പ്രകാശത്തിലൂടെ തന്റെ സാന്നിദ്ധ്യവും വാക്കുകളിലൂടെ തന്റെ സ്വരവും അനുഭവവേദ്യമാക്കിക്കൊണ്ടാണ് പൗലോസിനെ വിളിക്കുന്നതും തന്റെ ദൗത്യമേല്പിക്കുന്നതും. സാവൂൾ പീഡിപ്പിക്കുന്ന സഭയിൽ ജീവിക്കുന്ന മിശിഹായുടെ സാന്നിദ്ധ്യമാണ് പൗലോസിനനുഭവപ്പെട്ടത്. ആ മിശിഹായാണ് പൗലോസിനെ ദൗത്യമേല്പിക്കുന്നത്. പൗലോസിനെ കേൾക്കുന്ന അഗ്രിപ്പായും ഫേസ്തൂസുമൊക്കെ മരിച്ചുപോയ മിശിഹായെക്കുറിച്ചു കേട്ടിട്ടുമാത്രമേയുള്ളു. എന്നാൽ പൗലോസ് ഇന്ന് സഭയിൽ ജീവിക്കുന്ന മിശിഹായെ കാണുകയും കേൾക്കുകയും, അവിടുന്നുമായി സംഭാഷണം നടത്തുകയും ചെയ്തു. അവിടുന്നാണ് പൗലോസിനെ തന്റെ ശ്ലൈഹികദൗത്യം ഏല്പിക്കുന്നത്.

സഭാംഗങ്ങളായ ക്രിസ്ത്യാനികളും സഭാശുശ്രൂഷകരായ പുരോഹിതരും പലപ്പോഴും സഭയിൽ ജീവിക്കുന്ന മിശിഹായെ കാണുന്നതിലും കേൾക്കുന്നതിലും പരാജയപ്പെടുന്നുണ്ട്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ജീവിച്ചു, മരിച്ച്, മൺമറഞ്ഞുപോയ മിശിഹായെയാണ് നമ്മൾ പലപ്പോഴും കേൾക്കുകയും കാണുകയും ചെയ്യുന്നത്. പക്ഷേ, മിശിഹാ ഇന്ന് സഭയിലാണ് ജീവിക്കുന്നതെന്ന വസ്തുത പലപ്പോഴും വിസ്മരിക്കപ്പെടുന്നു. സഭയുടെ കൂദാശകളിലും പ്രാർത്ഥനകളിലും ജീവിതത്തിലും സന്നിഹിതനാകുന്ന മിശിഹായെ കാണുന്നതിനും കേൾക്കുന്നതിനും നമുക്കു കഴിയണം. അപ്പോഴാണ് നമുക്കു ജീവിക്കുന്ന മിശിഹായെ കാണുവാനും അവിടുത്തെ വിളി കേൾക്കുവാനും സാധിക്കുക. സജീവമായി സഭയുടെ കൂദാശാജീവിതത്തിലും പ്രാർത്ഥനാജീവിതത്തിലും ആദ്ധ്യാത്മികജീവിതത്തിലും പങ്കുചേർന്നാൽ മിശിഹായിലൂടെയുള്ള നമ്മുടെ ദൈവവിളി കൂടുതൽ കേൾക്കുവാനും നമ്മെ സംബന്ധിച്ചുള്ള ദൈവഹിതം അറിയുവാനും അപ്രകാരം ദൈവം നമ്മെ ഭരമേല്പിക്കുന്ന ദൗത്യം മനസ്സിലാക്കുവാനും അത് തീക്ഷ്ണതയോടെ നിർവഹിക്കുവാനും നമുക്കു കഴിയും.

## 4. പുരോഹിതൻ: മാനസാന്തരവും വിശ്വാസവും പ്രഘോഷിക്കുന്നവൻ

*''നീ എഴുന്നേറ്റു നില്ക്കുക. ഇപ്പോൾ നീ എന്നെപ്പറ്റി കണ്ടതും ഇനി കാണാനിരിക്കുന്നതുമായവയ്ക്കു സാക്ഷിയും ശുശ്രൂഷകനുമായി നിന്നെ നിയമിക്കാനാണ് ഞാൻ നിനക്കു പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. നിന്നെ ഞാൻ നിന്റെ ജനത്തിൽനിന്നും വിജാതീയരിൽനിന്നും രക്ഷിച്ച് അവരുടെ അടുക്കലേക്ക് അയയ്ക്കുന്നു. അത് അവരുടെ കണ്ണുകൾ തുറപ്പിക്കാനും അതുവഴി അവർ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും സാത്താന്റെ ശക്തിയിൽനിന്നു ദൈവത്തിലേക്കും തിരിയാനും പാപമോചനം സ്വീകരിക്കാനും എന്നിലുള്ള വിശ്വാസംവഴി വിശുദ്ധീകരിക്കപ്പെട്ടവരുടെയിടയിൽ അവർക്കു സ്ഥാനം ലഭിക്കാനും വേണ്ടിയാണ്''* (26,16-18).

പൗലോസിനുണ്ടായ ഈ ദർശനത്തിൽ മിശിഹാ പൗലോസിനെ തന്റെ ദൗത്യം ഏല്പിക്കുന്നു. അവിടുത്തെ സാക്ഷിയും ശുശ്രൂഷകനുമായിത്തീരണമെന്നാണ് മിശിഹാ പൗലോസിനോടു പറയുന്നത്. പൗലോസിനെ ഭരമേല്പിക്കുന്ന ശുശ്രൂഷയുടെ സ്വഭാവവും ഇതോടൊപ്പം വ്യക്തമാക്കുന്നുണ്ട്.

യഹൂദജനത്തിൽനിന്നും വിജാതീയരിൽനിന്നും രക്ഷിച്ച് പൗലോസിനെ അവരുടെ പക്കലേക്ക് അയയ്ക്കുന്നുവെന്നും, അത് അവരുടെ കണ്ണുകൾ തുറപ്പിക്കാനും അതുവഴി അവർ അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്കും, സാത്താന്റെ ശക്തിയിൽനിന്നും ദൈവത്തിലേക്കും തിരിയാനും പാപമോചനം സ്വീകരിക്കുവാനും വിശുദ്ധീകരിക്കപ്പെടുവാനുംവേണ്ടിയാണെന്നും വ്യക്തമാക്കുന്നുണ്ട് (26,18). ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുക എന്നത് ഈശോയുടെ ദൗത്യംതന്നെയായിരുന്നു (മർക്കോ 1,14-15). അതുതന്നെയാണ് ഈശോ ഉത്ഥാനശേഷം പന്ത്രണ്ടു ശ്ലീഹന്മാരെ ഏല്പിച്ചതും (മർക്കോ 16,15-16). ഈ സുവിശേഷപ്രഘോഷണമാണ് ഈശോ ഇപ്പോൾ പൗലോസിനെയും ഈ ദർശനത്തിലൂടെ ഏല്പിക്കുന്നത്.

പൗലോസ് തനിക്കുണ്ടായ ഈ ദർശനാനുഭവത്തോട് വേണ്ടവിധത്തിൽ പ്രത്യുത്തരിച്ചു എന്ന് തന്റെ എതിരാളികളെ ബോദ്ധ്യപ്പെടുത്തുകയാണ് (26,19-20). മാനസാന്തരവും വിശ്വാസവും പ്രഘോഷിക്കുന്നവനായിത്തീരുവാൻ പുരോഹിതനും ഇപ്രകാരമുള്ള ഒരു മാനസാന്തരാനുഭവത്തിലൂടെ കടന്നുപോകേണ്ടിയിരിക്കുന്നു. മാനസാന്തരാനുഭവമാണ് പുരോഹിതനെ യഥാർത്ഥ സുവിശേഷപ്രഘോഷകനാക്കി മാറ്റുന്നത്. പാപത്തിന്റെ അന്ധകാരത്തിൽനിന്നും രക്ഷയുടെ പ്രകാശത്തിലേക്കുള്ള തിരിവ് അഥവാ മാനസാന്തരം പുരോഹിതനിൽത്തന്നെ സംഭവിച്ചെങ്കിലേ പുരോഹിതന് ശരിയായ സുവിശേഷപ്രഘോഷകനാകാൻ സാധിക്കുകയുള്ളു. അപ്രകാരം മാനസാന്തരാനുഭവത്തിലൂടെ സുവിശേഷപ്രഘോഷകരാകാൻ എല്ലാ പുരോഹിതരും വിളിക്കപ്പെട്ടിരിക്കുന്നു. ഈ മാനസാന്തരാനുഭവം പുരോഹിതൻ തന്റെ ബലിയർപ്പണത്തിലൂടെയും പ്രാർത്ഥനാനുഭവത്തിലൂടെയും വളർത്തിയെടുത്തെങ്കിലേ, മാനസാന്തരവും വിശ്വാസവും പ്രഘോഷിക്കുന്നവനാകാൻ പുരോഹിതന് കഴിയുകയുള്ളു.

## 5. പുരോഹിതൻ: നിലയ്ക്കാത്ത പ്രേഷിതതീക്ഷ്ണതയുള്ളവൻ

*''അഗ്രിപ്പാരാജാവേ, നീ പ്രവാചകന്മാരിൽവിശ്വസിക്കുന്നില്ലേ? ഉണ്ടെന്ന് എനിക്കറിയാം. അപ്പോൾ അഗ്രിപ്പാ പൗലോസിനോടു പറഞ്ഞു: എളുപ്പത്തിൽ എന്നെ ക്രിസ്ത്യാനിയാക്കാമെന്നാണോ? പൗലോസ് പറഞ്ഞു: എളുപ്പത്തിലോ അല്ലാതെയോ, നീ മാത്രമല്ല ഇന്ന് എന്റെ വാക്കു കേട്ടുകൊണ്ടിരിക്കുന്ന എല്ലാവരും, ഈ ചങ്ങലയുടെ കാര്യത്തിലൊഴികെ, എന്നെപ്പോലെ ആകണമെന്നാണ് ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നത്''* (26,27-29).

പൗലോസിന്റെ ന്യായവാദത്തിന്റെ അവസാനമായപ്പോൾ, പൗലോസിന് സുബോധം നഷ്ടപ്പെട്ടു, ഭ്രാന്താണ് എന്നു പറഞ്ഞുകൊണ്ട് ഫേസ്തൂസ് പ്രതികരിച്ചു. കുറ്റാരോപിതൻ, തന്നെപ്പറ്റിയുള്ള ആരോപണങ്ങൾ നിഷേധിച്ചു സംസാരിക്കുന്നതിനു പകരം തന്റെ മിശിഹാനുഭവത്തെക്കുറിച്ചും അത് തന്നിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ചും തീക്ഷ്ണമായി സംസാരിക്കുന്നതു കേട്ടപ്പോൾ അത് ഒരു മാനസിക വികലതയായിട്ടാണ് ശ്രോതാക്കൾക്കു തോന്നിയത്. എന്നാൽ പൗലോസ് അതിനെ നിഷേധിച്ചുകൊണ്ട് അഗ്രിപ്പാരാജാവിനെത്തന്നെ മാനസാന്തരപ്പെടുത്താൻ ശ്രമിക്കുകയാണ്. അദ്ദേഹത്തിന് തന്റെ ന്യായവാദങ്ങളെല്ലാം മനസ്സിലാക്കാനും അവയുടെ സത്യാവസ്ഥ അംഗീകരിക്കാനും സാധിക്കുമെന്നു പറഞ്ഞാണ് പൗലോസ്

തന്റെ ന്യായവാദം സമാപിപ്പിക്കുന്നത്. തന്റെ ശ്രോതാക്കളിലും പ്രവർത്തിക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുവാനും അങ്ങനെ അവരെക്കൂടി മാനസാന്തരപ്പെടുത്തുവാനുമുള്ള പൗലോസിന്റെ തീക്ഷ്ണതയാണ് ഇവിടെ പ്രകടമാകുന്നത്.

ഏതെല്ലാം സാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടിവന്നാലും പുരോഹിതൻ സുവിശേഷപ്രഘോഷണത്തിനുള്ള തീക്ഷ്ണത നിലനിർത്തുന്നവനായിരിക്കണമെന്നാണ് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നത്. തന്റെ ന്യായവാദത്തിലൂടെ സ്വയം രക്ഷപെടാനുള്ള എല്ലാ സാദ്ധ്യതകളും പൗലോസിനുണ്ടായിരുന്നു. ''മരണമോ വിലങ്ങോ അർഹിക്കുന്നതൊന്നും ഈ മനുഷ്യൻ ചെയ്തതായി കാണുന്നില്ല'' (26,31) എന്നാണ് ബന്ധപ്പെട്ട അധികാരികൾ പ്രതികരിച്ചത്. അത് ഒരു നല്ല അവസരമായി കണ്ട്, ആ വിധത്തിൽ അതു പ്രയോജനപ്പെടുത്താതെ, തന്റെ വിശ്വാസത്തിലേക്ക് അവരെയും കൊണ്ടുവരുവാനും അങ്ങനെ രക്ഷാകരസുവിശേഷത്തിലേക്ക് ആഭിമുഖ്യമുള്ളവരായി അവരെ മാറ്റാനുമാണ് പൗലോസ് ശ്രമിച്ചത്. അത്ര വലുതായ ഒരു പ്രേഷിതതീക്ഷ്ണതയാണ് പൗലോസിനുണ്ടായിരുന്നത്. ഇത് ഓരോ പുരോഹിതനിലുമുണ്ടായിരിക്കേണ്ട പ്രേഷിതതീക്ഷ്ണതയെക്കുറിച്ചു ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും നിലയ്ക്കാത്ത പ്രേഷിതതീക്ഷ്ണതയോടെ വർത്തിക്കുവാൻ പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നു.

## ജീവിതസൂചിക

1. സഭയുടെ വിശ്വാസപാരമ്പര്യത്തോട് വിശ്വസ്തത പുലർത്തുന്ന അജപാലനശൈലിയാണോ എനിക്കുള്ളത്?
2. വിശ്വാസവിരുദ്ധമായ നിലപാടുകൾക്കെതിരെ ജാഗ്രത പുലർത്തുകയും, അപ്രകാരം ജാഗ്രത പുലർത്താൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ടോ?
3. എന്റെ കൂദാശാപരികർമ്മങ്ങളിലൂടെയും അജപാലനശുശ്രൂഷയിലൂടെയും ജീവിക്കുന്ന മിശിഹായെ കണ്ടുമുട്ടുന്ന അനുഭവത്തിൽ ഞാൻ വളരുന്നുണ്ടോ?
4. മാനസാന്തരാനുഭവത്തോടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനും, മിശിഹായുടെ സുവിശേഷം പ്രഘോഷിക്കുവാനും എനിക്കു കഴിയുന്നുണ്ടോ?
5. നിലയ്ക്കാത്ത പ്രേഷിതതീക്ഷ്ണതയോടെ പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി



## മാർ ജോസഫ് പെരുന്തോട്ടം

**ജനുവരി 2020**

26 രാവിലെ പൊങ്ങ മാർ സ്ലീവാ ഇടവകയിൽ നടത്തപ്പെട്ട യുവദീപ്തി-എസ്.എം.വൈ.എം. യുവനസ്രാണി സംഗമത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞ് സന്ദേശനിലയത്തിൽ ഡി.സി.എം.എസ്-ന്റെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം മനക്കച്ചിറ സെന്റ് ജോസഫ് ഇടവകയുടെ പുതിയ വൈദികമന്ദിരത്തിന്റെ തറക്കല്ലിടുകയും എക്യുമെനിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും ചെയ്തു.

27 രാവിലെ വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിന്റെ നവീകരിച്ച മദ്ബഹയുടെ ആശീർവ്വാദകർമ്മം നിർവ്വഹിക്കുകയും വി.കുർബാനയർപ്പിക്കുകയും ചെയ്തു. കുറിച്ചി മൈനർ സെമിനാരിയിൽ ചങ്ങനാശേരി അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വൈദികവിദ്യാർത്ഥികളുടെ വികാരിയച്ചന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി വ്യാപാരഭവനിൽ നടന്ന ഹാജി കെ.എച്ച്.എം. ഇസ്മയിൽ അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം വെരൂർ സെന്റ് ജോസഫ് ഇടവകയിൽ കുടുംബക്കൂട്ടായ്മ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്യുകയും 'കാരുണ്യവീടി'ന്റെ താക്കോൽദാനകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

28 പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട വിവാഹ ഒരുക്കസെമിനാറിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മുട്ടാർ സെന്റ് ജോർജ് എച്ച്.എസ്.എസ്-ന്റെ പുതിയ സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം സീറോമലങ്കര മാവേലിക്കര രൂപതാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ സപ്തതിയാഘോഷത്തിൽ പങ്കുചേർന്ന് ആശംസകൾ അർപ്പിച്ചു.

29 രാവിലെ എസ്.ബി. കോളേജ് സുറിയാനി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മാർ മാത്യു കാവുകാട്ട് അനുസ്മരണ രാജ്യാന്തര സുറിയാനി സെമിനാർ ഉദ്ഘാടനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. പായിപ്പാട് സെന്റ് തോമസ് ഇടവകയിൽ സന്തോഷ് - സുനിത ദമ്പതികളുടെ അഞ്ചാമത് കുട്ടിക്ക് പ്രാരംഭകൂദാശകൾ നൽകി. ഉച്ചകഴിഞ്ഞ് തത്തംപള്ളി സെന്റ് മൈക്കിൾസ് ഹൈസ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ

ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം കോട്ടയം നാഗമ്പടത്ത് വി. അന്തോണീസിന്റെ തീർത്ഥാനകേന്ദ്രത്തിൽ കോട്ടയം ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ അതിരൂപതയിലെ നവവൈദികർക്ക് സ്വീകരണം നൽകി. ഇന്റർ ഡിപ്പാർട്ടുമെന്റൽ മീറ്റിംഗിൽ അധ്യക്ഷതവഹിച്ചു.

30 നവവൈദികരോടൊപ്പം അതിരൂപതാകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു. വൈകുന്നേരം മാങ്ങാനം എം.ഒ.സി.യിൽ വച്ച് നടത്തപ്പെട്ട ആന്റണി കമുകുംപള്ളിയച്ചന്റെ പൗരോഹിത്യസുവർണ്ണജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു.

31 കുറുമ്പനാടം സെന്റ് പീറ്റേഴ്സ് സ്കൂളിന്റെ ശതാബ്ദിയാഘോഷസമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് കുറുമ്പനാടം എഫ്.സി.സി. മഠം സന്ദർശിച്ചു. ചമ്പക്കര സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും നവീകരിച്ച സിമിത്തേരിയുടെ ആശീർവ്വാദകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

**ഫെബ്രുവരി 2020**

01 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമായ കെ.കെ. ജോണിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. ചെത്തിപ്പുഴ തിരുഹൃദയദൈവാലയത്തിൽ CMI സഭാംഗമായ ബഹു. പൈനേൽ സെബാസ്റ്റ്യൻ അച്ചന്റെ പൗരോഹിത്യസുവർണ്ണ ജൂബിലി ആഘോഷത്തിൽ വി. കുർബാനമദ്ധ്യേ സന്ദേശം നൽകി. പാറേൽ അമല തിയോളജിക്കൽ കോളേജിൽ ജൂബിലി ആഘോഷിക്കുന്ന സമർപ്പിതരുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഉച്ചയ്ക്ക് കാനാ സെന്റ് ജോൺപോൾ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ബിരുദദാനചടങ്ങിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വൈകുന്നേരം അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

02 മഹേന്ദ്രപുരം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം ഇത്തിത്താനം സെന്റ് മേരീസ് ഇടവകയിൽ പുതിയ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആശീർവാദകർമ്മം നിർവ്വഹിക്കുകയും ഇടവകദിനാഘോഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും ചെയ്തു.

03-06 അസാമിലെ മിഷൻ രൂപതയായ ഡിഫുവിലെ വില്ലേജുകൾ സന്ദർശിച്ചു.

07 ചങ്ങനാശേരി മെത്രാപ്പോലീത്തൻപള്ളി ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ നവതിയാഘോഷസമ്മേളനത്തിന് അധ്യക്ഷതവഹിച്ചു.

08 ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

വൈകുന്നേരം മാമ്മൂട് ലൂർദ്ദ്മാതാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ ചങ്ങനാശേരി അതിരൂപതയിലെ വിവിധ ദൈവാലയങ്ങളിൽ വിശ്വാസപരിശീലനത്തിൽ സഹായിക്കുന്ന ബ്രദേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തു.

09 തെക്കേക്കര സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം കിഴക്കേമിത്രക്കരി ഇടവകയിൽ പുതുതായി നിർമ്മിച്ച കപ്പേളയുടെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു.

10 തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിലേക്ക് നടത്തപ്പെട്ട കർഷകരക്ഷാമാർച്ച് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് തിരുവനന്തപുരം ലൂർദ്ദ് ഇടവകാംഗമായ പുള്ളോലിൽ കെ.റ്റി. ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

11 ചങ്ങനാശേരി സെന്റ് ജോസഫ് സി.എം.സി. സന്യാസഭവനത്തിൽ വി. കുർബാനയർപ്പിച്ചു. പറാൽ സെന്റ് ആന്റണീസ് ഇടവകാംഗമായ ബെന്നിയുടെ ഭവനത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. മാങ്ങാനം എം.ഒ.സി. യിൽ വച്ച് നടത്തപ്പെട്ട മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട അൺഎയ്ഡഡ് സ്കൂൾ മാനേജർമാരുടെയും പ്രധാനാധ്യാപകരുടെയും സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പെരുന്നയിൽ അബോർഷനെതിരെ നടന്ന പ്രതിഷേധസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം എസ്.ബി. ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന അധ്യാപകരുടെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

12–19 സി.ബി.സി.ഐ. ജനറൽബോഡി മീറ്റിംഗ് ബാംഗ്ലൂർ

20 ഉച്ചയ്ക്ക് എസ്.ബി. കോളേജ് വിൻസെന്റ് ഡി. പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഫുഡ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.

21 അതിരൂപതാകേന്ദ്രത്തിൽ നടന്ന സന്യാസിനി സഭകളുടെ സുപ്പീരിയേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ഐക്കരച്ചിറ സെന്റ് ജോർജ് ഇടവകാംഗമായ അഡ്വ. എ.വി. ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു.

22 രാവിലെ പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന ഇടവകാംഗമായ വാച്ചാപറമ്പിൽ മംഗലപ്പള്ളി റോസമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ ഫാമിലി അപ്പസ്തൊലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മക്കളില്ലാത്ത ദമ്പതികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. വൈകുന്നേരം ചങ്ങനാശേരി മെത്രാപ്പോലീത്തൻപള്ളിയിൽ മറിയം ത്രേസ്യായുടെ വിശുദ്ധപ്രഖ്യാപനത്തിന്റെ അതിരൂപതാതല നന്ദിപ്രകാശനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

## മാർ തോമസ് തറയിൽ

**ജനുവരി 2020**

25 രാവിലെ സെയിന്റ് അൽഫോൻസാ മിഷൻ സഫെയിലെ പുതുതായി പണിയുന്ന പള്ളിയും പാരീഷ്ഹാളും സന്ദർശിക്കുകയും ഇടവകാംഗങ്ങളുമായി സംവദിക്കുകയും ചെയ്തു. തുടർന്ന് റിപ്പബ്ളിക് ദിനത്തോടനുബന്ധിച്ച് സെയിന്റ് മേരീസ് ഇന്റർ കോളേജ് ഇറ്റാവയിൽ സന്ദേശം നൽകി. വൈകുന്നേരം ഇറ്റാവാ ക്രിസ്തുരാജ പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും തുടർന്ന് ഇടവകാംഗങ്ങളുമായി സംവദിക്കുകയും ചെയ്തു.

26 ജയ്പൂർ സീറോ മലബാർ ഹോളിഫാമിലി ദൈവാലയത്തിൽ ഇടവകത്തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് സൺഡേസ്കൂൾ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു സമ്മാനദാനം നടത്തി.

27 രാവിലെ ജോട്ടുവാര സെയിന്റ് തോമസ് പള്ളിയിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് പുതുതായി പണിയുന്ന പള്ളിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

28 ഉച്ചകഴിഞ്ഞ് സത്നാ രൂപതയിലെ വൈദികരുടെ തുടർപരിശീലന പരിപാടിയിൽ ക്ലാസ് നയിച്ചു. വൈകുന്നേരം സത്നാ മേജർ സെമിനാരിയിലെ വൈദികവിദ്യാർത്ഥികളുമായി സംവദിച്ചു.

29 സത്നാ സെയിന്റ് എഫ്രേം മേജർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് അതിരൂപതാംഗങ്ങളായ വൈദിക വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ടു.

30 കുന്നന്താനം ദൈവപരിപാലനാഭവൻ ദൈവാലയത്തിൽ ബഹു. സിസ്റ്റേഴ്സിന്റെ രജതജൂബിലി കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം തിരുവനന്തപുരം സി.എസ്.ഐ. കൺവൻഷനിൽ അനുഗ്രഹപ്രഭാഷണം നടത്തി.

31 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചങ്ങനാശേരി കുരിശിങ്കൽ കെ.കെ. ജോണിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**ഫെബ്രുവരി 2020**

01 അതിരമ്പുഴ സെയിന്റ് മേരീസ് ദൈവാലയത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. തുരുത്തി, പൊന്തിഫിക്കൽ ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ടിൽ 21-ാം ഇന്റർനാഷണൽ സിമ്പോസിയം ഉദ്ഘാടനം നിർവഹിച്ച് സന്ദേശം നൽകി. ചെത്തിപ്പുഴ കാർമ്മൽമൗണ്ടിൽ യുവജനങ്ങളുമായി സംവദിച്ചു.

02 കോവളം സിസിലിപുരം സെയിന്റ് സിസിലി ഇടവക സന്ദർശനം നടത്തി. തിരുവനന്തപുരം ലൂർദ്ദ് ഫൊറോനപള്ളിയിൽ കർഷകധർണ്ണയോടനുബന്ധിച്ചുള്ള ആലോചനായോഗത്തിൽ പങ്കെടുത്തു.

03 കാഞ്ഞിരപ്പള്ളി സെയിന്റ് ഡൊമിനിക് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനോരോഹണചടങ്ങിലും പരിശുദ്ധ കുർബാനയർപ്പണത്തിലും പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം വെട്ടിത്തുരുത്ത് സെയിന്റ് ആന്റണീസ് ഇടവകയിലെ പിതൃവേദി അംഗങ്ങളുമായി സംവദിച്ചു.

04 അതിരൂപതാകേന്ദ്രത്തിൽ അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ നവതിയാഘോഷങ്ങളോടനുബന്ധിച്ചുള്ള പ്രസ്സ് മീറ്റിൽ പങ്കെടുത്തു. വെളിയനാട് മൂഴൂർ ചെറുവേലിൽ ഏലിക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. മുഹമ്മ പാദുവാപുരം സെയിന്റ് ആന്റണീസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. നിരണം മാർതോമാശ്ലീഹാ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്കു ക്ലാസ് നയിച്ചു.

05 അതിരൂപതാകേന്ദ്രത്തിൽ സന്ദേശനിലയം ഭാരവാഹികളുടെ സമ്മേളനത്തിൽ പങ്കെടുത്തു. കുമരകം ചിറ്റൂക്കളത്തിൽ അപ്പച്ചന്റെ മൃതസംസ്കാര ശുശ്രൂഷകളുടെ ഭവനത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. ഇത്തിത്താനം കാച്ചാംകോട് സണ്ണിച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. ചുങ്കപ്പാറ ക്രിസ്തുരാജ പബ്ലിക് സ്കൂളിൽ എക്യുമെനിക്കൽ കൺവൻഷനിൽ സന്ദേശം നൽകി.

06 കോതമംഗലം രൂപതയുടെ മൂവാറ്റുപുഴ NESST പാസ്റ്ററൽ സെന്ററിൽ റീജിണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു.

07 ചങ്ങനാശേരി മെത്രാപ്പോലീത്തൻപള്ളിയിൽ അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ നവതിയാഘോഷത്തിൽ പങ്കെടുത്ത് സ്വാഗതപ്രസംഗം നടത്തി. വൈകുന്നേരം ചാരമംഗലം ലൂർദ്ദ്മാതാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ചുള്ള വി. കുർബാനയിൽ വചനസന്ദേശം നൽകി.

08 ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ പാസ്റ്ററൽ കൗൺസിൽ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. ചെമ്പുപുറം, ഷാനിവാസിൽ ഷായുടെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. വടക്കേക്കര സെയിന്റ് മേരീസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ വിശ്വാസപരിശീലനത്തിന് അതിരൂപതയിൽ സഹായിക്കുന്ന വടവാതൂർ സെമിനാരിയിലെ ബഹു. ബ്രദേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തു.

09 വിതുര ഓൾ സെയിന്റ്സ് ഇടവക സന്ദർശനം നടത്തി. തിരുവനന്തപുരം കേശവദാസപുരം പുള്ളോലിൽ പി.റ്റി. ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 ചങ്ങനാശേരി അതിരൂപതയിലെ കർഷകപ്രതിസന്ധികളെ സർക്കാരിനെ അറിയിക്കാൻ തിരുവനന്തപുരം രക്തസാക്ഷി മണ്ഡപത്തിൽനിന്നും നിയമസഭാമന്ദിരത്തിലേക്ക് നടത്തിയ റാലിയിൽ പങ്കെടുത്ത് സന്ദേശം

നൽകി. താഴത്തുവടകര ലൂർദ്ദ് മാതാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

11 കൂത്രപ്പള്ളി റീത്താഭവനിൽ ബഹു. സിസ്റ്റേഴ്സിന്റെ രജതജൂബിലി കുർബാനയർപ്പിച്ച് സന്ദേശം നൽകി. മാങ്ങാനം എം.ഒ.സി. യിൽ സുപ്പീരിയേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ സ്കൂൾ ഹെഡ്മാസ്റ്റേഴ്സിന്റെയും മാനേജേഴ്സിന്റെയും സമ്മേളനത്തിൽ സംബന്ധിച്ചു. അതിരൂപതാകേന്ദ്രത്തിൽ പ്രോ-ലൈഫ് നേതൃത്വത്തിൽ ഗർഭഛിദ്രത്തിനെതിരെ നടന്ന റാലി ഫ്ളാഗ്ഓഫ് ചെയ്തു ആമുഖസന്ദേശം നൽകി. ചങ്ങനാശേരി എസ്.ബി. സ്കൂളിന്റെ കുടുംബസംഗമത്തിൽ പങ്കെടുത്തു.

12 ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ വിവാഹഒരുക്കസെമിനാറിൽ ക്ലാസ് നയിച്ചു. തൃക്കൊടിത്താനം സെയിന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ചങ്ങനാശേരി ചാസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്യാൻസർ ബോധവത്കരണപരിപാടിയിൽ സന്ദേശം നൽകി. പാലാ ഭരണങ്ങാനം ദീപ്തി എം.എസ്.റ്റി. ജനറലേറ്റിൽ വൈദികരുടെ തുടർപരിശീലനപരിപാടിയിൽ ക്ലാസ് നയിച്ചു.

13–19 ബാംഗ്ലൂരിൽ നടന്ന സി.ബി.സി.ഐ. സമ്മേളനത്തിൽ പങ്കെടുത്തു.

20 കോട്ടാങ്ങൽ ജോൺ ദ ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ ബഹു. മണ്ണാർക്കുളം ആന്റണിയച്ചന്റെ ഓർമ്മകുർബാനയർപ്പിച്ച് സന്ദേശം നൽകി.

21 കരിമ്പനക്കുളം മുട്ടത്തുപാറ അന്നമ്മ ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചീപ്പുങ്കൽ, കുമരകം ബൈബിൾ കൺവൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പുളിങ്കുന്ന് വാച്ചാപറമ്പിൽ റോസമ്മ കുഞ്ചെറിയായുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 ശ്രീകാര്യം എമ്മാവൂസ് സെന്റ് ജോസഫ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. തിരുവനന്തപുരം ലൂർദ്ദ് പള്ളിയിൽ തെക്കൻമേഖല സ്കൂൾ മാനേജേഴ്സ്, ഹെഡ്മാസ്റ്റേഴ്സ് സംഗമത്തിൽ പങ്കെടുത്തു.

23 തിരുവല്ലം തിരുഹൃദയ ഇടവകസന്ദർശനം നടത്തി.

24 തിരുവനന്തപുരം, ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ വിഭൂതി തിരുനാളിന്റെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തിരുവനന്തപുരം, മണ്ണിക്കാരേട്ട് മാത്യുക്കുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മുടിയൂർക്കര, കുറിയന്നൂർപറമ്പിൽ ജോജോ തോമസിന്റെ മൃതസംസ്കാരശുശ്രൂഷകളുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു.

25 വെട്ടിമുകൾ സെയിന്റ് മേരീസ് ദൈവാലയത്തിൽ പാടിയത്ത് ബഹു. ഫെലിക്സ് അച്ചന്റെ ഓർമ്മകുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് പുന്നപ്രദനഹാലയായിൽ ക്ലാസ് നയിച്ചു.





# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2020 MARCH

| | | |
|---|---|---|
| 01 | **06:15 a.m.** | Pastoral Visit @ St. Jude's Church Yudapuram |
| | **01:45 p.m.** | Message @ KLM Convention, Parel |
| 02 | **06:45 p.m.** | Class @ Niranam Seminary |
| 03 | **09:00 a.m.** | Inter-Eparchial Meet @ Bishop's House, Pala |
| 04-05 | | Engaged |
| 06 | **11:00 a.m.** | Anniversary @ Ashabhavan,Ithithanam |
| | **03:00 p.m.** | **Visitors' Time** |
| | **06:45 a.m.** | Class @ Niranam Seminary |
| 07 | | Engaged |
| 08 | **08:00 a.m.** | Pastoral Visit @ Holy Family Church,Kariyil |
| | **04:00 p.m.** | AKCC Anniversary & Nazrani Sangamam @ St. Joseph's Church Veroor |
| 09 | **02:30 p.m.** | Individual Meeting with Brothers @ Niranam Seminary |
| 10 | **10:00 a.m.** | Forane Vicars Gathering @ Abp House |
| | **02:30 p.m.** | Gathering of Parish Priests Having Assistants @ Abp House |
| 11 | **02:30 p.m.** | Blessing of New School Building @ St. George LPS Aickarachira |
| 12-13 | | Engaged |
| 14 | **05:00 p.m.** | Ramsa & Pastoral Visit @ St. Thomas Church Pallikkunnu |
| 15 | **07:00 a.m.** | Pastoral Visit @ St. Thomas Church Pallikkunnu |
| | **10:00 a.m.** | Solemn Declaration of St. Mary's Forane Church Kudamaloor Major Archiepiscopal Church |
| 16 | | Engaged |

| | | |
|---|---|---|
| 17 | **09:00 a.m.** | Archeparchial Consultors Meet @ Abp House |
| 18 | **10:30 a.m.** | Requiem Holy *Qurbana* of Fr. Thomas Maliyil @ St. Thomas Church Punnathura |
| | **03:00 p.m.** | **Visitors' Time** |
| 19 | **09:00 a.m.** | **Visitors' Time** |
| | **05:00 p.m.** | Holy *Qurbana* @Pastoral Centre |
| 20 | **03:00 p.m.** | St. John the Baptist B.Ed College, Nedumkunnam Board Meeting @ Abp House |
| 21 | **10:00 a.m.** | Archeparchial Corporate Teachers' Send off @ SB HSS Changanacherry |
| | **03:00 p.m.** | Message to the Members of Legion of Mary @ St. Mary's Church Parel |
| | **05:00 p.m.** | Holy *Qurbana* & Blessing of the Houses Built by the Parish @ St. Mary's Church Manalady |
| 22 | **06:30 a.m.** | Pastoral Visit @ Marth Mariam Church, Cheppumpara |
| 23 | **07:00 p.m.** | Message @ Kurumpanadom Forane Bible Convention |
| 24 | **09:00 a.m.** | Inauguration of On-going Formation of Rev Fathers @ Zion, Kunnamthanam |
| 25 | **06:30 a.m.** | Diaconate @ St. Mary's Cathedral, Changanacherry |
| 26 | | Engaged |
| 27 | **03:00 p.m.** | **Visitors' Time** |
| 28 | **08:30 a.m.** | Message to the Participants of Vocation Seminar @ Sandesanilayam |
| | **05:00 p.m.** | Mondalam Blessing & Holy *Qurbana* @ St. Antony's Church Cheepunkal |
| 29 | **06:30 a.m.** | Pastoral Visit @ Our Lady of Dolours Church, Kainady |
| 30 | | Engaged |
| 31 | **03:00 p.m.** | **Visitors' Time** |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2020 MARCH

| | | |
|---|---|---|
| 01 | **07:00 a.m.** | Parish Visit @ Nirmala Bhavan |
| 02 | | Meeting @ LMCST, Kuttichal |
| 03 | **10:00 a.m.** | Inter Eparchial Meeting @ Bishops House, Pala |
| 04 | **06:30 a.m.** | *Qurbana* @ Priest Home |
| | **08:30 a.m.** | Curia |
| | **02:30 p.m.** | **Visitors Time** |
| | **05:00 p.m.** | Batch Gathering of Priests(2002-2003)@Abps House |
| 05 | **08:30 a.m.** | Class @ Denahalaya |
| | **07:00 p.m.** | Class @ Niranam Seminary |
| 06 | **08:30 a.m.** | Curia |
| | **05:00 p.m.** | *Qurbana* @ Kuttikonam |
| 07 | | Trivandrum |
| 08 | **09:30 a.m.** | *Madbhaha Qudasa* & Parish Visit @ Palode |
| 09 | **10:00 a.m.** | Public Affairs Committee @ Mount St. Thomas, Kakkanad |
| 10 | **10:00 a.m.** | Forane Vicars Gathering @ Abps House |
| | **02:30 p.m.** | Gathering of Parish Priests Having Assistants @ Abps House |
| | **05:00 p.m.** | *Qurbana* @ Pastoral Centre |
| | **06:30 p.m.** | Inter Departmental Meeting |
| 11 | **06:30 a.m.** | *Qurbana* @ Adoration Monastery, Nedumkunnam |
| | **08:30 a.m.** | Curia |
| | **11:30 a.m.** | Jubilee Inauguration @ St. Mary's UP School Koothrappally |
| | **02:00 p.m.** | Batch Gathering of Priests (2003-2004) @ Abps House |
| | **05:30 p.m.** | Batch Gathering of Priests (2001) |
| 12 | **09:00 a.m.** | Batch Gathering of Priests (2001-2002) @ Abps House |
| | **02:30 p.m.** | **Visitors Time** |

| | | |
|---|---|---|
| 13 | **08:30 a.m.** | Curia |
| | **11:30 a.m.** | Graduation Ceremony @ Media Village |
| | **03:00 p.m.** | Niranam Seminary |
| 14 | **10:00 a.m.** | Trivandrum Priest Conference @ Pongamoodu |
| | **02:30 p.m.** | Forane Council Inauguration @ Pongamoodu |
| 15 | **09:15 a.m.** | Parish Visit @ Karyavattom |
| 16 | **10:00 a.m.** | Priest Conference @ Amboori |
| 17 | **09:00 a.m.** | Archeparchial Consultors' Meet @ Abp House |
| 18 | **08:30 a.m.** | Curia |
| | **02:00 p.m.** | Annual Day @ Special School, Chunkappara |
| | **06:00 p.m.** | Major Seminary Professors Meet @ Chengalam, Adimaly |
| 19 | **06:00 a.m.** | *Qurbana* @ Chengalam, Adimaly |
| | **12:30 p.m.** | Cemetery Blessing @ Kavalam |
| | **03:00 p.m.** | Hospital Block Inauguration @ Chethipuzha |
| | **04:30 p.m.** | *Qurbana* @ Pulincunnu |
| 20 | **06:30 a.m.** | *Qurbana* @ SJSM Convent Puthussery |
| | **08:30 a.m.** | Curia |
| | **03:00 p.m.** | B.Ed College Board Meeting @ Abps House |
| | **07:00 p.m.** | Bible Convention Inauguration @ Kurumpanadom |
| 21 | **10:00 a.m.** | *Kudumbakoottaima Kerygma* @ Alappuzha |
| | **11:00 a.m.** | *Sahrudhaya* Hospital Board Meeting @ Thathampally |
| | **02:30 p.m.** | **Visitors Time** |
| | **05:00 p.m.** | Meeting @ Media Village |
| 22 | **07:00 a.m.** | Parish Visit @ Kazhakoottam |
| 23 | **10:00 a.m.** | Priest Conference @ Ayoor |
| | **07:00 p.m.** | Home Day @ Orphanage, Puthussery |
| 24 | **06:30 a.m.** | *Qurbana* & *Karunya Bhavan* Blessing @ Manalady |
| | **09:30 a.m.** | Ongoing Formation for Priests @ Kunnamthanam |
| | **07:00 p.m.** | Major Seminarians Gathering @ Abps House |
| 25-April 07 | | Retreat @ USA |

Fr Secretary to Auxiliary Bishop : 8078088468
Br Secretary : 8301803468